...RUL ISLAM HIGH SCH...
Date 2019
413
2015

മദ്ധ്യമ ഭൂമിശാസ്ത്രം.

ഒന്നാം ഭാഗം.

Form I A.
2019

മദ്ധ്യമ ഭൂമിശാസ്ത്രം

ഒന്നാം പുസ്തകം

(ഒന്നാം ഫാറത്തിലേക്ക്)

...NAVIRUL ISLAM HIGH SCHOOL
Date..........

APPROVED BY THE TEXT-BOOK COMMITTEE

ഗ്രന്ഥകർത്താ:

കെ. ഇ. ജോബ് എം. എ., എൽ. ററി.

Sold by

ASSISSI BOOK HOUSE,

CHANGANACHERRY

1955

വില അണ ഒൻപതു്

Printed at
THE BHAGYODAYAM PRESS
Pulikeezh

2019

മദ്ധ്യമ ഭൂമിശാസ്ത്രം

1

ഒന്നാം ഭാഗം

പ്രകൃതിഭൂമിശാസ്ത്രം

അദ്ധ്യായം 1

സൗരയൂഥം

MUNAVIRUL ISLAM HIGH SCHOOL ERNAKULAM Date........

നല്ല തെളിവുള്ള രാത്രികാലങ്ങളിൽ ആകാശത്തിൽ നോക്കിയാൽ അവിടെ അസംഖ്യം നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതു കാണാം. അവയെല്ലാം പകൽ നാം കാണുന്ന സൂര്യനെപ്പോലെയുള്ള ഗോളങ്ങളാണ്. അവ സൂര്യനിൽനിന്നും അനേകം അനേകം കോടി മൈൽ ദൂരത്തിൽ നില്ക്കുന്നു. അതുകൊണ്ടാണ് അവ അത്ര ചെറുതായി തോന്നുന്നത്. സൂര്യനാണ് നമുക്ക് ഏററവും അടുത്ത നക്ഷത്രം. അതുതന്നെ നമ്മുടെ ഭൂമിയിൽനിന്നും 93 മില്യൻ മൈൽ അകലെയാണു നിൽക്കുന്നത്.

സൂര്യഗോളം വളരെ വളരെ വലുതാണ്. അതിനു ഭൂമിയുടെ 13 ലക്ഷം മടങ്ങു വലിപ്പമാണുള്ളത്. അത് എപ്പോഴും അഗ്നിപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്നു. കടലിൽ തിരമാലകൾ എന്നതുപോലെ, സൂര്യഗോളത്തിന്റെ മേൽഭാഗത്ത് തീജ്വാലകൾ ഓളം തല്ലി മേല്പോട്ടുയർന്നുകൊണ്ടിരിക്കുന്നു.

ഈ സൂൎയ്യഗോളത്തിനു ചുററിനും ചില ചെറു ഗോളങ്ങൾ സദാ കറങ്ങിക്കൊണ്ടിരിക്കുന്നു. അവയ്ക്കു സൂൎയ്യനെപ്പോലെ സ്വയംപ്രകാശമില്ല. സൂൎയ്യന്റെ രശ്മികൾ അവയിൽ തട്ടുമ്പോഴുള്ള പ്രഭയേ അവയ്ക്കുള്ളു. ഇങ്ങനെ സ്വയം പ്രകാശമില്ലാതെ, സൂൎയ്യനെ ചുററുന്ന ഗോളങ്ങളെ ഗ്രഹങ്ങൾ എന്നു വിളിക്കുന്നു.

പത്തു ഗ്രഹങ്ങളെക്കുറിച്ച് ഇപ്പോൾ നമുക്ക് അറിവുണ്ട്. സൂൎയ്യനോട് ഏററവും അടുത്തു ചുററുന്ന ഗ്രഹം ബുധൻ (മെക്കുറി) ആണ്. ഈ ഗ്രഹം വൈകിട്ടും പുലർകാലേയും സൂൎയ്യനോടു വളരെ അടുത്തു തിളങ്ങുന്നതു നമുക്കു നിത്യവും കാണാം. ആ പ്രകാശം അതിനു ലഭിക്കുന്നതു സൂൎയ്യനിൽ നിന്നാണ്. ഈ ഗ്രഹം സൂൎയ്യഗോളത്തിൽനിന്നും ഏകദേശം മൂന്നരക്കോടി മൈൽ അകലെയാണു കറങ്ങിക്കൊണ്ടിരിക്കുന്നതു്. അത്യന്തം ചൂടുപിടിച്ചിരിക്കുന്ന ഈ ഗ്രഹത്തിൽ യാതൊന്നിനും ജീവിക്കുവാൻ പാടില്ല.

സൗരയൂഥത്തിൽ രണ്ടാമതായി നാം കാണുന്ന ഗ്രഹം ശുക്ര (വീനസ്)നാണ്. ഇതിനു ഭൂഗോളത്തോളംതന്നെ വലിപ്പമുണ്ട്. ഇതിനെ നാം സന്ധ്യാനക്ഷത്രമെന്നും ഉദയനക്ഷത്രമെന്നും വിളിക്കുന്നു. അതു സൂൎയ്യാസ്തമയം കഴിഞ്ഞാലുടൻ പടിഞ്ഞാറും, സൂൎയ്യോദയത്തിനു മുമ്പ് കിഴക്കും കാണപ്പെടുന്നതാണ് അതിനു കാരണം. ശുക്രനും സൂൎയ്യഗോളവും തമ്മിൽ 6¾ കോടി മൈൽ ദൂരമുണ്ട്.

മൂന്നാമതായി സൗരയൂഥത്തിൽ കാണുന്നതു്, നമ്മുടെ ഭൂഗോളത്തെയാണ് 93 മില്യൻ (9¼ കോടിയിലധികം) മൈൽ അകലെക്കൂടിയാണ്, ഭൂമി സൂൎയ്യനെ പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുന്നതു്. അതിന്റെ മദ്ധ്യരേഖയുടെ നീളം 25000 മൈലാണ്. ഭൂഗോള

2019

ത്തിനു ചുററും ചന്ദ്രഗോളം കറങ്ങിക്കൊണ്ടിരിക്കുന്നു. അതിനാൽ ചന്ദ്രൻ ഭൂമിയുടെ ഒരു ഉപഗ്രഹമാണെന്നു പറയാം.

നാലാമതായി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നതായി നാം കാണുന്ന ഗ്രഹം ചൊവ്വാ (മാഴ്സ്) ആകുന്നു. ഇതിനു ഭൂമിയുടെ ഏഴിൽ ഒരു ഭാഗം വലിപ്പമേയുള്ളു. സൂര്യനിൽനിന്നു വളരെ ദൂരത്തിലായതുകൊണ്ട്, ഇതു വളരെ തണുത്ത ഒരു ഗ്രഹമാണെന്നു കരുതപ്പെടുന്നു.

സൗരയൂഥത്തിൽ അഞ്ചാമതായി കാണപ്പെടുന്ന ഗ്രഹത്തിനു്, വ്യാഴം (ജൂപ്പിററർ) എന്നു് പേരാണു്. ഇതിൻെറ വലിപ്പം ഭൂഗോളത്തിൻെറ 1300 മടങ്ങാണു്. 70 കോടി മൈൽ അകലെക്കൂടെയാണത്രേ വ്യാഴഗോളം സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതു്.

ശനി (സാറേറൺ) എന്ന ഗ്രഹമാണു് വ്യാഴഗ്രഹത്തിനു പിന്നിലായി നാം സൗരയൂഥത്തിൽ കാണുന്നതു്. ഇതു സൂര്യനിൽനിന്നും നൂറുകോടിയിൽ പരം മൈൽ അകലെക്കൂടി പ്രദക്ഷിണം ചെയ്യുന്നു ഈ ഗ്രഹത്തിനു ഭൂമിയുടെ 760 ഇരട്ടി വലിപ്പമുണ്ടെന്നു കാണുന്നു. പല ഉപഗ്രഹങ്ങൾ ശനിഗോളത്തെ പ്രദക്ഷിണം വെച്ചുകൊണ്ടിരിക്കുന്നു.

മേല്പറഞ്ഞവയെക്കൂടാതെ, യുറാനസ്, നെപ്ററ്യൂൺ, പ്ലൂട്ടോ, പി എന്ന നാലു ഗ്രഹങ്ങൾക്കൂടി സൗരയൂഥത്തിൽ കാണുന്നു. ഇവ മേല്പറഞ്ഞവയെപ്പോലെ പ്രധാനങ്ങളല്ല.

ചോദ്യങ്ങൾ

1. സൗരയൂഥത്തിൽപ്പെട്ട ഗ്രഹങ്ങൾ ഏതെല്ലാം
2. നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ ഇവയുടെ ലക്ഷണങ്ങൾ പറയുക.


JUPITER
MARS
MERCURY
MOON
EARTH
SUN
NEPTUNE
VENUS
SATURN
URANUS

സൌരയൂഥം

MUNAVVIRUL ISLAM HIGH SCHOOL ERNAKULAM Date........

അദ്ധ്യായം 2

ഭൂമിയുടെ ചലനങ്ങൾ

ഭൂമിയും മററു ഗ്രഹങ്ങളും സൂര്യനെ പ്രദക്ഷിണം വച്ചുകൊണ്ടിരിക്കുന്നു എന്നു നാം മുൻപു പഠിച്ചു. അങ്ങനെ സൂര്യനെ ഭൂമി ഒരിക്കൽ പ്രദക്ഷിണം വയ്ക്കുന്നതിന് ഒരു സംവത്സരം അതായതു് (മുന്നൂററമ്പത്തഞ്ചേകാൽ ദിവസം) വേണം. ഭൂമിയുടെ ഈ ചലനത്തെ വാർഷികചലനമെന്നു പറയുന്നു.

എന്നാൽ ദിവസംതോറും ഭൂഗോളം ഒരു പമ്പരം തിരിയുന്ന രീതിയിൽ കറങ്ങിക്കൊണ്ടാണിരിക്കുന്നതു്. പമ്പരത്തിൻെറ നടുവിൽക്കൂടി ഒരച്ചുതണ്ടുണ്ട്. ആ അച്ചുതണ്ടിൻെറ സ്ഥാനം മാറാതെയാണ് പമ്പരം കറങ്ങുന്നതു്. അതുപോലെ ഭൂമി കറങ്ങുമ്പോഴും അതിൻെറ അച്ചുതണ്ടിൻെറ സ്ഥാനം തെററുകയില്ല. അഥവാ അച്ചുതണ്ടിന്മേലാണ് ഭൂമി ചുററിക്കൊണ്ടിരിക്കുന്നതു്. ഭൂഗോളമാതൃകയിൽ ഇതു ശരിയായി കാണിച്ചിരിക്കുന്നു. എന്നാൽ ഈ അച്ചുതണ്ടു് ഒരു സങ്കല്പരേഖ മാത്രമാണ്.

ഭൂഗോളം പടിഞ്ഞാറുനിന്നും കിഴക്കോട്ടാണ് ചുററുന്നതു്. അങ്ങനെ ചുററുമ്പോഴെല്ലാം ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നുണ്ട്. ആകയാൽ ആദ്യം സൂര്യൻെറ നേരെ തിരിയുന്നതു് ഭൂമിയിലെ കിഴക്കേദിക്കാണു്. ക്രമേണ ക്രമേണ 24മണിക്കൂറിനുള്ളിൽ ഓരോ ഭാഗവും സൂര്യന് അഭിമുഖമായി തിരിഞ്ഞു വരുന്നു. ഭൂമിയുടെ മദ്ധ്യരേഖയ്ക്കു് 25000 മൈൽ നീളമുണ്ടല്ലോ. ഈ 25000 മൈലും 24 മണിക്കൂറിനു





പകലും രാത്രിയും

ളളിൽ ഭൂമി അതിൻെറ അച്ചുതണ്ടിന്മേൽ ഒന്നു ചുററിക്കഴിയും.

ഭൂമി, ഒരു ഗോളത്തിൻെറ ആകൃതിയിലാണല്ലൊ. ആകയാൽ എല്ലാഭാഗത്തും സൂൎയ്യരശ്മി ഒരേ സമയത്തു കിട്ടുകയില്ല. സൂൎയ്യന് അഭിമുഖമായി വരുന്ന ഭൂഭാഗത്തിനു ചൂടും വെളിച്ചവും കിട്ടും. അപ്പോഠ ആ ഭാഗത്തു് പകലാണെന്നു് പറയും അതിനു എതിർഭാഗത്തു് ആ അവസരത്തിൽ ചൂടും വെളിച്ചവും ലഭിക്കുന്നില്ല. അതിനാൽ അപ്പോഠ അവിടെ രാത്രികാലമാണു്.

ഇങ്ങനെയാണു് രാത്രിയും പകലും ഉണ്ടാകുന്നതു്. സൂൎയ്യൻ കിഴക്കു് ഉദിക്കുന്നു എന്നും, പടിഞ്ഞാറു് അസ്തമിക്കുന്നു എന്നും, നമുക്കു തോന്നുന്നു. വാസ്തവത്തിൽ സൂൎയ്യൻ അതിൻെറ സ്ഥാനത്തു നിന്നു മാറുന്നതേയില്ല. ഭൂമിയാണു് അതിൻെറ അച്ചുതണ്ടിന്മേൽ പടിഞ്ഞാറുനിന്നും കിഴക്കോട്ടു അതിവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നതു്. ഭൂമിയുടെ ഈ ചലനത്തിനു ദിനചലനം എന്നു പേരു കൊടുക്കാം.

ചോദ്യങ്ങഠ

1. ഭൂമിയുടെ ദിനചലനത്തിനു് എത്ര മണിക്കൂർ വേണം? വാർഷികചലനത്തിനു് എത്ര ദിവസം വേണം?
2. രാത്രിയും പകലും ഉണ്ടാകുന്നതെങ്ങനെ?

WORLD MAP.

ആർട്ടിക്ക് മഹാസമുദ്രം
വടക്കെ അമേരിക്ക
യൂറോപ്പ്
ഏഷ്യാ
അറ്റ്ലാന്റിക്ക് മഹാസമുദ്രം
ആഫ്രിക്കാ
പസഫിക്ക് മഹാസമുദ്രം
തെക്കെ അമേരിക്ക
പസഫിക്ക് മഹാസമുദ്രം
ഇൻഡ്യൻ മഹാസമുദ്രം
ആസ്ട്രേലിയ
ഈസ്റ്റിൻഡീസ്
അന്റാർട്ടിക്കാ.

അദ്ധ്യായം 3

ഭൂമി

ഉത്തരാൎദ്ധഗോളവും ദക്ഷിണാർദ്ധഗോളവും

ഭൂമി, ഒരു പന്തുപോലെ ഉരുണ്ടതാണ്. ഭൂമദ്ധ്യത്തിൽക്കൂടി ഒരു രേഖ വരച്ചാൽ അതിന് 25000 മൈൽ നീളമുണ്ടാകുമെന്നു നാം വിവരിച്ചുകഴിഞ്ഞു. ഈ മദ്ധ്യരേഖയിൽക്കൂടി ഭൂഗോളത്തെ രണ്ടായി വിഭജിക്കാം. അതിൻെറ വടക്കെ പകുതിക്കു് ഉത്തരാൎദ്ധഗോളമെന്നും തെക്കേ പകുതിക്കു് ദക്ഷിണാർദ്ധഗോളമെന്നും പേരു പറയുന്നു.

ലോകത്തിലേക്കും കൂടുതൽ ജനങ്ങൾ വസിക്കുന്നതു് വടക്കേ അർദ്ധഗോളത്തിലാണ്. ഏഷ്യാ, യൂറോപ്പ്, ആഫ്രിക്കയുടെ ഉത്തരഭാഗം, വടക്കേ അമേരിക്കാ എന്നീ ഭൂഖണ്ഡങ്ങൾ വടക്കേ പകുതിയിലാണല്ലോ. ദക്ഷിണാർദ്ധഗോളത്തിൽ കിടക്കുന്നതു് ആസ്ത്രേലിയാ, തെക്കേ അമേരിക്കയുടെ ഭൂരിഭാഗം, ആഫ്രിക്കയുടെ ദക്ഷിണഭാഗം ഇവയാണ്. ആ ഭൂഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളിൽ അധികഭാഗവും വടക്കേ അൎദ്ധഗോളത്തിൽ നിന്നും കുടിയേറിപ്പാർത്തവരുമാണ്.

ജനസംഖ്യയിൽ മാത്രമല്ല വടക്കേ അർദ്ധഗോളത്തിനു പ്രാധാന്യം. കൂടുതൽ ധനശക്തിയും പരിഷ്കാരവും ഉള്ള ആളുകളും വടക്കേ അർദ്ധഗോളത്തിലാണ്.



ഈ പടത്തിൽ മേഖലാവിഭാഗങ്ങളം, പ്രധാനപ്പെട്ട അക്ഷാംശരേഖ(വൃത്തം)കളം ഇവയെ കാണിച്ചിരിക്കുന്നു. ഉത്തരദക്ഷിണധ്രുവരേഖകൾക്കു്, ആർട്ടിക്ക വൃത്തം എന്നും അൻറാർട്ടിക്കവൃത്തം എന്നും പേരുണ്ടു്.

ദക്ഷിണാർദ്ധഗോളത്തിൽ അധികഭാഗവും സമുദ്രമാണു്. അൻറാർട്ടിക്കാ എന്ന ഒരു ഭൂഖണ്ഡം തെക്കെ അർദ്ധഗോളത്തിലുണ്ടു്. ഇതു മഞ്ഞു മൂടിക്കിടക്കുന്നതും ജനവാസമില്ലാത്തതുമാണു്.

പൂർവ്വാർദ്ധഗോളവും പശ്ചിമാർദ്ധഗോളവും

ഭൂഗോളത്തെ കിഴക്കും പടിഞ്ഞാറുമായി വിഭജിച്ചാലും നമുക്കു് രണ്ടു് അർദ്ധഗോളങ്ങൾ കിട്ടും. അതിൽ കിഴക്കെ അർദ്ധഗോളത്തിനു പൂർവ്വാർദ്ധഗോളമെന്നും, പടിഞ്ഞാറെ അർദ്ധഗോളത്തിനു പശ്ചിമാർദ്ധഗോളമെന്നും പേരു പറയുന്നു.

പൂർവ്വാർദ്ധഗോളത്തിൽപെട്ട ഭൂഖണ്ഡങ്ങൾ, ഏഷ്യാ, യൂറോപ്പു്, ആഫ്രിക്കാ, ആസ്ട്രേലിയാ എന്നിവയാണു്. ഈ ഭാഗത്തിനു് "പഴയ ലോകം" (Old world) എന്നുംകൂടി പേരു പറയുന്നു. 15-ാംശതകത്തിലാണു് അമേരിക്കാഭൂഖണ്ഡം കണ്ടുപിടിച്ചതു്. അതിനു മുമ്പു് പൂർവ്വാർദ്ധഗോളത്തെപ്പററി മാത്രമേ നമുക്കറിവുണ്ടായിരുന്നുള്ളു. അതു കഴിഞ്ഞു കണ്ടുപിടിച്ച വടക്കേ അമേരിക്കായ്ക്കും തെക്കേ അമേരിക്കായ്ക്കും "പുതിയ ലോകം" (New world) എന്നുള്ള പേരും നടപ്പിലായി.

മദ്ധ്യരേഖയും ധ്രുവങ്ങളും

ഭൂമിയുടെ മദ്ധ്യത്തിൽ കൂടിയുള്ള വൃത്താകാരമായ രേഖയ്ക്കാണല്ലോ മദ്ധ്യരേഖ എന്നു പറയുന്നതു്. ആ വൃത്തത്തിനു സമാന്തരമായി തുല്യ അകലത്തിൽ തെക്കോട്ടും വടക്കോട്ടും ഓരോ വൃത്തങ്ങൾ ഭൂഗോളമാതൃകയിൽ വരച്ചിരിക്കുന്നു. അവയ്ക്കു് അക്ഷാംശവൃ

ത്തങ്ങൾ എന്നു പേരാണു്. എന്നാൽ ഈ വൃത്ത ങ്ങൾ ഭൂമിയുടെ അച്ചുതണ്ടിന്റെ വടക്കും തെക്കും അ ററങ്ങളിൽ ചെല്ലുമ്പോൾ അവിടെ വൃത്തങ്ങൾക്കു പ കരം ബിന്ദുക്കൾ മാത്രമാണു കാണുന്നതു്. അവയ്ക്കു ധ്രുവങ്ങൾ എന്നു പേരു പറയുന്നു.

ചോദ്യങ്ങൾ

1. ഉത്തരാർദ്ധഗോളത്തിൽ ഉൾപ്പെടുന്ന ഭൂഖണ്ഡങ്ങൾ എവ? ദക്ഷിണാർദ്ധഗോളത്തിൽ ഉൾപ്പെടുന്ന ഭൂ ഖണ്ഡം എവ?
2. പൂർവ്വാർദ്ധഗോളത്തിനു് "പഴയ ലോക"മെന്ന പേരു് എങ്ങനെ കിട്ടി? പശ്ചിമാർദ്ധഗോളത്തിനു് "പുതിയ ലോക"മെന്ന പേരു് എന്തുകൊണ്ടു യോജിക്കുന്നു?
3. ധ്രുവങ്ങളെ വിവരിക്കുക.

രണ്ടാം ഭാഗം

ഇൻഡ്യാ

അദ്ധ്യായം 1

പൊതുവിവരണം

നാം വസിക്കുന്ന രാജ്യത്തിന്റെ പേരു് ഇൻഡ്യ എന്നാണല്ലോ. ഈ രാജ്യത്തിൽ ഇപ്പോൾ രണ്ടു സ്വാതന്ത്ര്യഗവണ്മെൻറുകളുണ്ടു്. അവയിലൊന്നു ഭാര ത (ഇൻഡ്യ) റിപ്പബ്ലിക്കും, മറേറതു പാകിസ്ഥാനു മാണു്. നാം ഇൻഡ്യാ റിപ്പബ്ലിക്കിലെ പൗരന്മാ രാണു്. പാകിസ്ഥാനിൽ ഭരണം നടത്തുന്നതു്, ഒരു

മുസ്ലീം ഭരണക്രമമാണ്. ഇവിടെ ഇങ്ങനെ രണ്ടു ഗവമ്മെൻറുകളുണ്ടെങ്കിലും ഭൂമിശാസ്ത്രത്തിൽ ഈ രാജ്യത്തെ ഒന്നായിട്ടാണ് പരിഗണിച്ചുവരുന്നതു്.

ഇൻഡ്യയുടെ കിടപ്പു്

ഏഷ്യാഭൂഖണ്ഡത്തിൻെറ തെക്കുഭാഗത്തു് മൂന്നു ഉപദ്വീപുകരം ഇൻഡ്യൻ മഹാസമുദ്രത്തിലേക്കു് ഉന്തിനിൽക്കുന്നു. അവയിൽ മദ്ധ്യത്തിൽ കിടക്കുന്ന ഉപദ്വീപാണ് ഇൻഡ്യാ. പടിഞ്ഞാറു ഭാഗത്തു കിടക്കുന്നതു് അറേബ്യായും, കിഴക്കുഭാഗത്തു കിടക്കുന്നതു് മദ്ധ്യചൈനായും ആകുന്നു. ഇൻഡ്യാ കിടക്കുന്നതു് മദ്ധ്യരേഖയ്ക്കു വടക്കു്, എട്ടും മുപ്പത്തിഏഴും ഡിഗ്രി അക്ഷാംശങ്ങരംക്കുള്ളിലാകുന്നു.

ഇൻഡ്യാ രാജ്യത്തിൻെറ മൂന്നു ഭാഗങ്ങളിൽ ആഴമുള്ള കടലുകളും, വടക്കുഭാഗത്തു് ഉയരമേറിയ പവ്വതനിരകളും ആണ് കിടക്കുന്നതു്. ഈ പവ്വതനിരകരം വടക്കുനിന്നും സ്ഥിരമായി അടിച്ചുകൊണ്ടിരിക്കുന്ന തണുത്ത കാററിനെ തടഞ്ഞു നിറുത്തുന്നു. അല്ലാത്തപക്ഷം വടക്കേ ഇൻഡ്യയിൽ ജനങ്ങരംക്കു വസിക്കുവാൻ പാടില്ലാതെ വരുമായിരുന്നു. അതുകൂടാതെ വിദേശികരംക്കു് നമ്മുടെ രാജ്യത്തെ ആക്രമിക്കുവാൻ കുറെ പ്രയാസമുണ്ടാകുന്നുമുണ്ടു്. എന്നാൽ കടലുകളിൽക്കൂടി കപ്പലുകരംക്കു് സഞ്ചരിക്കാവുന്നതുകൊണ്ടു് ജലമാർഗ്ഗമായ സഞ്ചാരത്തിനു ഇപ്പോരം അസൗകയ്യമില്ല. അതുപോലെതന്നെ വടക്കുഭാഗത്തും, വടക്കുപടിഞ്ഞാറുഭാഗത്തും, ഏതാനും മലമ്പാതകളുള്ളതുകൊണ്ടു്, അവയിൽക്കൂടി വിദേശികരംക്കു് ഇൻഡ്യയിലേക്കു് കടക്കു

വാനും സാധിക്കും. അതിനാൽ നമ്മുടെ രാജ്യവും ഇതരരാജ്യങ്ങളും തമ്മിൽ പല ഇടപാടുകൾ നടത്തുന്നതിന് സൗകര്യമുണ്ട്.

അതിൻെറ വലിപ്പം

സാമാന്യത്തിലധികം വലിപ്പമുള്ള ഒരു രാജ്യമാണല്ലോ ഇൻഡ്യാ. ആകയാൽ അതിനെ ഒരു ഉപഭൂഖണ്ഡമെന്ന് വിളിക്കുന്നു. ഇതിനു കിഴക്കു പടിഞ്ഞാറ് 2000 മൈലും, തെക്കുവടക്ക് 2000 മൈലും നീളമുണ്ട്. മൊത്തം ഉള്ളളവ് 1,220,011 ചതുരശ്രമൈലാണ്. അതായത്, തിരുവിതാംകൂർകൊച്ചി സംസ്ഥാനത്തിൻെറ 133 ഇരട്ടി വലിപ്പമാണ്, ഇന്ത്യാ ഉപഭൂഖണ്ഡത്തിനുള്ളത്.

സമുദ്രതീരം

ഇന്ത്യയുടെ മൂന്നു ഭാഗത്തും കടലുകളുള്ളതുകൊണ്ടു കടൽത്തീരത്തിനു 2500 മൈൽ നീളമുണ്ട് സമുദ്രത്തിൽ അധികഭാഗവും പൊക്കംകുറഞ്ഞ മണൽപ്രദേശങ്ങളാണ്. ചില സ്ഥലങ്ങളിൽ പാറക്കെട്ടുകളുണ്ട്. കരയിലേക്കു കയറിക്കിടക്കുന്ന ആഴമുള്ള കടൽപ്പിളപ്പുകൾ ഇവിടെ ചുരുക്കമാണ്. ആകയാൽ കപ്പലുകൾക്ക് കരയിലടുത്തു സാമാനങ്ങൾ കയററുവാനും ഇറക്കുവാനും സൗകര്യം കുറവാണ് രാജ്യത്തിൻെറ വലിപ്പത്തിനു തക്ക തുറമുഖങ്ങൾ ഇല്ലെന്നു പറയാം. ബോംബെ, കറാച്ചി, കൊച്ചി, കൽക്കട്ടാ, വിശാഖപട്ടണം, മദ്രാസ് ഇവയാണ് മുഖ്യതുറമുഖങ്ങൾ. ഇന്ത്യയുടെ തീരത്ത്, ദ്വീപുകളും ചുരുക്കമാണ്. ആൻഡമാൻസ്, നിക്കോബാഴ്സ് എന്നിവ കിഴക്കേ തീരത്തും, ലക്ഷ

ദ്വീപുകൾ, മാലദ്വീപുകൾ, കച്ച് ഇവ പടിഞ്ഞാറെ തീരത്തും കിടക്കുന്നു. ആകയാൽ ഇൻഡ്യയിലെ ജനങ്ങൾ കപ്പലോട്ടത്തിലും മീൻപിടുത്തത്തിലും പിന്നോക്കമാണ്.

ചോദ്യങ്ങൾ.

1. ഇൻഡ്യാ ഏതു ഭൂഖണ്ഡത്തിൽ കിടക്കുന്നു?
2. കിഴക്കും പടിഞ്ഞാറും കിടക്കുന്ന രാജ്യങ്ങളേവ?
3. അതിരുകൾ പറയുക.
4. കപ്പലോട്ടത്തിലും മീൻപിടുത്തത്തിലും ഇൻഡ്യാക്കാർ പിന്നോക്കമായതു് എന്തുകൊണ്ടു്?

അദ്ധ്യായം 2

ഭൂപ്രകൃതി

ഭൂപ്രകൃതിവിഭാഗങ്ങൾ

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ കിഴക്കു സഹ്യാദ്രിയും, പടിഞ്ഞാറു സമതലങ്ങളും, അവയുടെ നടുവിൽ ചെറുകുന്നുകളും, താഴ്‌വരകളും ഉൾപ്പെട്ട ഇടനാടും നാം കാണുന്നുണ്ടല്ലോ. അതുപോലെയുള്ള ഭൂപ്രകൃതിവ്യത്യാസങ്ങൾ ഇന്ത്യാമഹാരാജ്യത്തിൽ പൊതുവെയും നാം കാണുന്നുണ്ട്. ഭൂപ്രകൃതിയനുസരിച്ച് ഇന്ത്യാമഹാരാജ്യത്തെ അഞ്ചായി വിഭജിച്ചിരിക്കുന്നു. അവ:—

1. വടക്കുഭാഗത്തെ പർവ്വതപ്രദേശങ്ങൾ.
2. സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ എന്നീ നദികളുടെ സമതലങ്ങൾ.

3. ഡക്കാണിലെയും മാറംവാറയിലെയും പീഠഭൂമികരം.
4. പശ്ചിമഘട്ടവും പൂർവ്വഘട്ടവും
5. പശ്ചിമപൂർവ്വതീരപ്രദേശങ്ങരം

1. പർവ്വതപ്രദേശങ്ങരം

ഇന്ത്യാമഹാരാജ്യത്തിൻെറ വടക്കഭാഗത്തു്, ഹിമാലയപർവതത്തിൻെറ ഉയരമേറിയ മൂന്നു നിരകരം, ഒരു വില്ലിൻെറ ആകൃതിയിൽ വളഞ്ഞു കിടക്കുന്നു. അതു ഈ മഹാരാജ്യത്തെ രക്ഷിക്കുന്നതിനു വേണ്ടി പ്രകൃതി കെട്ടിയിട്ടുള്ള ഒരു ബലമുള്ള വലിയ കോട്ടയാണെന്നു തോന്നും. ഈ പർവതനിരകളും, അവയുടെ ഉയരമേറിയ കൊടുമുടികളും, മിക്കവാറും മഞ്ഞു മൂടിക്കിടക്കുന്നു. അതുകൊണ്ടാണു് അവയെ ഹിമാലയം (മഞ്ഞിൻെറ വീടു്) എന്നു വിളിക്കുന്നതു്. ഹിമാലയപർവ്വതം ഇന്ത്യയുടെ വടക്കുകിഴക്കേ അററത്തു് ചെല്ലുമ്പോരം ഉയരം കുറഞ്ഞു് തെക്കോട്ടു വളഞ്ഞുകിടക്കുന്നു.

ഹിമാലയപ്രദേശത്തിലെ മഞ്ഞുമൂടിയ കൊടുമുടികളിൽ സൂര്യരശ്മി ഏററു വെട്ടിത്തിളങ്ങുന്നതു് മനോഹരമായ ഒരു കാഴ്ചയാണു്. ഏററവും ഉയരം കൂടിയ എവറസ്റ്റ്കൊടുമുടിക്കു സമുദ്രനിരപ്പിൽ നിന്നു അഞ്ചരമൈൽ പൊക്കമുണ്ടു്. കാഞ്ചനശൃംഗം എന്ന മറെറാരു കൊടുമുടിയിൽ സൂര്യരശ്മി പതിക്കുമ്പോരം, അതിനു നിറം കാച്ചിയ സ്വർണ്ണത്തിൻെറ ശോഭയുണ്ടാകുന്നു. അതുകൊണ്ടാണു് ഭാരതീയർ അതിനെ "സ്വർണ്ണക്കൊടുമുടി" എന്നർത്ഥമുള്ള കാഞ്ചനശൃംഗം എന്നു വിളിക്കുന്നതു്. നംഗപർവതം, നംഗ

ദേവി, ധവളഗിരി എന്നിവയും ഹിമാലയത്തി ലെ മററു കൊടുമുടികളാണ്.

ഹിമാലയപർവ്വതത്തിൻെറ തെക്കെ ചെരിവുക ളിൽ വൻമരങ്ങളും വള്ളിക്കെട്ടുകളും ഇടതിങ്ങി വള രുന്നു. ഈ വൻകാടുകളെ ചിലയിടത്തു വെട്ടിത്തെള ച്ചു ഇപ്പോൾ തേയിലത്തോട്ടങ്ങളാക്കിയിട്ടുണ്ട്. ആ പ്രദേശങ്ങളിലേക്ക് പോകുന്നതിന് ഇപ്പോൾ ഒരു തീവണ്ടിപ്പാതയുണ്ട്. ഡാർജിലിംഗ് എന്ന സുഖ വാസസ്ഥലം കടന്നാണു് ഈ തീവണ്ടിപ്പാത പോകു ന്നതു്. ഇൻഡ്യയുടെ വേനൽക്കാലതലസ്ഥാനമായിരു ന്ന സിംലാപട്ടണം, ഹിമാലയപർവ്വത പ്രദേശത്തുള്ള വേറൊരു സുഖവാസസ്ഥലമാകുന്നു.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറേ അതിർത്തിയിൽ ഹിൻഡുക്കുഷ്, സുലൈമാൻ, കർതാർ എന്നീ പർവ്വത ങ്ങൾ കിടക്കുന്നു. ഈ പർവ്വതപ്രദേശങ്ങൾ ഹിമാല യത്തോളം ഉയരം കൂടിയ കോട്ടകളല്ല. എന്നുതന്നെയു മല്ല ഈ പർവ്വതപ്രദേശങ്ങളിൽകൂടി മനുഷ്യർക്കു് നടന്നു പോകത്തക്ക മലമ്പാതകളും ഉണ്ടു്. അവയിൽ പ്രധാ നപ്പെട്ടവയെ കൈബർചുരം, ബോളൻചുരം എന്നി ങ്ങനെ വിളിക്കുന്നു. മുൻപ് ആര്യന്മാരും മററും ഇന്ത്യ യിൽ കുടിയേറിയതു് ഈ ചുരങ്ങൾ വഴിയായിരുന്നു.

2. വൻനദികളുടെ സമതലങ്ങൾ

വടക്കെ ഇൻഡ്യയിൽക്കൂടി മൂന്നു മഹാനദികൾ ഒഴുകുന്നുണ്ട്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നിവയാ ണ് ആ നദികൾ. അവയും അവയുടെ പോഷകന ദികളിൽ അധികവും ഉത്ഭവിക്കുന്നതു്, ഹിമാലയപ

ൃത്തിലെ ഒരിക്കലും തീരാത്ത മഞ്ഞുകട്ടകളിൽനി ന്നാണ്. അവ വർഷകാലത്തു് ഉരുകി താണ സ്ഥല ങ്ങളിൽക്കൂടി ശക്തിപൂർവ്വം ഇരച്ച് ഒഴുകിവരുമ്പോൾ, മലഞ്ചെരിവുകളിലെ എക്കലും മണ്ണും കല്ലും പാറയും എല്ലാം അടിച്ചുവാരിക്കൊണ്ടുവരുന്നു. ഈ വിധത്തി ലാണ് സിന്ധുവിന്റെയും ഗംഗയുടെയും ബ്രഹ്മപുത്ര യുടെയും കരകളിൽ നാം ഇപ്പോൾ കാണുന്ന സമതല ങ്ങൾ ഉണ്ടായിട്ടുള്ളതു്. ഈ എക്കലിന്റെയും മണ്ണി ന്റെയും വരവു ഇപ്പോഴും നിലച്ചിട്ടില്ല. സിന്ധുവി ന്റെയും ഗംഗയുടെയും ഡൽറ്റാകൾ ഇപ്പോഴും കട ലിലേക്കു നീണ്ടിക്കൊണ്ടിരിക്കുന്നതിൽനിന്നും നമുക്കി തു മനസ്സിലാക്കാം.

സിന്ധുനദിയുടെ സമതലം വടക്കുനിന്നു തെക്കുപ ടിഞ്ഞാറോട്ടു ചരിഞ്ഞുകിടക്കുന്നു എന്നു നദിയുടെ ഗ തിനോക്കിയാൽ നമുക്കു മനസ്സിലാകും. അതും അതി ന്റെ പോഷകനദികളായ ഝലം, ചിനാബ്, റാവി, ബിയാസ്, സററ്ലജ് എന്നിവയും ഒഴുകുന്ന സമതല ത്തെയാണ് പഞ്ചാബ് എന്നു വിളിക്കുന്നതു്. ഈ സമതലത്തിൽ വേണ്ടത്ര മഴ വീഴുന്നില്ലെങ്കിലും അവി ടെ നെല്ലും കരിമ്പും കൃഷിയിറക്കുന്നുണ്ട്. അതിനു വേണ്ട ജലം നദികളിൽനിന്നു തോടുകളും ചാലുകളും വെട്ടിയാണ് കൊണ്ടുപോകുന്നതു്.

ഗംഗാനദിയുടെ സമതലമാണ് സിന്ധുനദിയുടെ സമതലത്തെക്കാൾ ഫലപുഷ്ടിയും ധനപുഷ്ടിയും ജന വാസവും ഉള്ളതു്. അവിടെ നെല്ല്, ഗോതമ്പ്, ക രിമ്പ്, പുകയില, എണ്ണക്കുരുക്കൾ, തേയില, ചണം ഇവ സമൃദ്ധിയായി വിളയുന്നു. തീവണ്ടിപ്പാതകൾ,

ഇൻഡ്യയുടെ പ്രകൃതിവിഭാഗങ്ങൾ ഈ പടത്തിൽ കാണിച്ചിരിക്കുന്നു. അവ അഞ്ചാണു്.

1) വടക്കേഭാഗത്തെ പർവ്വതപ്രദേശങ്ങൾ.

2) സിന്ധുഗംഗാ-ബ്രഹ്മപുത്രാ സമതലങ്ങൾ

3) ഡക്കാൺ മാൾവാ പീഠഭൂമി

4) പശ്ചിമതീരം

5) പൂർവ്വതീരം.

പബ്ളിക്ക റോഡുകൾ ഇവ മൂലവും, ഗംഗാനദിയിൽ കൂടിയും, കച്ചവടവും ഗതാഗതവും ഇവിടെ ഭംഗിയായി നടക്കുന്നു. ഈ പ്രദേശത്തിനു "ഭാരതത്തിൻെറ ഹൃദയം" എന്നുകൂടി പേരുണ്ടു്.

3. പൂർവ്വപശ്ചിമഘട്ടങ്ങളും ഡക്കാണിലെയും മാൾവായിലെയും പീഠഭൂമികളും

സിന്ധു-ഗംഗാസമതലത്തിനു തെക്കായി വിന്ധ്യൻ എന്നും സാത്പുറാ എന്നും പേരുള്ള രണ്ടു പർവ്വതനിരകൾ ഇൻഡ്യയുടെ മദ്ധ്യഭാഗത്തുകൂടി കിഴക്കുപടിഞ്ഞാറായി കിടക്കുന്നു. വിന്ധ്യാപർവ്വതത്തിനു തെക്കായി താപ്തിനദി പടിഞ്ഞാറേയ്ക്കൊഴുകി അറബിക്കടലിലേക്ക് പതിക്കുന്നു.

വിന്ധ്യാപർവ്വതത്തിൻെറ വടക്കേ ചരിവിൽനിന്നും മാൾവാ ഉന്നതതടം വടക്കോട്ടും കിഴക്കോട്ടും വ്യാപിക്കുന്നു അ പ്രദേശത്തിനു മദ്ധ്യഭാരതം എന്നു കൂടി പേരുണ്ടു്.

വിന്ധ്യാ സാത്പുറാ പർവ്വതനിരകൾക്കു തെക്കായിട്ടാണു് ഡക്കാൺ ഉന്നതതടത്തിൻെറ കിടപ്പു്. അതിൻെറ പടിഞ്ഞാറുഭാഗത്തു് പശ്ചിമഘട്ടം എന്ന പർവ്വതനിരയും കിടക്കുന്നു. പശ്ചിമഘട്ടങ്ങൾ സമുദ്രതീരത്തോടു തൊട്ടു തുടർച്ചയായി കിടക്കുന്നു. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തോടടുത്തു വരുന്ന അവസരത്തിൽ മാത്രമെ അതു് കടലോരത്തിൽനിന്നും അല്പം കിഴക്കോട്ടു മാറുന്നുള്ളു. ഈ ഭാഗത്തിനു സഹ്യാദ്രി എന്നു പ്രത്യേകപേരുണ്ടു്. പൂർവ്വഘട്ടങ്ങൾ പശ്ചിമഘട്ടനിരയെക്കാൾ ഉയരം കുറഞ്ഞതും അനേക പിളർപ്പുകളോടുകൂടിയതുമാണു്.

ഇവയുടെ മദ്ധ്യത്തിൽ കിടക്കുന്ന പീഠഭൂമി പടിഞ്ഞാറുനിന്നും കിഴക്കോട്ടു ചരിഞ്ഞുകിടക്കുന്നു. ഈ പ്രദേശത്തുകൂടി മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികൾ ഒഴുകുന്നു. ആ നദികളുടെ തടങ്ങൾ അത്ര വിസ്താരമേറിയതല്ല; എങ്കിലും ഫലവത്താണു്. അവിടെ പരുത്തി, നെല്ല്, കാപ്പി, പുകയില, തേയില, തെങ്ങ്, സിങ്കോണാ ഇവ വിളയുന്നു. ഇരുമ്പ്, സ്വർണ്ണം, അഭ്രം മുതലായവ ഖനനം ചെയ്യപ്പെട്ടുന്നുമുണ്ടു്.

പശ്ചിമഘട്ടത്തിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന്റെ വടക്കായി ഉയരംകുറഞ്ഞ ഒരു മലമ്പാതയുണ്ടു്. 16 മൈൽ വീതിയുള്ള ഈ മലമ്പാതയിൽക്കൂടിയാണു് കിഴക്കേ തീരത്തുനിന്നും ദക്ഷിണതീവണ്ടിപ്പാത പടിഞ്ഞാറെ തീരത്തേക്കു പ്രവേശിക്കുന്നതു്. ബംഗാൾ ഉൾക്കടലിൽനിന്നും അടിക്കുന്ന തുലാവർഷക്കാററു് കേരളക്കരയിൽ വന്നുചേരുന്ന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടതു പാലക്കാട്ടു പാതയാണു്.

പാലക്കാട്ടു പാതയ്ക്കു് ഏതാനും മൈൽ വടക്കുമാറി, സമുദ്രനിരപ്പിൽനിന്നും 4000അടി ഉയരത്തിൽ മനോഹരമായ നീലഗിരി, കുന്നൂർ എന്നീ സുഖവാസസ്ഥലങ്ങൾ കാണുന്നു. അതിന്റെ തെക്കുഭാഗത്തായിട്ടാണു് ഊട്ടി അഥവാ ഉൗട്ടക്കമെണ്ഡ് (ഉദകമണ്ഡലം) എന്ന പ്രസിദ്ധമായ സുഖവാസസ്ഥലം സ്ഥിതിചെയ്യുന്നതു്.

കൊഡൈക്കനാൽ, മൂന്നാർ, പൊന്മുടി, മുത്തുക്കുഴിവയൽ ഇവയെല്ലാം പശ്ചിമഘട്ടങ്ങളുടെ തെക്കേ ശിഖരങ്ങളിൽ കിടക്കുന്ന മററു സുഖവാസസ്ഥലങ്ങ

ഗങ്ങളിൽ പശ്ചിമതീരത്തെപ്പോലെ വർഷപാതവും ജനവാസവും ഇല്ല. വടക്കഭാഗങ്ങളിൽ ജനവാസം കുറവും തെക്കോട്ടു വരുന്തോറും കൂടുതലുമാണ്. ഈ പ്രദേശത്തിൽ നെല്ല്, കരിമ്പ്, പരുത്തി മുതലായവ വിളയുന്നു. വിശാഖപട്ടണം, മദ്രാസ്, പോണ്ടിച്ചേരി, തൂത്തുക്കുടി മുതലായ തുറമുഖങ്ങൾ ഈ തീരത്താണ് കിടക്കുന്നത്.

ചോദ്യങ്ങൾ

1. ഇൻഡ്യയുടെ ഭൂപ്രകൃതിവിഭാഗങ്ങൾ ഏവ?
2. ഓരോന്നിനെയും പററി ചുരുക്കമായി ഉപന്യസിക്കുക.

അദ്ധ്യായം 3

നദികൾ

ഇന്ത്യയുടെ ഭൂപ്രകൃതിയെപ്പററിയുള്ള വിവരണത്തിൽ ഇന്ത്യയിലെ പ്രധാനനദികളെപ്പററി സൂചിപ്പിച്ചിട്ടുണ്ട്. ഉത്ഭവം, ഗതി, ഉപയോഗം ഇവയെ അടിസ്ഥാനമാക്കി നോക്കിയാൽ അവയെ രണ്ടായി വിഭജിക്കാവുന്നതാണ്. ഒരു വിഭാഗത്തിൽ വടക്കെ ഇന്ത്യയിലെ നദികളും, മറെറതിൽ തെക്കെ ഇൻഡ്യയിലെ നദികളും ഉൾപ്പെടുന്നു.

വടക്കെ ഇൻഡ്യയിലെ പ്രധാന നദികൾ

1. ഗംഗാനദി.

ഇതു് ഹിമാലയ പർവ്വതത്തിൻെറ തെക്കെ ചരിവിൽ നിന്നും ഉത്ഭവിച്ച് ആദ്യം തെക്കുകിഴക്കായും പിന്നീട് നേരെ കിഴക്കായും ഒഴുകുന്നു, അതിൻെറ

ളാണ്. മേല്പറഞ്ഞ സുഖവാസസ്ഥലങ്ങൾക്ക സമുദ്ര നിരപ്പിൽനിന്നും 7000 അടിയിൽ കുറയാതെ ഉയരമുണ്ട്. അവിടെയുള്ള കുന്നുകളും താഴ്വരകളും അരുവികളും അത്യന്തം മനോഹരങ്ങളാണ്. ആകയാൽ അനേകം ആളുകൾ വേനൽക്കാലങ്ങളിൽ ആ സുഖവാസസ്ഥലങ്ങളിൽ പോയി വിശ്രമിക്കുക പതിവാണ്.

4. പടിഞ്ഞാറെ തീരപ്രദേശങ്ങൾ

പടിഞ്ഞാറെ സമതലം, വടക്ക താപ്തി നദി മുതൽ തെക്ക കന്യാകുമാരി കോടി വരെ വ്യാപിക്കുന്നു. ഇതിന് 20 മൈൽ മുതൽ 100 മൈൽ വരെ മാത്രമേ വീതിയുള്ളു. വീതി അല്പം കൂടുന്നതു തിരുവിതാംകൂർ-കൊച്ചി ഭാഗത്തു വരുമ്പോഴാണ്. ഇവിടെ ഇതിനു മലനാട്, ഇടനാട്, തീരഭൂമി എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്. ഈ പ്രദേശങ്ങളിൽ ധാരാളം മഴയും ജനവാസവും ഉള്ളതുകൊണ്ട് തേയില, ഏലം, കാപ്പി, റബർ, കുരുമുളക്, ചുക്ക്, ഇഞ്ചി, നെല്ല്, കരിമ്പ് ഇവ വിളയുന്നു. ഈ തീരത്താണ് ബോംബെ, ഗോവ, കോഴിക്കോട്, കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ പട്ടണങ്ങൾ സ്ഥിതിചെയ്യുന്നതു്.

5. കിഴക്കെ തീരപ്രദേശങ്ങൾ

കിഴക്കെ തീരപ്രദേശം പശ്ചിമതീരത്തെക്കാൾ വീതി കൂടിയതാണ്. മുമ്പു നാം പ്രസ്താവിച്ച മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി എന്നീ നദികൾ പൂർവ്വഘട്ടനിരകളെ ഭേദിച്ചു പ്രവേശിക്കുന്ന ഭാഗങ്ങളിലാണ് കിഴക്കേ സമതലങ്ങൾ തുടങ്ങുന്നതു്. ഈ ഭാ

പ്രധാനപോഷകനദികൾ യമുനാ, ഗോമതി, ഗോഗ്രാ, ഗണ്ഡക്, ചാംബൽ, ശോണാ എന്നിവയാണ്. യമുനയും ഗംഗയും കൂടിച്ചേരുന്ന സ്ഥലം ഹിന്ദുക്കളും മുസ്ലീമിങ്ങളും പുണ്യസ്ഥലമായി കരുതിവരുന്നു. ഹിന്ദുക്കൾ ആ പ്രദേശത്തെ പ്രയാഗ് എന്നും മുസ്ലീമിങ്ങൾ അതിനെ അലഹബാദ് എന്നും വിളിച്ചുവരുന്നു. അലഹബാദിനു അല്പം കൂടി കിഴക്കായിട്ടാണ് കാശി എന്നു പ്രസിദ്ധമായ ഹൈന്ദവതീർത്ഥം സ്ഥിതിചെയ്യുന്നതു്. ഗംഗയും ഗണ്ഡകും കൂടി യോജിക്കുന്ന സ്ഥലത്തിനടുത്താണ് പാട്നാ അഥവാ പാടലീപുത്രം എന്ന പ്രസിദ്ധപട്ടണം. ഗംഗാനദി അതിൻെറ പതനസ്ഥലം സമീപിക്കുമ്പോൾ അതിൻെറ ഒഴുക്കു ശാന്തമാകുകയും പല കൈവഴികളായി പിരിഞ്ഞു് ബംഗാൾ ഉൾക്കടലിൽ വീഴുകയും ചെയ്യുന്നു. ഈ കൈവഴികളുടെ ഇടയ്ക്കു കിടക്കുന്ന ഡൽററാപ്രദേശങ്ങളിൽ നെല്ലും, ചണവും, പുകയിലയും കൃഷി നടത്തുന്നു. ഗംഗാനദിയുടെയും ബ്രഹ്മപുത്രാനദിയുടെയും കൈവഴികൾ ഒരുമിച്ചുചേർന്നു് ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന പ്രദേശങ്ങളിൽ ഇടതിങ്ങിയ വനങ്ങളുണ്ടു്. സുന്ദരവനമെന്ന പേരിൽ അവ അറിയപ്പെടുന്നു. ഗംഗാനദിയുടെ കൈവഴികളിലൊന്നായ ഹൂഗ്ലിയുടെ കരയിലാണ് പ്രസിദ്ധമായ കല്ക്കട്ടാനഗരത്തിൻെറ സ്ഥാനം. ഇതു് വലിയ ഒരു വ്യാപാരകേന്ദ്രവും ചണവ്യവസായകേന്ദ്രവുമാണ്. ഗംഗാനദി ഉത്തരപ്രദേശ്, ബംഗാൾ, ബീഹാർ എന്നീ പ്രദേശങ്ങളിൽ കൂടി 1500 മൈൽ നീളത്തിൽ ഒഴ

കിയ ശേഷമാണ് ബംഗാൾ ഉൾക്കടലിൽ പതിക്കു ന്നതു്. ഇതു ഹിന്ദുക്കളുടെ പ്രധാനപ്പെട്ട പുണ്യന ദിയും ഗതാഗതത്തിനും ജലസേചനത്തിനും വളരെ ഉപകരിക്കുന്നതുമാണ്.

2. ബ്രഹ്മപുത്രാനദി

ഈ നദി ഹിമാലയത്തിൻെറ വടക്കുഭാഗത്തുനി ന്നും ഉത്ഭവിച്ച് ടിബററ് എന്ന ഉന്നതതടത്തിൽക്കൂ ടി വളരെദൂരം കിഴക്കോട്ടൊഴുകിയശേഷം ആസ്സാം സംസ്ഥാനത്തിൽക്കൂടി ഇന്ത്യയിൽ പ്രവേശിക്കുന്നു. അ നന്തരം അതു് ആസ്സാമിൽക്കൂടി പടിഞ്ഞാറോട്ടൊഴു കി, ബംഗാൾ സംസ്ഥാനത്തിൽവച്ച് ഗംഗാനദിയുടെ കൈവഴികളുമായി യോജിച്ച് ബാംഗാൾഉൾക്കടലിൽ വീഴുന്നു. ഗംഗാനദിക്കുള്ളതുപോലെയുള്ള പോഷകന ദികളും വീതികൂടിയ സമതലങ്ങളും ബ്രഹ്മപുത്രയ്ക്കി ല്ല. ഇതിൻെറ നീളം ഏകദേശം 1800 മൈലോ ളമുണ്ട്.

3. സിന്ധുനദി

ഇതു ഹിമാലയപവ്വതത്തിലെ കൈലാസത്തിൽ നിന്നും ഉത്ഭവിച്ച്, വടക്കുപടിഞ്ഞാറായി ഒഴുകി, കാ ശ്മീർ, പഞ്ചാബ്, സിൻഡ് എന്നീ സംസ്ഥാനങ്ങൾ കടന്നു്, അറബിക്കടലിൽ പതിക്കുന്നു. പഞ്ചാബ് പ്രദേശത്തിൽവച്ചാണ് സിന്ധുവിൽ ത്ധലം, ചിനാ ബ്, റാവി, ബിയാസ്, സററ്ലജ് എന്നീ പോഷ കനദികൾ ചേരുന്നതു്. ഈ നദികളെ തമ്മിൽ യോ ജിപ്പിക്കുവാൻ തോടുകൾ വെട്ടിയിട്ടുണ്ട്. സിൻഡുപ്ര ദേശം മഴയില്ലാത്ത ഒരു മണൽപ്രദേശമാകയാൽ ആ

ഗോദാവരിനദിയെപ്പോലെ ഹൈദ്രബാദിൽ കൂടി ഒഴുകി പൂർവ്വപർവ്വതനിരയെ ഭേദിച്ച് കിഴക്കെ സമതലത്തിൽ പ്രവേശിക്കുന്നു. ഭീമാ എന്നും തുംഗഭദ്രാ എന്നും രണ്ടു പ്രധാന പോഷകനദികൾ കൃഷ്ണാനദിയിൽ ചേരുന്നു. വിജയവാദാ എന്ന സ്ഥലത്തു നദിയിൽ ഒരു അണ കെട്ടിയിട്ടുണ്ട്. ഇവിടെനിന്നും അനേകം തോട്ടുകൾ വെട്ടി കൃഷ്ണാ, ഗുണ്ടൂർ എന്നീ സ്ഥലങ്ങളിൽ ധാരാളം നെല്ലും, പുകയിലയും, കരിമ്പും കൃഷിചെയ്തുവരുന്നു. കൃഷ്ണായുടെയും ഗോദാവരിയുടെയും ഡൽററപ്രദേശങ്ങൾ ഒരു തോടു മൂലം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ ഡൽററാ പ്രദേശങ്ങളിലും നെല്ലും, പുകയിലയും കരിമ്പും ധാരാളം കൃഷി ചെയ്യുന്നുണ്ട്.

4. കാവേരിനദി

ഇതു് മൈസൂറിൻെറ തെക്കുപടിഞ്ഞാറുള്ള കൂർഗ്ഗ് പ്രദേശത്തു നിന്നും ഉത്ഭവിച്ച്, തെക്കൊട്ടൊഴുകി മൈസൂർരാജ്യത്തിൽ കൂടി സേലം ജില്ലയിൽ പ്രവേശിക്കുന്നു. മൈസൂർരാജ്യത്തിലുള്ള ശ്രീരംഗപട്ടണം കാവേരിനദിയുടെ രണ്ടു ശാഖകൾക്കു മദ്ധ്യേ മനോഹരമായി പണിചെയ്തിട്ടുള്ളതാണു്. ഈ ഘട്ടത്തിൽ ശിവസമുദ്രം എന്ന സ്ഥലത്തിനു സമീപം കാവേരിയിൽ 300 അടി ഉയരത്തിൽ നിന്നുള്ള ഒരു വെള്ളച്ചാട്ടമുണ്ട്. ഇതിൽനിന്നും വിദ്യുഛക്തിസംഭരിച്ച് മൈസൂരിൽ പല വ്യവസായങ്ങൾ നടത്തിവരുന്നു. കാവേരിനദി പിന്നീട് സേലം, കോയമ്പത്തൂർ, തിരുച്ചിറപ്പള്ളി, തഞ്ചാവൂർ എന്നീ മദ്രാസ് ജില്ലകളിൽ കൂടി ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. സേലം ജി

ല്ലയിൽ മേട്ടൂർ എന്ന സ്ഥലത്തുള്ള അണക്കെട്ട് ലോകത്തിലുള്ള വലിയ അണക്കെട്ടുകളിൽ ഒന്നാണ്. അതു് കർഷകക്കും വ്യവസായികൾക്കും വളരെ അനുഗ്രഹമായിത്തീന്നിട്ടുണ്ട്. തിരുച്ചിറാപ്പള്ളി, തഞ്ചാവൂർ എന്നീ ജില്ലകളിലെ അനേകായിരം ഏക്കർ സ്ഥലം കൃഷിക്കുപയുക്തമായിത്തീരുന്നതു കാവേരിയിലെ എക്കലും വെള്ളവും മൂലമാണ്. ആകയാൽ അവിടെ നെല്ല്, വാഴ, കരിമ്പ്, പച്ചക്കറിസാധനങ്ങൾ ഇവ ധാരാളം വിളയുന്നു. ഈ നദിയുടെ വക്കത്തുള്ള ശ്രീരംഗവും കുംഭകോണവും ഹൈന്ദവപുണ്യതീർത്ഥങ്ങളാണ് അതിനാൽ കാവേരിക്കു ദക്ഷിണഗംഗ എന്നുകൂടി പേരുണ്ട്. കാവേരിയുടെ നീളം 470 മൈലാണ്.

5. വൈഗായും പെരിയാറും

സഹ്യപവ്വതത്തിൻെറ പടിഞ്ഞാറെ ചരിവിൽ നിന്നും പെരിയാറുത്ഭവിക്കുന്നു. അതിൻെറ കിഴക്കെ ചരിവിൽനിന്നാണ് വൈഗാനദിയുടെ ഉല്പത്തി. സഹ്യപവ്വതത്തിൻെറ കിഴക്കെ ചരിവിൽ മഴ കുറവായതുകൊണ്ടു് വൈഗാനദിയിൽ ജലപ്പെരുപ്പമില്ല. അതിനാൽ മദ്രാസ് സംസ്ഥാനത്തുള്ള മധുര, രാമനാഥം എന്നീ ജില്ലകളിലെ സമൃദ്ധമായ കൃഷിക്കു വേണ്ടിടത്തോളം വെള്ളം ആ നദിയിൽനിന്നു കിട്ടുന്നില്ല. ഈ കുറവു പരിഹരിക്കാൻ വേണ്ടി മുല്ലപ്പെരിയാറിൽ ഒരണ കെട്ടി ഒരു കൃത്രിമ തടാകം ഉണ്ടാക്കി അവിടെനിന്നും ഒരു തുരങ്കംവഴി ഈ തടാകത്തിലെ വെള്ളത്തെ വൈഗയിലേക്കു കൊണ്ടുപോകുന്നു. അതുകൊണ്ടു് എല്ലാക്കാലത്തും മധുര, രാമനാഥം എന്നീ ജില്ലകളിൽ നന്നായി നെല്ല് കൃഷിചെയ്തുവരുന്നു. പെ

രിയാർ അറബിക്കടലിലും, വൈഗാ പാക് ജലസന്ധി യിലും വീഴുന്നു.

6. നർമ്മദാ, താപ്തി

ഇവ രണ്ടും മാത്രമാണു് ദക്ഷിണഇൻഡ്യയിൽ പടിഞ്ഞാറോട്ടൊഴുകുന്ന പ്രധാന നദികൾ. ഇവ മദ്ധ്യ പ്രദേശ സംസ്ഥാനത്തിലെ ഉന്നതതടങ്ങളിൽനിന്നും ഉത്ഭവിച്ചു്, ബോംബേ സംസ്ഥാനത്തിൽ കൂടി ഒഴുകി, കാംബേ ഉൾക്കടലിൽ വീഴുന്നു. പശ്ചിമ തീരത്തുള്ള മററു നദികൾ പ്രായേണ നീളം കുറഞ്ഞവയാണു്.

വടക്കേഇൻഡ്യയിലെയുംതെക്കേഇൻഡ്യയിലെയും നദികൾ തമ്മിലുള്ള വ്യത്യാസങ്ങൾ

1. വടക്കേ ഇന്ത്യയിലെ നദികൾ, സിന്ധു, ഗംഗാ, ബ്രഹ്മപുത്ര എന്നിവയും അവയിൽ ചേരുന്ന പോഷകനദികളുമാണു്. അവയിൽ അധികവും വടക്കുഭാഗത്തു മഞ്ഞുമൂടിയ പർവ്വതങ്ങളിൽനിന്നും ഉത്ഭവിച്ചു് തെക്കോട്ടൊഴുകുന്നു. അവയുടെ ഗതി വടക്കേ ഇന്ത്യയിലെ സമതലങ്ങളിൽക്കൂടിയാണു്. അവയ്ക്കു് വളരെ നീളവും വീതിയും ആഴവുമുണ്ടു്. അതിനാൽ കപ്പലുകൾക്കും ബോട്ടുകൾക്കും വള്ളങ്ങൾക്കും അവയിൽക്കൂടി സൈ്വരമായി സഞ്ചരിക്കാം. അവയിൽക്കൂടി വരുന്ന ധാരാളം എക്കൽ കരയ്ക്കടിഞ്ഞു് ഭൂമി ഫലപുഷ്ടിയുള്ളതായി തീരുന്നു. എന്നാൽ തെക്കെ ഇന്ത്യയിലെ നദികളിൽ അധികവും ഉത്ഭവിക്കുന്നതു് പശ്ചിമഘട്ടത്തിൽ നിന്നാകുന്നു. അവ അവിടെനിന്നു് ഡക്കാൺപീഠഭൂമിയിൽക്കൂടി തെക്കുകിഴക്കായി ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. അവയിൽ പ്ര

ധാനപ്പെട്ടവ മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി, വൈഗാ, നമ്മദ, താപ്തി ഇവയാണെന്നു° നാം മുൻപു കണ്ടുവല്ലോ. നീളം, വീതി, ആഴം എന്നീ കാര്യങ്ങളിൽ അവ വടക്കേ ഇൻഡ്യയിലെ നദികളെക്കാൾ മോശമായിരിക്കുന്നു. വടക്കേ ഇന്ത്യയിലെ നദികളിൽ മഴക്കാലത്തും ഉഷ്ണകാലത്തും വെള്ളപ്പൊക്കം ഉണ്ടാകുന്നു. എന്നാൽ തെക്കെ ഇൻഡ്യയിലെ നദികളിൽ മഴക്കാലത്തു മാത്രമേ വെള്ളപ്പൊക്കമുള്ളു. അല്ലാത്ത അവസരങ്ങളിൽ അവ മിക്കവാറും വററിപ്പോകുന്നു. അതുകൊണ്ടു മഴ ഇല്ലാത്ത കാലങ്ങളിൽ അവയിൽക്കൂടി സഞ്ചരിക്കുവാൻ പ്രയാസമാണു°. മഹാനദി ഒഴിച്ചു മറെറാന്നും വേനല്ക്കാലത്തു സഞ്ചാരയോഗ്യമല്ല. വാണിജ്യത്തിനും ഗതാഗതത്തിനും കൂടുതൽ പ്രയോജനപ്പെടുന്നതു°, വടക്കേഇന്ത്യയിലെ നദികളാണു°.

2. നദികളെക്കൊണ്ടു വേറൊരുപയോഗമുള്ളതു° അവയിലെ വെള്ളംകൊണ്ടു° വരവുകാലത്തു കൃഷിപ്പാടങ്ങൾ നനയ്ക്കുന്നു എന്നതാണു°. ഇൻഡ്യയുടെ എല്ലാഭാഗത്തും ആണ്ടുവട്ടത്തിൽ മഴ ലഭിക്കാറില്ല. മഴ ലഭിക്കാത്തപ്പോഴും കൃഷി ചെയ്തില്ലെങ്കിൽ നാട്ടിൽ ദാരിദ്ര്യം ഉണ്ടാകും. അതിനാൽ ആറുകളിൽ വലിയ അണകൾ കെട്ടി വെള്ളം തടഞ്ഞു നിറുത്തിയ ശേഷം തോടുകൾ വഴി കൃഷിസ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നു. അതിൽ നിന്നും പല ചാലുകൾ കീറിയാൽ ഓരോ പാടത്തിലും നെല്ലോ, കരിമ്പോ, വാഴയോ, കമുകോ, തെങ്ങോ കൃഷിചെയ്യാം. ഇതിനെ ജലസേചനമെന്നു പറയുന്നു. സിന്ധുനദി ഒഴുകുന്ന പ

ഞ്ചാബ്, സിൻഡ്, എന്നീ ദേശങ്ങളിൽ മഴ കുറവാണു്. എങ്കിലും ആ ദേശങ്ങളിലെ മണ്ണു്, കാലാവസ്ഥ ഇവ നെല്ലു്, ഗോതമ്പു്, കരിമ്പു് മുതലായവയുടെ വളർച്ചക്കു് പററിയതാണു്. ആകയാൽ ആ നദിയിൽ സക്കൂർ എന്ന സ്ഥലത്തു് ഒരണ കെട്ടി സമീപപ്രദേശങ്ങളിൽ ജലസേചനം നടത്തിവരുന്നതായി നാം പഠിച്ചുകഴിഞ്ഞു. അതുപോലെ തന്നെ ഗംഗാനദിയിൽ നിന്നും തോടുകൾ വെട്ടി ബീഹാർ, ഉത്തരപ്രദേശം എന്നീ സംസ്ഥാനങ്ങളിൽ ജലസേചനം ചെയ്തുവരുന്നു. ഗംഗയുടെ പോഷകനദിയായ ദാമോദർ നദിയിൽ ഒരു വമ്പിച്ച അണക്കെട്ടു നിർമ്മിച്ചുവരുന്നു. തെക്കെ ഇൻഡ്യയിലെ നദികളിൽ, കാവേരി, പെരിയാറു് ഇവയിൽ വമ്പിച്ച ജലസേചനപദ്ധതികളുണ്ടു്. കാവേരിനദിയിൽ ഉള്ള മേട്ടൂർ അണക്കെട്ടു്, ഇൻഡ്യയിലുള്ളതിലേക്കും ഏററവും വിസ്താരമേറിയതാണു്. ഈ അണക്കെട്ടിൽ നിന്നും അനേകം തോടുകളും ചാലുകളും വെട്ടി, മദ്രാസ് പ്രവിശ്യയിൽ ജലദൗർല്ലഭ്യമുള്ള രണ്ടുലക്ഷത്തിൽപരം ഏക്കർ സ്ഥലത്തു കൃഷി ഇറക്കിവരുന്നു. ഇതുപോലെ തന്നെ തിരുവിതാംകൂർ വിഭാഗത്തിലുള്ള മുല്ലപ്പെരിയാർ അണയിൽനിന്നും ഒരു തുരങ്കംവഴി മധുരജില്ലയിലേക്കു വെള്ളം കടത്തിക്കൊണ്ടുപോയി, 13000 ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാക്കിത്തീർക്കുന്നുണ്ടു്. കൂടാതെ കാവേരിയുടെ പോഷകനദിയായ ഭവാനിയിലും, കൃഷ്ണാനദിയുടെ പോഷകനദിയായ തുംഗഭദ്രായിലും ഓരോ വലിയ ജലസേചനപദ്ധതികൾ ആരംഭിച്ചിട്ടുണ്ടു്.

3. നദികൾകൊണ്ടു മനുഷ്യൎക്കു ലഭിക്കുന്ന മറെറാ രുപകാരം വെള്ളച്ചാട്ടങ്ങളിൽ നിന്നു് വൈദ്യുതശക്തി എടുത്തു് വ്യവസായങ്ങൾ നടത്തുന്നതാണു്. വടക്കെ ഇൻഡ്യയിലെ നദികൾ ഒഴുകുന്നതു സമതലങ്ങളിൽ കൂടിയാകയാൽ അവയിൽ ശക്തിയേറിയ വെള്ളച്ചാട്ടങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ തെക്കെ ഇൻഡ്യയിലെനദികളിൽ പലതുംഒഴുകുന്നതുഡക്കാൺ ഉന്നതതടങ്ങളിൽ കൂടിയാണു്. ആകയാൽ അവിടെ പല വെള്ളച്ചാട്ടങ്ങളുണ്ടു്. അവയിൽ പ്രധാനപ്പെട്ടവ നീലഗിരിയിലുള്ള പൈക്കാറ, സേലത്തുള്ള മേട്ടൂർ, തിരുനൽവേലിയിലുള്ള പാപനാശം എന്നിവയാണു്. അവ, യഥാക്രമം പൈക്കാറ, കാവേരി, താമ്രവൎണ്ണി എന്നീ നദികളിൽ സ്ഥിതിചെയ്യുന്നു. ഈ വെള്ളച്ചാട്ടങ്ങളിൽനിന്നും ജലവൈദ്യുതശക്തി ഉല്പാദിപ്പിച്ചു വ്യവസായങ്ങൾ നടത്തിവരുന്നു. കാവേരിനദിയിൽ മൈസൂർ രാജ്യത്തിൻെറ അതിരിനടുത്തു്, ശിവസമുദ്രം എന്ന സ്ഥലത്തുള്ള ഒരു വെള്ളച്ചാട്ടത്തെപ്പററി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുപോലെതന്നെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള മുതിരപ്പുഴയാററിൽ പള്ളിവാസൽ എന്ന സ്ഥലത്തുള്ള വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതശക്തി ലഭിച്ചുവരുന്നു.

4. ഇന്ത്യയിലെ വൻനദികളുടെ മുഖങ്ങളിൽ ധാരാളം എക്കലും മണ്ണും വന്നടിയുന്നുണ്ടു്. അതുമൂലം അവിടെ ത്രികോണാകൃതിയിലുള്ള മൺതിട്ടകൾ ഉണ്ടാകുന്നു. അവയ്ക്കാണു് ഡൽററാ എന്നു പേരു പറയുന്നതു്. അങ്ങനെയുള്ള സ്ഥലങ്ങൾ ധാരാളം വിള

ക്കുറുള്ളതാണു്. ഗോദാവരി, കാവേരി ഇവയുടെ ഡൽററകളിൽ നെൽകൃഷിനടത്തിവരുന്നു. ഗംഗാനദിയുടെ ശാഖകളും ബ്രഹ്മപുത്രാനദിയുമായി ചേരുന്ന സ്ഥലത്തു് വിസ്തൃതമായ സുന്ദരവനം എന്ന ഡൽററ സ്ഥിതി ചെയ്യുന്നു. അവിടെ ധാരാളം ചണം കൃഷി ചെയ്തുവരുന്നുണ്ടു്.

ചോദ്യങ്ങൾ

1. നദികൾകൊണ്ടുള്ള ചില പ്രയോജനങ്ങൾ പറയുക?

2. വടക്കെ ഇൻഡ്യയിലെയും തെക്കെ ഇൻഡ്യയിലെയും പ്രധാനനദികൾ ഏവ? അവയുടെ ഉത്ഭവം, പ്രവാഹദേശം, വെള്ളച്ചാട്ടങ്ങൾ, പതനസ്ഥലം ഇവയെപ്പററി ചുരുക്കമായി ഉപന്യസിക്കുക.

3. തെക്കെ ഇൻഡ്യയിലെയും വടക്കെ ഇൻഡ്യയിലെയും നദികൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

അദ്ധ്യായം 4

കാലാവസ്ഥ.

ഇൻഡ്യ വളരെ വിസ്താരമേറിയ ഒരു ഉപഭൂഖണ്ഡമാണല്ലൊ അതു 8 ഡിഗ്രി ഉത്തരഅക്ഷാംശത്തിനും 38 ഡിഗ്രി ഉത്തരഅക്ഷാംശത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ഇൻഡ്യാ ഉപദ്വീപിൻെറ കിടപ്പു് ഉഷ്ണമേഖലയിലും, സിന്ധുഗംഗാസമതലത്തിൻെറ കിടപ്പ് ഉത്തരശാന്തമേഖലയിലും ആണു്. ആകയാൽ കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം ഇന്ത്യയെ രണ്ടായിവിഭജിക്കാം. ആണ്ടുവട്ടംമുഴുവൻതുക്കായി സൂര്യരശ്മി ലഭിക്കുന്നതു കൊണ്ടു് തെക്കെ ഇൻഡ്യയിൽ


മഴ
60″ന മേൽ
40″-60″
20″-40″
20″ന താഴെ

എപ്പോഴും നല്ല ഉഷ്ണമാണു്. ധാരാളം മഴയുള്ള നമ്മുടെ കേരളരാജ്യത്തുമാത്രം ഉഷ്ണം അല്പം കുറവുണ്ടു്. ഉത്തരശാന്തമേഖലയിൽ കിടക്കുന്ന സിന്ധുഗംഗാ സമതലത്തിലെ കാലാവസ്ഥ ഒരേ രീതിയിലല്ല. പടിഞ്ഞാറുഭാഗത്തുള്ള പഞ്ചാബിലും രാജപുട്ടാണായിലും മദ്ധ്യഭാരതത്തിലും വേനൽക്കാലത്തു് വളരെ ചൂടും ശീതകാലത്തു വളരെ തണുപ്പുമാണു് അനുഭവപ്പെടുന്നതു്. അതിനു കാരണം, അവിടെ മഴയില്ലാത്തതാകുന്നു. എന്നാൽ ഇതേ സ്ഥലങ്ങളുടെ കിഴക്കുഭാഗത്തുള്ള പശ്ചിമബംഗാൾ, ആസ്സാം, ബീഹാർ, ഉത്തരപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ മൺസൂൺ കാററടിച്ചു മഴ വീഴുന്നതുമൂലം മിതമായ കാലാവസ്ഥയാണു് അനുഭവപ്പെടുന്നതു്. രണ്ടു മൺസൂൺ കാററുകൾ ഈ വടക്കുകിഴക്കൻ രാജ്യത്തിൽക്കൂടി കാലാകാലങ്ങളിൽ അടിച്ചുവരുന്നു. അവ ഓരോ മലകളിൽ തട്ടുന്നതാൽ ഇവിടെ പല സ്ഥലങ്ങളിൽ മഴ വീഴുന്നതു്, പല അളവിലാണു്. ചില സ്ഥലങ്ങളിൽ നിശ്ചിതമാസങ്ങളിൽ മഴ കിട്ടുന്നു. വേറെ ചിലടത്തു മഴ കിട്ടിയെന്നും ഇല്ലെന്നും വരും. ചിലടത്തു മഴ അപൂർവ്വമായേ കിട്ടു. ആ പ്രദേശങ്ങൾ ഉണങ്ങി വരണ്ട മണൽക്കാടുകളായി കിടക്കുന്നു. ആകയാൽ ഈ രാജ്യത്തിലെ കാലാവസ്ഥ എല്ലാ ഭാഗങ്ങളിലും ഒരുപോലെയല്ല.

മൺസൂൺ കാററുകൾ

(എ) കേരളതീരത്തിൽ കാലവഷക്കാററടിക്കുന്നതു് ജൂൺമാസംതൊട്ടു സെപ്ററംബർമാസംവരെയാണല്ലോ. ആ കാലങ്ങളിൽ ഇന്ത്യൻ സമുദ്രത്തിൽക്കൂടി നീരാവി സമ്പൂർണ്ണമായ കാററുകൾ തെക്കുപടി

ഞ്ഞാറു നിന്നും ഇന്ത്യൻ കരകളിലേക്കു അടിക്കുന്നു. അവ പശ്ചിമഘട്ടങ്ങളുടെ നേരെ അടിക്കുമ്പോൾ ആ പർവതനിര കാർമേഘങ്ങളെ തടഞ്ഞുനിറുത്തുന്നു. അപ്പോൾ അവ ഘനീഭവിച്ച്, പടിഞ്ഞാറെ തീരത്ത് 100 ഇഞ്ചിൽ കുറയാതെ മഴ ലഭിക്കുന്നു. ഈ കാററു് ബംഗാൾഉൾക്കടലിൽക്കൂടി അടിക്കുമ്പോൾ ബർമ്മയിലും വടക്കുകിഴക്കെപ്രദേശങ്ങളിലും ഉള്ള പർവതനിരകൾ കാർമേഘങ്ങളെ തടഞ്ഞു നിർത്തി, ബംഗാളിലും ആസ്സാമിലും ബിഹാറിലും ഉത്തരപ്രദേശത്തും മഴ പെയ്യിക്കുന്നു.

(ബി) ഇതുകൂടാതെ വേറൊരു മൺസൂൺ കാററു് വടക്കുകിഴക്കു നിന്നും സെപ്റ്റംബർ മദ്ധ്യം മുതൽ മാർച്ചുമാസം വരെ അടിക്കുന്നുണ്ടു്. ഇതു പ്രധാനമായി ഒരു കരക്കാററാകയാൽ അതുമൂലം കിട്ടുന്ന മഴ ചുരുക്കമാണു്. എങ്കിലും അതു പെസഫിക്കു സമുദ്രവും ബങ്കാൾഉൾക്കടലും കടന്നു വരുന്നതുകൊണ്ടു് മദ്രാസ് തീരത്തും സിലോണിലും ആസ്സാമിലും പഞ്ചാബിലും കുറെ മഴ വീഴിക്കുന്നുണ്ടു്. ഈ മൺസൂൺകാററു് സഹ്യപർവതത്തെ കടന്നു് നമ്മുടെ നാട്ടിൽ മഴ പെയ്യിക്കുന്നതു തുലാമാസത്തിലാണു്. ആകയാൽ നാം ഇതിനെ തുലാവർഷക്കാററെന്നു വിളിക്കുന്നു.

വർഷപാതം

ഇൻഡ്യയിലെ ശരാശരി വർഷപാതം 42 ഇഞ്ചാണു്. എന്നാൽ ഇതു് ലഭിക്കുന്നതു് പലസ്ഥലങ്ങളിൽ പല അളവിലാണു്. അതു 460 ഇഞ്ചു മുതൽ 3 ഇഞ്ചു് വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ബം

ക്കാം. ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ വടക്കെ അൎദ്ധഗോളത്തിൽ കിടക്കുന്ന ഇന്ത്യയിൽ മഞ്ഞുകാലമാണു്. അക്കാലത്തു സൂൎയ്യരശ്മി തൂക്കായി പതിക്കുന്നതു് ദക്ഷിണ അൎദ്ധഗോളത്തിലാണു്. ആകയാൽ ഇന്ത്യയിൽ ചൂടു കുറയുന്നു. മഴയില്ലതാനും. അതുകൊണ്ടാണു്, അപ്പോഠം മഞ്ഞുകാലം ഉണ്ടാകുന്നതു്. ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ എന്നീ മാസങ്ങളിലാണു് കാലവൎഷവും തുലാവൎഷവും ഇന്ത്യയിൽ അധികഭാഗങ്ങളിലും അനുഭവപ്പെടുന്നതു്. അതിനാൽ ഈ മാസങ്ങളെ മഴക്കാലമെന്നു വിളിക്കാം. മററുള്ള മാസങ്ങളിൽ സൂൎയ്യരശ്മിയുടെ ഉഷ്ണത്തിനു് യാതൊരു ശാന്തതയുമില്ലാത്തതുകൊണ്ടു് ഈ മാസങ്ങളെ ഉഷ്ണകാലമെന്നും വിളിക്കാം.

ചോദ്യങ്ങഠം

1. മൺസൂൺ കാററുകഠം എത്രവിധം?
2. അവമൂലം ഏതെതു മാസങ്ങളിൽ ഇൻഡ്യയിൽ മഴ ലഭിക്കുന്നു?
3. ഇന്ത്യയുടെ പടം വരച്ചു് അതിൽ വൎഷപാതം അടയാളപ്പെടുത്തുക.
4. ഇന്ത്യയിലെ മൂന്നു ഋതുക്കഠം ഏവ?

അദ്ധ്യായം 5

പ്രകൃത്യാ വളരുന്ന വൃക്ഷസസ്യാദികഠം

മനുഷ്യൻ യാതൊരു ഭോഗദണ്ഡവും ചെയ്യാതിരുന്നാലും, ഓരോ സ്ഥലങ്ങളിൽ ഓരോതരം വൃക്ഷസസ്യാദികഠം പ്രകൃത്യാ തന്നെ വളൎന്നുകൊള്ളും.

ഗാറം, ആസാം, പശ്ചിമതീരം, എന്നീ പ്രദേശങ്ങളിൽ ധാരാളം (80 ഇഞ്ചിൽ കൂടുതൽ) മഴ കിട്ടുന്നു. ലോകത്തിലേക്കം കൂടുതൽ മഴ ലഭിക്കുന്നതു് (460 ഇഞ്ച്) ആസ്സാമിലുള്ള ചിറാപുഞ്ചി എന്ന സ്ഥലത്താണു്. ദക്ഷിണപഞ്ചാബിലെ സമതലങ്ങളിലും സിൻഡ് (സൈന്ധവ) ദേശത്തും താർ മരുഭൂമിയിലും, രാജസ്ഥാനിലും ബലൂചിസ്ഥാനിലും, വടക്കെ പടിഞ്ഞാറെ അതിർത്തിസംസ്ഥാനങ്ങളിലും 20 ഇഞ്ചിൽ കുറവു മാത്രമേ മഴ ലഭിക്കുന്നുള്ളു. അവ മിക്കവാറും ഉണങ്ങി വരണ്ടാണു കിടക്കുന്നതു്.

20 ഇഞ്ചിനും 40 ഇഞ്ചിനും ഇടയ്ക്കു മഴ ലഭിക്കുന്ന ദേശങ്ങൾ പൂർവ്വതീരം, ഡക്കാൺപീഠഭൂമിയുടെ തെക്കും പടിഞ്ഞാറും ഭാഗങ്ങൾ, ഗംഗാസമതലത്തിന്റെ പടിഞ്ഞാറുഭാഗം, ഉത്തരപഞ്ചാബ് ഇവയാകുന്നു.

40 ഇഞ്ചിനും 80 ഇഞ്ചിനും ഇടയ്ക്കു മഴ കിട്ടുന്ന പ്രദേശങ്ങൾ വടക്കുകിഴക്കേപീഠഭൂമിയും, ഗംഗാനദിയുടെ കിഴക്കേ തീരങ്ങളുമാണു്.

ഇന്ത്യയിൽ ഇങ്ങനെ വ്യത്യസ്തരീതിയിൽ മഴ പെയ്യുന്നതു്, മലകളുടെ കിടപ്പു്, മൺസൂൺ കാററുകളുടെ ഗതി ഇവ അനുസരിച്ചാണു്. "ഇന്ത്യയിലെ മലകളെല്ലാം മായിച്ചുകളയുന്നപക്ഷം ഇവിടെ ഒട്ടും മഴ കിട്ടുകയില്ലായിരുന്നു" എന്നു് ഒരു മഹാൻ പ്രസ്താവിച്ചിട്ടുള്ളതു് പരമാർത്ഥമാണു്.

ഇൻഡ്യയിലെ മൂന്നു ഋതുക്കൾ

ഇൻഡ്യാമഹാരാജ്യത്തിൽ ആണ്ടുവട്ടം മൂന്നുഋതുക്കൾ അനുഭവപ്പെടുന്നുണ്ടു്. അവയെ യഥാക്രമം മഞ്ഞുകാലം, മഴക്കാലം, വേനല്ക്കാലം എന്നു വിള

ഉദാഹരണമായി 80 ഇഞ്ചും അതിൽ കൂടുതലും മഴലഭിക്കുന്ന പശ്ചിമതീരത്തും വടക്കേ ഹിമാലയനിരകളിലും, തേക്ക്, ഈട്ടി, മുള, ചന്ദനം, ദേവതാരം മുതലായ വൃക്ഷങ്ങൾ സ്വതേ വളരുന്നു. അതേ ശീതോഷ്ണമുള്ള പ്രദേശങ്ങളെ മൺസൂൺ വനപ്രദേശങ്ങളെന്നാണു് വിളിക്കുന്നതു്. ഈ വനങ്ങളെ വെട്ടിത്തെളിച്ചാൽ, അതേ ശീതോഷ്ണവും മഴയും ആവശ്യമുള്ള റബറും, തേയിലയും, ഏലവും, കാപ്പിയും കൃഷിചെയ്യുകൂടാം. അങ്ങനെയുള്ള വലിയ തോട്ടങ്ങൾ ആസ്സാം മലകളിലും സഹ്യാദ്രിയിലും ധാരാളമായി കാണുന്നു.

എന്നാൽ 40 ഇഞ്ചിൽ താഴെ മഴ ലഭിക്കുന്ന സമശീതോഷ്ണപ്രദേശങ്ങളിൽ പ്രകൃത്യാവളരുന്നതു്, പുല്ലുവർഗ്ഗങ്ങളാണു്. വലിയ വൃക്ഷങ്ങളുടെ വളർച്ചയ്ക്കു മിക്ക മാസങ്ങളിലും നനവും ചൂടും വേണ്ടതാണു്. പുല്ലാകട്ടെ, മഴയുള്ളപ്പോൾ പൊട്ടിക്കിളിക്കുകയും, വേനൽ വരുമ്പോൾ ഉണങ്ങിപ്പോകുകയും ചെയ്തുകൊള്ളും. പുൽമേടുകൾ വെട്ടിത്തെളിച്ചു നിലമൊരുക്കിയാൽ അവിടെ ഗോതമ്പു്, തിന എന്നിവ നനവുള്ള മാസങ്ങളിൽ കൃഷിചെയ്യാം.

എന്നാൽ മഴ കുറവുള്ള സ്ഥലങ്ങളിൽ കുററിച്ചെടികളും മുൾച്ചെടികളും വളരുന്നു. ഒട്ടും നനവില്ലാത്ത ദേശങ്ങൾ കേവലം മണൽക്കാടുകളായി കിടക്കുകയും ചെയ്യുന്നു. എന്നാൽ ഇങ്ങനെയുള്ള പ്രദേശങ്ങളിൽ ആററുവെള്ളംമൂലം ജലസേചനം നടത്തിയാൽ നെല്ലു്, കരിമ്പു്, പുകയില, വാഴ മുതലായവ കൃഷിചെയ്യാം.

ഇന്ത്യയുടെ ആകെ വിസ്തീർണ്ണതയിൽ ആറിലൊരു ഭാഗം വനമായി തിരിച്ചിരിക്കുകയാണു്. വനങ്ങൾ ശീതോഷ്ണാവസ്ഥയെ നിയന്ത്രിക്കുകയും, മണ്ണൊലിപ്പിനെ തടയുകയും ചെയ്യുന്നു. അതുകൊണ്ടാണു് വനങ്ങളെ സർക്കാരിൽനിന്നും സംരക്ഷിച്ചു വരുന്നതു്. മഴ കൂടുതലുള്ള ഹിമാലയത്തിലും, പൂർവഗംഗാതീരത്തും മുള, പന, റബ്ബർ, ദേവതാരം, പൈൻ എന്നീ മരങ്ങൾ പ്രകൃത്യാ വളരുന്നു. ആസ്സാമിലും പശ്ചിമതീരത്തും തേക്കു്, ഈട്ടി, സാൽ എന്നിവയും കാണാം. കടൽതീരപ്രദേശങ്ങളിൽ മാൻഗ്രോവ് വനങ്ങളും ഉണ്ടു്. കട്ടപ്പമുള്ള തടികൾ ഉപയോഗിച്ചു് വീടുകളും വീട്ടുസാമാനങ്ങളും പണിയുന്നു. കട്ടപ്പംകുറവുള്ള തടികൾ തീപ്പെട്ടിനിർമ്മാണത്തിനും, പെൻസിൽ നിർമ്മാണത്തിനും പായ്ക്കിംഗ്പെട്ടികളുണ്ടാക്കുന്നതിനും മുളകൾ, കടലാസ്വ്യവസായത്തിനും, ഉപകരിക്കുന്നു. വനത്തിൽ നിന്നും ലഭിക്കുന്ന കോലരക്കു് ഔഷധങ്ങൾക്കും ഗ്രാമഫോൺ റിക്കാർഡു് തുടങ്ങിയ സാമഗ്രികൾ ഉണ്ടാക്കുവാനും, പററിയതാണു്. കുന്തിരിക്കം, ചന്ദനം, ചൂരൽ, ഇഞ്ച മുതലായ സാധനങ്ങളും, മനുഷ്യർക്കു ആവശ്യമുള്ള വനവിഭവങ്ങളാകുന്നു.

ചോദ്യങ്ങൾ

1. ഇന്ത്യയുടെ പ്രകൃതിവിഭാഗങ്ങൾ ഏവ.
2. അവയിൽ പ്രകൃത്യാ വളരുന്ന വൃക്ഷസസ്യാദികളേവ
3. അവയിൽ ഓരോന്നും മനുഷ്യനു് എങ്ങനെ ഉപകരിക്കുന്നു.

അദ്ധ്യായം 6

ഇൻഡ്യയിലെ കാർഷികവിളവുകൾ

ഇന്ത്യ ഒരു കർഷരാജ്യമാണ്. ഈ മഹാരാജ്യത്തിലെ ജനങ്ങളിൽ 70 ശതമാനവും കർഷകരാകുന്നു. ബാക്കിയുള്ളതിൽ അധികഭാഗവും കൃഷിത്തൊഴിലിനെ പരോക്ഷമായിട്ട് ആശ്രയിച്ചു ജീവിക്കുന്നവരുമാണ്. ഇന്ത്യൻറിപ്പബ്ലിക്കിൽ 358 മില്യൻ ഏക്കർ കൃഷിഭൂമിയാണുള്ളത്. ഭൂപ്രകൃതി, മണ്ണ്, ശീതോഷ്ണം, മഴ, ജലസേചനസൗകര്യം ഇവയെ അടിസ്ഥാനമാക്കി ഇന്ത്യയിലെ കൃഷിഭൂമികളെ താഴെക്കാണുന്ന എട്ടുകാർഷികവിഭാഗങ്ങളായി തിരിക്കാം.

1 പൂർവ്വഗംഗാസമതലം

ഗംഗാസമതലത്തിൻെറ പകുതിയോളം വരുന്ന ബങ്കാൾപ്രദേശം മുഴുവനും, ബീഹാറിൻെറ കിഴക്കേ പകുതിയും ഇതിൽ ഉൾപ്പെടുന്നു. ഗംഗാനദിയിൽനിന്നും ലഭിക്കുന്ന എക്കൽവളം ഈ പ്രദേശത്തെ അത്യന്തം ഫലപുഷ്ടിയുള്ളതാക്കുന്നു. നീരാവിസമ്പൂർണ്ണമായ മൺസൂൺകാററുകൾ ഹിമാലയത്തിൽ ചെന്നുതട്ടി ഇവിടെ ധാരാളം മഴ വർഷിക്കുന്നു. ആകയാൽ ഇവിടെ നെല്ല്, കരിമ്പ് ചണം, പുകയില, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ മുതലായവ സമൃദ്ധിയായി വിളയുന്നു.

2. പശ്ചിമഗംഗാസമതലം

ഗംഗാസമതലത്തിൻെറ പടിഞ്ഞാറെ പകുതിയിലുള്ള ഉത്തരപ്രദേശ്, ബീഹാറിൻെറ പശ്ചിമഭാ

ഗം ഇവ ഈ കാർഷികവിഭാഗത്തിൽപ്പെടുന്നു. ഇവിടെ പൂർവ്വബങ്കാളിലെ പോലെ സമൃദ്ധിയായി മഴ ലഭിക്കുന്നില്ല. എന്നാൽ ഗംഗയിൽനിന്നും അതിന്റെ പോഷകനദികളിൽ നിന്നും ധാരാളം തോടുകൾ വെട്ടി ഈ പ്രദേശങ്ങളിൽ ജലസേചനം നടത്തിവരുന്നു. അങ്ങനെ ആ പ്രദേശത്തു നെല്ല്, കരിമ്പ്, ഗോതമ്പ്, ചോളം, പയർവർഗ്ഗങ്ങൾ ഇവ കൃഷിയിറക്കിവരുന്നു.

3. ഉത്തരസിന്ധുസമതലം

ഇതിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ കാശ്മീരും പഞ്ചാബും ആണ്. പഞ്ചാബ് പ്രദേശം മഴ കുറവുള്ള ഒരു സമതലമാകയാൽ, അവിടെ സിന്ധുവിൽനിന്നും ജലസേചനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ശീതകാലത്തു തണുപ്പുകൂടുതലാകയാൽ ഗോതമ്പുകൃഷി ഇവിടെ പ്രധാനമാണ്. മഴ കുറവുള്ള പ്രദേശമാകയാൽ, പഞ്ഞികൃഷിക്കും പയർവർഗ്ഗങ്ങൾക്കും ഇവിടം പററിയതാണു്. പഞ്ചാബിന്റെ പടിഞ്ഞാറുഭാഗം പാക്കിസ്ഥാനിലും കിഴക്കേഭാഗം ഇന്ത്യൻറിപ്പബ്ളിക്കിലുംഉൾപ്പെടുന്നു. കാശ്മീരത്തുള്ള ഉയൎന്ന കുന്നുകളിലും താഴ്വരകളിലും ആപ്പിൾ, ഓറഞ്ച് മുതലായ പഴവൎഗ്ഗങ്ങൾ സമൃദ്ധിയായി വിളയുന്നു.

4. ദക്ഷിണസിന്ധുസമതലം

സിൻധുസംസ്ഥാനം ഇതിൽപെട്ടുകിടക്കുന്നു. ഇവിടെ മഴ ഒട്ടും വീഴുന്നില്ല. സുക്കൂർ അണയിൽനിന്നും തോടുകൾ വെട്ടിയാണു് ഈ പ്രദേശം കൃഷിചെയ്യുന്നതു്. ഇവിടെ ഗോതമ്പും നെല്ലും പരുത്തിയും കൃഷിചെയ്തുവരുന്നു.

5. മാൾവാഡക്കാൺ പീഠഭൂമി

ഗംഗാസമതലത്തിനും തെക്കായി പൂർവ്വപശ്ചിമ തീരങ്ങൾക്കു മദ്ധ്യേ കിടക്കുന്ന മദ്ധ്യഭാരതം, മദ്ധ്യപ്രദേശം, ഹൈദ്രബാദ്, മൈസൂർ, ഒറീസ്സാ, ആന്ധ്റാ, ബോംബെ എന്നീ സംസ്ഥാനങ്ങളുടെ ഗണ്യമായ ഭാഗങ്ങൾ ഇതിൽപെടും. ഇവിടെ മഴ കുറവാണു്. മണ്ണിനു വലിയ വളമില്ല. ഭൂപ്രകൃതി ജലസേചനത്തിനു പററിയതുമല്ല. മാൾവായിലും ഡക്കാണിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തും ഉള്ള കറുത്തമണ്ണു്, പരുത്തി കൃഷിക്കു പററിയതാണു്. നിലക്കടല, ആവണക്കു്, എള്ളു്, ചോളം, ബജറാ എന്നിവയ്ക്കും ഈ പ്രദേശം യോജിച്ചിരിക്കുന്നു.

6. പശ്ചിമതീരം

ഇൻഡ്യൻ ഉപദ്വീപിന്റെ പശ്ചിമതീരത്തിൽ ധാരാളം മഴയും നനവും ചൂടും ഉള്ളതുകൊണ്ടു് താഴ് നിലങ്ങളിൽ നെല്ലു്, കരിമ്പു്, വാഴ, തെങ്ങു്, കിഴങ്ങുവർഗ്ഗങ്ങൾ ഇവയും, ഇടനാട്ടിൽ ചുക്കു്, മുളകു്, കമുകു് ഇവയും മലയോരങ്ങളിൽ റബ്ബർ, കാപ്പി, തേയില, ഏലം ഫലവർഗ്ഗങ്ങൾ ഇവയും സമൃദ്ധിയായി വിളയുന്നു.

7. പൂർവ്വതീരം

പൂർവ്വതീരത്തു മഴ കുറവുള്ളതിനാൽ ജലസേചനം മൂലം ഇവിടെ നെല്ലും കരിമ്പും വാഴയും കൃഷിചെയ്തു വരുന്നു. കൂടാതെ ഇവിടെ ചിലയിടങ്ങളിൽ പയറുവർഗ്ഗങ്ങൾ, ചോളം, പുകയില, എള്ളു്, പരുത്തി, നിലക്കടല, ആവണക്കു് ഇവയും കൃഷിചെയ്യുന്നുണ്ടു്.

8. സിൻഡ്—താർമരുഭൂമി

ദക്ഷിണസിന്ധുസമതലത്തിൻെറ ഭാഗമായ ഈ പ്രദേശത്തിൽ മിക്കവാറും മഴ ലഭിക്കുന്നില്ല. ജലസേചനത്തിനും സൗകര്യം കുറവാണു്. ആകയാൽ മഴ അധികം ആവശ്യമില്ലാത്ത പരുത്തിയും തിനയും പയറും മാത്രം അല്പമായി കൃഷിചെയ്യുന്നു. പുല്ലും മുൾച്ചെടികളും ഉണ്ടാകുന്ന സ്ഥലങ്ങളും ഉണ്ടു്.

മേല്പറഞ്ഞ കാർഷികവിഭവങ്ങളിൽ പ്രധാനഭാഗം ഭക്ഷ്യവിളവുകളാണു്. വേറെ ചിലതു്, നാം വിററു പണം ഉണ്ടാക്കുന്നവയാണു്. ഇവയിൽ ഓരോന്നിനെപ്പററിയും നമുക്കു പ്രത്യേകം പഠിക്കാം.

1. ഭക്ഷ്യവിളവുകൾ

1) നെല്ലു്

മനുഷ്യൻ കൃഷിചെയ്തുണ്ടാക്കുന്ന പ്രധാന വിളവുകളിൽ ഒന്നാണു് നെല്ലു്. ഇന്ത്യയിലെ ജനങ്ങളിൽ മൂന്നിൽ ഒരുഭാഗം നെല്ലരി ഉപയോഗിക്കുന്നവരാണു്. അതിൻെറ വളർച്ചയ്ക്കു നല്ലചൂടും 40 ഇഞ്ചിൽ കുറയാതെ മഴയും വേണം. ബങ്കാൾ, ബീഹാർ, ഒറീസ്സാ, ആസ്സാം, ഉത്തരപ്രദേശം, തിരുവിതാംകൂർ-കൊച്ചി, മദ്രാസ്, ആന്ധ്റാ ഈ സംസ്ഥാനങ്ങളിലും, കിഴക്കെ പാക്കിസ്ഥാനിലും ഈ കാലാവസ്ഥ ഉള്ളതുകൊണ്ടു് അവിടെ ധാരാളം നെല്ലു് വിളയുന്നു.

2) ഗോതമ്പു്

വടക്കെ ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന ആഹാരസാധനം ഗോതമ്പാണു്. അതിൻെറ വളർച്ചയ്ക്കു ആദ്യഘട്ടത്തിൽ നനവും ശൈത്യവും, പിന്നീടു്

ചൂടും, മഴയും ആവശ്യമാണ്. അങ്ങനെയുള്ള കാലാവസ്ഥ, പഞ്ചാബ്, സിൻഡ് എന്നീ പാകിസ്ഥാൻ പ്രദേശങ്ങളിലും, ഉത്തരപ്രദേശ്, ബോംബെ, മദ്ധ്യഭാരതം, മദ്ധ്യപ്രദേശം എന്നീ ഇന്ത്യായൂണിയൻ പ്രദേശങ്ങളിലും കാണുന്നു.

3) മില്ലററ് (തിന)

ഈ വർഗ്ഗത്തിലുൾപ്പെടുന്നതാണ് ജൌവ്വർ, ബജറ എന്നീ ചെറുധാന്യങ്ങൾ. ഇതിനു വളക്കൂറുള്ള മണ്ണും, കൂടുതൽ വർഷപാതവും ആവശ്യമില്ല. അതു ഇന്ത്യായൂണിയനിലുള്ള ബോംബേ. മദ്രാസ്, ഹൈദ്രബാദ്, രാജപുട്ടാണാ എന്നീ പ്രദേശങ്ങളിലും പാകിസ്ഥാനിലുൾപ്പെട്ട പടിഞ്ഞാറെ പഞ്ചാബിലും വിളയുന്നു.

4) ബാർലിയും ചോളവും

ബാർലി ഗോതമ്പു പോലുള്ള ഒരു ശീതകാലവിളവാണ്. ഇതു് ഇന്ത്യായൂണിയനിലുള്ള ഉത്തരപ്രദേശത്തിലും ബീഹാറിലും പശ്ചിമപഞ്ചാബിലും വിളയുന്നു. ചോളം ഇന്ത്യയിൽ മിക്കസ്ഥലത്തും വിളയും. എങ്കിലും പ്രധാനമായി വിളയുന്നതു് വടക്കേ ഇന്ത്യയിലാണ്.

5) കരിമ്പ്

ധാരാളം ചൂടും നനവും ആവശ്യമുള്ള ഒരു വിളവാണ് കരിമ്പ്. ഈ കൃഷി സമൃദ്ധിയായി നടക്കുന്ന സ്ഥലങ്ങൾ, ഉത്തരപ്രദേശ്, ബീഹാർ, പശ്ചിമബങ്കാൾ എന്നീ ഇന്ത്യൻ യൂണിയൻ സംസ്ഥാനങ്ങളും പാക്കിസ്ഥാനിലുള്ള പശ്ചിമപഞ്ചാബും ആകുന്നു.

6) പയറുവർഗ്ഗങ്ങൾ

ചെറുപയറു്, വൻപയറു്, തുവര, മുതിര ഇവയെല്ലാം പയറുവർഗ്ഗത്തിൽ പെടുന്നു. ഇൻഡ്യാക്കാരുടെ ഭക്ഷണത്തിൽ ഒരു പ്രധാനഭാഗം പയറുവർഗങ്ങളാണു്. അവ കൃഷിചെയ്യുന്ന സ്ഥലങ്ങൾ, ഉത്തരപ്രദേശ്, പഞ്ചാബ്, ബോംബെ, മദ്ധ്യപ്രദേശ്, ബങ്കാൾ ഇവയാണു്.

7) ഇതു കൂടാതെ മാങ്ങാ, മധുരനാരങ്ങാ, ചെറു നാരങ്ങാ മുതലായ ഫലവർഗ്ഗങ്ങളും, ഉരുളൻകിഴങ്ങു്, ഉള്ളി, മത്തൻ, ചക്ക, വാഴയ്ക്കാ, വഴുതനങ്ങാ മുതലായ കറിസാമാനങ്ങളും ഇൻഡ്യയിൽ പല സ്ഥലങ്ങളിലും കൃഷിചെയ്യുന്നു.

8) തേയില

ഇതു് ലോകമാസകലമുള്ള ജനങ്ങൾക്കു രുചികരമായ ഒരു പാനീയപദാർത്ഥമാകുന്നു. ഇതിനു പററിയ കൃഷിസൗകര്യങ്ങൾ, ബംഗാൾ, ആസ്സാം, തിരുവിതാംകൂർ-കൊച്ചി ഇവിടെയുള്ള മലഞ്ചരിവുകളിൽ ആണു് കാണപ്പെടുന്നതു്. ഇവിടെ വിളയുന്ന തേയിലയിൽ 75 ശതമാനവും വിദേശങ്ങളിലേക്കു കയററി അയയ്ക്കുന്നു.

9) കാപ്പി

ഇതും ഭൂലോകത്തിലെ ജനങ്ങൾക്കെല്ലാം പഥ്യമായ ഒരു പാനീയപദാർത്ഥമാണു്. ഇതു കൃഷിചെയ്യുന്ന സ്ഥലങ്ങൾ മൈസൂറും, മദ്രാസും, കൂർഗ്ഗും, തിരുവിതാംകൂർ-കൊച്ചിയുമാണു്.

2. വിലവിളവുകൾ

ഇനിയും നമുക്ക പരിശോധിക്കവാനുള്ളത്, വിററാൽ പണം കിട്ടുന്ന കാർഷിക വിഭവങ്ങളെപ്പററിയാണ്. അവയിൽ പ്രധാനപ്പെട്ടവയെപ്പററിയുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1) പരുത്തിനൂൽ

പരുത്തിച്ചെടിയുടെ വളർച്ചയ്ക്കു വളരെ മഴ ആവശ്യമില്ല. പാറ പൊടിഞ്ഞുണ്ടാകുന്ന കറുത്ത മണ്ണാണ് ഇതിനു പററിയത്. അതിനു കറുത്ത പരുത്തിമണ്ണ് എന്നുകൂടി പേരുണ്ട്. ബോംബേ, മദ്രാസ്, ഹൈദ്രബാദ്, മദ്ധ്യപ്രദേശ്, ബീഹാർ എന്നീ ഇൻഡ്യൻ സംസ്ഥാനങ്ങളും, പാകിസ്ഥാനിലെ പഞ്ചാബും സിൻഡും, ഇതിനു യോജിച്ച പ്രദേശങ്ങളാണ്. ഇവിടെ വിളയുന്ന പരുത്തിയിൽ അധികഭാഗവും നീളം കുറഞ്ഞ നാരുള്ളതാണ്. നീളംകൂടിയ ഇനങ്ങൾ വിദേശങ്ങളിൽനിന്നും വാങ്ങിക്കുകയും, നീളംകുറഞ്ഞ ഇനം കയററി അയയ്ക്കുകയും ചെയ്യുന്നു

2. ചണം

ഇതിന് വളരെ വളക്കൂറുള്ള ആററുവയ്പുമണ്ണും ചൂടും ആവശ്യമുണ്ട്. പ്രധാന ചണംകൃഷി സ്ഥലങ്ങൾ ബീഹാർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളും ബംഗാളിൽ ഗംഗാനദിയുടെ ഡൽററാപ്രദേശങ്ങളും ആണ്.

3. എണ്ണക്കുരുക്കൾ

നിലക്കടല, ആവണക്ക്, എള്ള്, ചെറുപരുത്തി ഇവ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും വിളയു

ന്നു. നിലക്കടല പ്രധാനമായി മദ്രാസ്, ബോംബേ, ഹൈദ്രബാദ് ഇവിടങ്ങളിലും എള്ള് ബോംബെയിലും, മദ്ധ്യപ്രദേശത്തും മദ്രാസിലുമാണ് വിളയുന്നതു്. കേരളത്തിൽ വിളയുന്ന നാളികേരവും ഇന്ത്യയിലെ എണ്ണക്കുരുക്കളിൽ പ്രധാനപ്പെട്ട ഒന്നാണ്.

4. റബർ

റബർ വൃക്ഷത്തിൻെറ വളർച്ചക്ക് 80 ഇഞ്ചിൽ കൂടുതൽ മഴയും അത്യുഷ്ണവും ആവശ്യമാണ്. അതിനാൽ അതു് പ്രധാനമായി തെക്കെ ഇൻഡ്യയിലുള്ള മദ്രാസ്, തിരു-കൊച്ചി ഈ സംസ്ഥാനങ്ങളിലാണ് വിളയുന്നതു്. ഇതിൽ നിന്നും മോട്ടോർ ടയാർ മുതലായ പല സാധനസാമഗ്രികൾ വ്യവസായം ചെയ്തുവരുന്നു.

5. കുരുമുളക്, ചുക്ക്, ഏലം മുതലായ ഔഷധവ്യഞ്ജനങ്ങൾ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു വിളയുന്നവയും വിദേശവിപണികളിൽ നല്ല വില കിട്ടുന്നവയുമാണ്.

6. **പുകയില** ഇതിനു അനുയോജ്യമായ കാലാവസ്ഥ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും ഉണ്ട്. പശ്ചിമബംഗാൾ, ബീഹാർ, ഉത്തരപ്രദേശ്, മദ്രാസ് ആന്ധ്റ, ബോംബേ ഈ സംസ്ഥാനങ്ങളിൽ ധാരാളം പുകയില വളരുന്നു. ഈ കൃഷിയിൽ ലോകത്തിലെ രണ്ടാംസ്ഥാനം ഇന്ത്യക്കാണ് ഉള്ളതു്.

അഭ്യാസങ്ങൾ.

1. ഇൻഡ്യയിലെ കൃഷിഭൂമികൾ എവിടെയെല്ലാം കിടക്കുന്നു.

2. ഓരോ വിഭാഗത്തിലും വിളയുന്ന സസ്യോൽപ്പന്നങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

3. അവയെ ഇൻഡ്യയുടെ ഒരു വലിയ ഔട്ട്ലൈൻ പടത്തിൽ അടയാളപ്പെടുത്തുക.

അദ്ധ്യായം 7

ജീവജാലങ്ങൾ

ഇന്ത്യയിലെ വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾ ധാരാളമുണ്ട്. മൃഗരാജാവായ സിംഹവും, വലിപ്പമേറിയ ആനയും, കരടി, പുലി, കടമാൻ, കാട്ടുപോത്ത് മുതലായവയും ഇന്ത്യയിലെ മഹാവനങ്ങളിൽ ജീവിക്കുന്നു. കൂട്ടംകൂട്ടമായി വനങ്ങളിൽ കൂടി സഞ്ചരിക്കുന്ന ആനകളെ സർക്കാരിൽ നിന്നും പിടിച്ചു മരുക്കി വിൽക്കുക പതിവാണ്. സർപ്പങ്ങളെയും കുരങ്ങുകളെയും കാട്ടിലും നാട്ടിലും കാണാവുന്നതാണ്. വന്യമൃഗങ്ങളുടെ അസ്ഥികൾ, ദന്തം, തോൽ ഇവ ഈ നാട്ടിലെ വനവിഭവങ്ങളിൽ പെടുന്നു.

മനുഷ്യർ വളർത്തുന്ന മൃഗങ്ങളിൽ പ്രധാനപ്പെട്ടവ കന്നുകാലികളും, ആടുകളും, കുതിരകളും, കഴുതകളും, ഒട്ടകങ്ങളുമാണ്. ഒട്ടകങ്ങളെ ഉത്തരരാജപുട്ടാണായിലും പൂർവ്വപഞ്ചാബിലും കാണുന്നു. ലോകം ആസകലമുള്ള ഇതരരാജ്യക്കാരേക്കാൾ കൂടുതൽ കന്നുകാലികളെ വളർത്തുന്നത് ഇന്ത്യാക്കാരാണ്. അവ നമ്മുടെ വണ്ടികൾ വലിക്കുകയും ഭാരം ചുമക്കുകയും നമുക്ക് പാലും വെണ്ണയും തരികയും ചെയ്യുന്നു. ഗോമാംസം

ഭക്ഷിക്കുന്നവർ ഹിന്ദുക്കളിൽ ചുരുക്കമാണു്. നമ്മുടെ കന്നുകാലികൾക്കു വേണ്ടിടത്തോളം തീററി കൊടുക്കത്തക്ക മേച്ചിൽ സ്ഥലങ്ങൾ ഇവിടെ ഇല്ലായ്കയാൽ കന്നുകാലി വളർത്തൽ ആദായകരമല്ല. ഗുജറാത്തു്, മദ്ധ്യഭാരതം, ഉത്തരപ്രദേശം, മൈസൂർ, ബോംബേ ഈ പ്രദേശങ്ങളിൽ നല്ലയിനം കന്നുകാലികളുണ്ടു്. മദ്രാസ് സ്റ്റേറ്റിലുള്ള നെല്ലൂർ, നല്ലയിനം കന്നുകാലികൾക്കു പ്രസിദ്ധമാണു്. വെണ്ണയും നെയ്യും സസ്യഭക്ഷണം കഴിക്കുന്ന ഇന്ത്യാക്കാരുടെ ആരോഗ്യത്തിനു അത്യന്താപേക്ഷിതമാണു്.

ആടുവളർത്തലും ഇന്ത്യയിൽ അത്ര ആദായകരമല്ല. കമ്പിളികളുണ്ടാക്കുന്നതിനു പററിയ വൃത്തിയുള്ള രോമങ്ങളോ കൊഴുപ്പുള്ള മാംസമോ നമ്മുടെ നാട്ടിലെ ആടുകളിൽനിന്നും വേണ്ടത്ര കിട്ടുന്നില്ല. നല്ലയിനം ആടുകളെ പഞ്ചാബിലും, ഉത്തരപ്രദേശത്തും, ഗുജറാത്തിലും, മൈസൂരിലും, കോയമ്പത്തൂരും, ബല്ലാറി, കത്തിയവാർ ഇവിടങ്ങളിലും കണ്ടുവരുന്നു. കോലാടുകളെ വളർത്തി അവയുടെ പാൽ ഉപയോഗിക്കുന്നതു്, വളരെ ആരോഗ്യപ്രദമാണു്. പക്ഷേ അവയെ വേണ്ടവിധത്തിൽ വളർത്തുന്നവർ നമ്മുടെ രാജ്യത്തു ചുരുക്കമാണു്.

ഈ മൃഗങ്ങളുടെ തോൽ ഊറയ്ക്കിട്ടു പാകപ്പെടുത്തി തുകൽപ്പെട്ടികൾ, സഞ്ചികൾ, ബെൽററുകൾ, ചെരിപ്പുകൾ മുതലായവയുണ്ടാക്കുന്നു. തുകൽ വ്യവസായം പ്രധാനമായി നടക്കുന്നതു് കോൺപൂർ, മദ്രാസ്, ഡൽഹി, കൽക്കട്ടാ എന്നിവിടങ്ങളിലാണു്.

ഇന്ത്യയിൽ ധാരാളം കോഴികളെയും താറാവുകളെയും വളർത്തുകയും അവയുടെ മുട്ടവിററു കാശാക്കുക

യും ചെയ്യുന്നു. സസ്യഭക്ഷണംകൊണ്ടു ജീവിക്കുന്ന ഭാരതീയക്കു മുട്ട തുലോം നല്ല ആഹാരപദാൎത്ഥമാകുന്നു.

മേല്പറഞ്ഞ ജീവജാലങ്ങളെ കൂടാതെ ഇൻഡ്യയുടെ കടൽത്തീരങ്ങളിൽനിന്നും ആറുമുഖങ്ങളിൽ നിന്നും കായലുകളിൽനിന്നും ധാരാളം മത്സ്യങ്ങളെ പിടിച്ചുവരുന്നു. ഗുജറാത്തു്, കാനറാ, കേരളതീരം, ചോഴമണ്ഡലതീരം, ഒറീസ്സാ-ബങ്കാൾ തീരങ്ങൾ, മാനാർ ഉൾക്കടൽ ഇവിടങ്ങളിൽനിന്നാണു് പ്രധാനമായി മീൻ പിടിക്കുന്നതു്. ഇവിടെനിന്നും പിടിച്ചെടുക്കുന്ന മത്സ്യവൎഗ്ഗങ്ങൾ ആഹാരമായി ഉപയോഗിക്കാവുന്നതാണു്. ഇതു കൂടാതെ സിന്ധു, ഗംഗാ, മഹാനദി ഇവയുടെ മുഖത്തുനിന്നും ധാരാളം മത്സ്യങ്ങളെ പിടിച്ചുവരുന്നുണ്ടു്. പച്ചമത്സ്യത്തെ തീരപ്രദേശങ്ങളിൽ വച്ചുതന്നെ വിററഴിക്കുന്നു. ഉപ്പിട്ടുണങ്ങി അവയെ ദൂരദേശങ്ങളിലേക്കു് അയയ്ക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ മത്സ്യങ്ങളെ പിടിച്ചാലുടൻ അവിടെ മഞ്ഞിൽ പൊതിഞ്ഞു് ചീയാതെ സൂക്ഷിക്കുന്ന സമ്പ്രദായം (cold storage) ഇൻഡ്യയിൽ ഇനിയും വേണ്ടത്ര അഭിവൃദ്ധി പ്രാപിച്ചിട്ടില്ല. ഇവിടെനിന്നും കയററി അയക്കുന്ന മത്സ്യങ്ങളിൽ അധിക പങ്കും, സിലോൺ, ബൎമ്മാ എന്നീ രാജ്യങ്ങളിലേക്കാണു് പൊയ്ക്കൊണ്ടിരിക്കുന്നതു്.

ചോദ്യങ്ങൾ

1. ഇൻഡ്യയിലെ വനങ്ങളിൽ ജീവിക്കുന്ന മൃഗങ്ങളേതെല്ലാം?
2. അവമൂലം എന്തു ഗുണങ്ങൾ മനുഷ്യൎക്കു ലഭിക്കുന്നു?
3. കന്നുകാലിവളൎത്തൽ, ആടുവളൎത്തൽ, മത്സ്യവ്യവസായം ഇവയെ എങ്ങനെ അഭിവൃദ്ധിപ്പെടുത്താം?

അദ്ധ്യായം 8

ഇൻഡ്യയുടെ ധാതുദ്രവ്യസമ്പത്ത്

ഒരു രാജ്യത്തിലെ വ്യവസായങ്ങൾ പുഷ്ടിപ്പെടുത്തുന്നതിന്ന ധാതുദ്രവ്യങ്ങൾ അത്യാവശ്യമാകുന്നു. അവയെ ഭൂമിയിൽനിന്നും ഖനനം ചെയ്തെടുക്കുന്നു. അവയിൽ കല്ക്കരി, മണ്ണെണ്ണ, ഉപ്പ്, അഭ്രം, രത്നം മുതലായവയും, ഇരുമ്പ്, ഉരുക്ക്, ചെമ്പ്, സ്വർണ്ണം, വെള്ളി, ഈയം മുതലായവയും ഉൾപ്പെടുന്നു.

ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക്, അത്യാവശ്യമായ ഒരു ലോഹപദാർത്ഥമാണ് ഇരുമ്പ്. അതുകൊണ്ടാണല്ലൊ, യന്ത്രങ്ങളും കൃഷിയായുധങ്ങളും, തീവണ്ടിപ്പാളങ്ങളും മററും ഉണ്ടാക്കുന്നത്. ഇരുമ്പിന്റെ ഗുണം വർദ്ധിപ്പിച്ചാൽ ഉരുക്കുണ്ടാക്കാം. പക്ഷെ ഇരുമ്പു മണ്ണു ശുദ്ധിചെയ്തു് എടുക്കണമെങ്കിൽ കല്ക്കരികൊണ്ട് അതിനെ ചൂടു പിടിപ്പിച്ച് ദ്രവിപ്പിക്കണം. ആകയാൽ ഇരുമ്പുമണ്ണും കല്ക്കരിയും ഒരുമിച്ച് ലഭിച്ചെങ്കിലേ അതുകൊണ്ടു പ്രയോജനമുണ്ടാകൂ. ഇന്ത്യയ്ക്കു ഈ വിഷയത്തിൽ ഒരു മെച്ചം കിട്ടിയിട്ടുണ്ട്. ഇവിടെ നല്ലയിനം ഇരുമ്പുമണ്ണും കല്ക്കരിയും അടുത്തടുത്തു കിട്ടുന്നുണ്ട്. പ്രധാനമായ ഇരുമ്പുരുക്കഖനികൾ, ബംഗാൾ, ബിഹാർ, ഒറീസ്സാ, മദ്ധ്യപ്രദേശ്, മൈസൂർ എന്നിവടങ്ങളിലാണ്. കല്ക്കരിഖനികളും ഈ പ്രദേശങ്ങളിൽ കാണുന്നുണ്ട്. അതു്, ഏതുവിധയന്ത്രവ്യവസായങ്ങൾക്കും സഹായകവുമാണ്.

മണ്ണെണ്ണയും പെട്രോളും ഒരേ ഖനിയിൽതന്നെ എടുത്തു ശുദ്ധീകരിക്കുന്ന രണ്ടുപദാർത്ഥങ്ങളാണ്. അവ വിളക്കുകൾ കത്തിക്കുന്നതിനും, യന്ത്രങ്ങൾക്ക് ഇന്ധനം (Fuel) ആയിട്ടും ഉപയോഗിച്ചു വരുന്നു. ആസ്സാം, പഞ്ചാബ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനങ്ങൾ, സിൻഡ് ഈ പ്രദേശങ്ങളിലാണ് മണ്ണെണ്ണഖനികളുള്ളത്.

മാംഗനീസ് എന്ന ലോഹപദാർത്ഥം, ഇരുമ്പുരുക്കുസാമാനങ്ങൾക്കു കട്ടപ്പും കൂട്ടുന്നതിനും സ്ഫടികപാത്രങ്ങൾ വ്യവസായം ചെയ്യുന്നതിനും ഉപകരിക്കുന്നു. മദ്ധ്യപ്രദേശ്, മദ്രാസ്, ഒറീസ്സാ, ബോംബെ, മൈസൂർ ഈ പ്രദേശങ്ങളിൽ നിന്നും ആണ് മാംഗനീസ് ഖനനം ചെയ്യുന്നത്. ഈ പദാർത്ഥം ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്കൻ ഐക്യനാടുകൾ മുതലായ രാജ്യങ്ങളിലേക്കു കയററി അയക്കുന്നു.

സ്വർണ്ണം ആഭരണങ്ങൾ ഉണ്ടാക്കുന്നതിനുപയോഗിക്കുന്നു. മൈസൂർ, ഹൈദരബാദ്, മദ്രാസ്, പഞ്ചാബ്, ഉത്തരപ്രദേശ്, ബീഹാർ, ഒറീസ്സാ, എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് ഇൻഡ്യയിൽ സ്വർണ്ണം ഖനനം ചെയ്യുന്നത്. ഇതിൽ 99 ശതമാനവും ലഭിക്കുന്നത് മൈസൂറിലുള്ള കോളാർ ഖനികളിൽനിന്നുമാണ്.

ഇൻഡ്യയിൽ നിന്നു ധാരാളമായി ലഭിക്കുന്ന മറെറാരു ധാതുദ്രവ്യം അഭ്രമാണ്. ഇതു ഔഷധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും, മോട്ടോർകാർ, വിമാനം മുതലായവ ഉണ്ടാക്കുന്നതിനും, ആവശ്യമാണ്. ഭൂലോകത്തിൽ മറെറാരിടത്തും ഇത്ര അധികം അഭ്രം കിട്ടുന്നില്ല. അതു കിട്ടുന്ന സ്ഥലങ്ങൾ, ബീഹാർ, മദ്രാസ്, രാജപുട്ടാണാ ഇവയാണ്.

കറിയുപ്പ് വ്യവസായത്തിന്നു പററിയ പ്രദേശങ്ങൾ ബോംബേതീരം, മദ്രാസിന്റെ കിഴക്കേതീരം, രാജപുട്ടാണായിലെ തടാകങ്ങൾ, പൂർവ്വപഞ്ചാബ്, ദക്ഷിണതിരുവിതാംകൂർ ഇവയാണ്.

ലോകത്തിൽ മറെറങ്ങും ലഭിക്കാത്ത ഒരു ലോഹമാണ് മോണോസൈറ്റ്. ഇതു പെട്രോമാക്സ് വിളക്കിന്റെ മാന്റിൽ ഉണ്ടാക്കുന്നതിന് വളരെ ആവശ്യമാണ്. അണുബോംബുനിർമ്മാണത്തിനും ഇതു അത്യന്താപേക്ഷിതമാകുന്നു. ഈ ലോഹമണൽ തിരുവിതാംകൂർ-കൊച്ചി തീരത്തിൽ ധാരാളമായി കണ്ടുവരുന്നു. ഇൽമനൈററ് മണലും തിരുവിതാംകൂറിൽനിന്നു ലഭിക്കുന്ന മറെറാരു വിലയേറിയ ധാതുപദാത്ഥമാണ്.

ചോദ്യങ്ങൾ

1. ഇരുമ്പ്, കൽക്കരി ഇവ കൊണ്ടു് ഇൻഡ്യക്കുള്ള ഉപയോഗമെന്തു്?

2. സ്വർണ്ണം, മണ്ണെണ്ണ, കറിയുപ്പ്, മോണോസൈററ് ഇവ എവിടെ നിന്നു് എടുക്കുന്നു?

അദ്ധ്യായം 9

ജനസംഖ്യാവിതരണം

ഇൻഡ്യയും പാകിസ്ഥാനും രണ്ടായി വിഭജിക്കപ്പെട്ട ശേഷം 1951-ൽ എടുത്ത സെൻസസ്സനുസരച്ച് ഇൻഡ്യാ റിപ്പബ്ലിക്കിലെ ജനസംഖ്യ 35 കോടി

68 ലക്ഷവും, പാകിസ്ഥാനിലെ ജനസംഖ്യ 7 കോടി 57 ലക്ഷവുമാണ്. ഏററവും കൂടുതൽ ജനവാസമുള്ള സംസ്ഥാനം തിരുവിതാംകൂർ-കൊച്ചിയാണ്. അതിന് 9,265,157ച: മൈൽ.വിസ്തീർണ്ണവും 93 ലക്ഷം ജനസംഖ്യയും ഉണ്ട്. 1012 ജനങ്ങൾ ശരാശരി ഒരു ചതുരശ്രമൈലിനുള്ളിൽ താമസിച്ചുവരുന്നു. ഇവിടെ ഇത്രത്തോളം ജനനിബിഡത ഉണ്ടാകുന്നതിനുള്ള കാരണം മണ്ണിന്റെ വളവും മഴയുടെ കൂടുതലും ജനങ്ങളുടെ സംസ്കാരാഭിവൃദ്ധിയുമാണ്.

അടുത്തതായി കൂടുതൽ ജനസംഖ്യ കാണുന്നതു പശ്ചിമബംഗാളിലാണ്. അവിടുത്തെ ശരാശരി ജനസംഖ്യ ച: മൈലിനു 847-ം പൂർവ്വബംഗാളിലേതു 778-ം ആണ്. ആ രണ്ടു പ്രവിശ്യകളിലും വളമുള്ള മണ്ണും സമൃദ്ധിയായ വർഷപാതവുമുണ്ട്. ജനവാസം കൂടുതലുള്ള മററു പ്രദേശങ്ങൾ,ഉത്തരപ്രദേശ്, ബീഹാർ, ഒറീസ്സാ ഇവയാണ്.

ബലൂചിസ്ഥാൻ, സിൻഡ്, രാജസ്ഥാൻ, കാഷ്മീർ ഈ പ്രദേശങ്ങളിൽ ജനവാസം വളരെ കുറവാണ്. അതിനുള്ള പ്രധാനകാരണം സ്ഥലത്തിന്റെ ഫലപുഷ്ടിയില്ലായ്മയാണ്. ആസ്സാമിലും, ഹിമാലയത്തിലും, ഗംഗാഡൽററയിലും വർഷസമൃദ്ധിയുണ്ട്. എന്നാൽ അവിടെ വൻവനങ്ങളുള്ളതുകൊണ്ടു ജനവാസം കുറഞ്ഞിരിക്കുന്നു.

മദ്രാസ്, ബോംബെ, ഹൈദരബാദ്, മൈസൂർ പഞ്ചാബ് ഈ സംസ്ഥാനങ്ങളിൽ ജനനിബിഡത സാമാന്യം മദ്ധ്യനിലയിലായിരിക്കുന്നു.

ജനവാസം
അധികം
സാമാന്യം
ന്യൂനാധികം
ന്യൂനം
Ajanta

ഇന്ത്യയിൽ വിവിധമനുഷ്യവംശത്തിൽ പെട്ട ജനങ്ങറം മുൻകാലങ്ങളിൽ കുടിയേറിപ്പാർത്തിട്ടുണ്ട്. അവരുടെ സന്താനങ്ങളെയെല്ലാം ഇന്നു നാം ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ കാണുന്നു. ദ്രാവിഡന്മാർ, ആര്യന്മാർ, സിതിയന്മാർ, മംഗോളിയർ, ഇറാനിയന്മാർ, തുർക്കികറം ഇവരാണു മുൻപു് ഇൻഡ്യയിൽ പ്രവേശിച്ചിട്ടുള്ളവർ. അവരിൽ പലരും ഇപ്പോറം മിശ്രവിവാഹം ചെയ്തു് സങ്കരവർഗ്ഗക്കാരായിത്തീർന്നിട്ടുണ്ടു്.

മതങ്ങറം ഇൻഡ്യൻറിപ്പബ്ലിക്കിലെ ജനങ്ങളിൽ ഭൂരിപക്ഷം ഹിന്ദുമതം അനുസരിക്കുന്നവരാണു്. മുസ്ലീമിങ്ങളും, ക്രിസ്ത്യാനികളും, സിക്കുകാരും, പാഴ്സികളും ഇവിടെ വസിക്കുന്നു. പാകിസ്ഥാനിൽ ഭൂരിപക്ഷം മുസ്ലീമിങ്ങളാണു്. ഹിന്ദുക്കളും, ക്രിസ്ത്യാനികളും സിക്കുകാരും അവിടെ ന്യൂനപക്ഷമാണു്. സിക്കുകാർ അധികവും പഞ്ചാബിലാണു് വസിക്കുന്നതു്.

ഭാഷകറം വടക്കെഇൻഡ്യയിലെ പ്രധാന ഭാഷ ഹിന്ദിയാകുന്നു. ഹിന്ദിയോടു വളരെ സാമ്യമുള്ളവയാണു് ബംഗാളി, ഒറിയാ, ഗുജറാത്തി, മറാത്തി, പഞ്ചാബി, കാശ്മീരി, നേപ്പാളി, ആസ്സാമീസ് എന്നിവ. വടക്കേഇൻഡ്യയിലെ മുസ്ലീമിങ്ങറം സംസാരിക്കുന്ന ഉർദുഭാഷയും ഹിന്ദിയോടു് വളരെ സംബന്ധമുള്ളതാണു്. ആകയാൽ ഹിന്ദിയെ ഇൻഡ്യയുടെ പൊതുഭാഷ ആക്കണമെന്നു് പ്രബലമായ ഒരു അഭിപ്രായമുണ്ടു്. ബ്രിട്ടീഷ് ഭരണകാലത്തെ രാജഭാഷയായ ഇംഗ്ലീഷിൽ കൂടിയാണു ഉന്നതവിദ്യാഭ്യാസം ഇപ്പോഴും നടന്നു കൊണ്ടിരിക്കുന്നതു്. ഈ

സ്ഥിതിക്ക വ്യതിയാനം വരുത്തുക അത്ര എളുപ്പമല്ല. തമിഴ്, തെലുങ്ക്, കണ്ണാടകം, മലയാളം ഇവയാണ് ദക്ഷിണ ഇൻഡ്യൻ ദ്രാവിഡഭാഷകൾ.

ചോദ്യങ്ങൾ

1. ഇൻഡ്യയിലെയും പാകിസ്ഥാനിലെയും ജനസംഖ്യ പ്രത്യേകം പറയുക.

2. ആളുകൾ തിങ്ങിപ്പാക്കുന്ന സ്ഥലങ്ങളേവ? അതിനു കാരണമെന്ത്?

3. എങ്ങിനെയുള്ള സ്ഥലങ്ങളിലാണ് ജനസംഖ്യ കുറവ്? അതിന്റെ കാരണം പറയുക.

4. ഇൻഡ്യയിലെ പ്രധാനമതങ്ങൾ, ഭാഷകൾ, വർഗങ്ങൾ ഇവ ഏവ?

അദ്ധ്യായം 10

ഇൻഡ്യയിലെ വ്യവസായങ്ങൾ

ഇൻഡ്യയിലെ സസ്യവിളവുകൾ, ജീവജാലങ്ങൾ, ധാതുവസ്തുങ്ങൾ ഇവയെപ്പററി നാം പഠിച്ചു കഴിഞ്ഞു. അവ പ്രകൃതിയിൽ നിന്നും നേരിട്ടു നമുക്ക കിട്ടുന്നവസ്തുക്കളാണ്. അവയെ വേണ്ടവിധത്തിൽ സംസ്കരിച്ചെടുത്താൽ പല പുതിയ ഉപയോഗങ്ങൾക്ക് കൊള്ളാം. അങ്ങിനെ ചെയ്യുന്നതിനാണ് വ്യവസായങ്ങൾ എന്നു പറയുന്നത്. ഒരു രാജ്യത്തിന്റെ അഭിവൃദ്ധി അതിലെ വ്യവസായങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.

ഇൻഡ്യയിൽ പഴയകാലങ്ങളിൽ പല വ്യവസായങ്ങൾ നടന്നിരുന്നു. ബ്രിട്ടീഷ്കാർ ഇൻഡ്യ ഭരിക്ക

വാൻ തുടങ്ങിയതോടു കൂടി ഇവിടത്തെ വ്യവസായങ്ങളിൽ പലതും നശിച്ചു. പിന്നീട് നമ്മുടെ നാട്ടുകാരിൽ മുക്കാൽപങ്കും കൃഷിത്തൊഴിലിൽ ഏർപ്പെട്ടു. അങ്ങനെയിരിക്കവെ, ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിച്ചു. അതോടു കൂടി ഇൻഡ്യയിലും പാകിസ്ഥാനിലും വ്യവസായങ്ങൾക്രമേണ അഭിവൃദ്ധിപ്രാപിച്ചുവരികയാണ്.

ഇൻഡ്യയിൽ പല ചെറുതരം കുടിൽവ്യവസായങ്ങൾ നടന്നു വരുന്നുണ്ട്. നൂൽനൂല്പ്, നൂണിനെയ്ത്ത് പട്ടുനൂൽവ്യവസായം, കയറുപിരി, മൺപാത്രനിർമ്മാണം, മരപ്പണി, ചെരുപ്പുകുത്ത്, ലോഹവേലകൾ, തേനീച്ചവളർത്തൽ കോഴിവളർത്തൽ, മുതലായവ ഈ ഇനത്തിൽ പെടുന്നു.

മേല്പറഞ്ഞവയിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു് നൂൽനൂല്പും കൈത്തറി നെയ്ത്തും ആണു്. ഇൻഡ്യൻകർഷകരിൽ ഒരു വലിയ ഭാഗം ഈ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

ഇവിടത്തെ യാന്ത്രികവ്യവസായങ്ങളിൽ പ്രധാനപ്പെട്ടവ, പഞ്ഞിവസ്ത്രം, പട്ടുവസ്ത്രം, കമ്പിളി, പഞ്ചസാര, ഇരുമ്പ്, സിമൻറ്, കടലാസ്, തുകൽ സാമാനങ്ങൾ, കെമിക്കൽസ് ഇവയുടെ നിർമ്മാണമാകുന്നു.

1. പഞ്ഞിവ്യവസായം

ഇൻഡ്യയിൽ കൃഷി ചെയ്യുന്ന പരുത്തി നൂൽ കൊണ്ടു് വസ്ത്രങ്ങൾ നെയ്തുണ്ടാക്കി, ഇവിടെത്തന്നെ വില്പന നടത്തുന്നതു കൊണ്ടു് അനേകലക്ഷം ഇൻഡ്യൻ തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗമുണ്ടാകുന്നു.

ബോംബെ, പശ്ചിമബംഗാൾ, മദ്രാസ്, ഉത്തരപ്രദേശ് എന്നീ പ്രദേശങ്ങളാണ് പ്രധാന പഞ്ഞിവ്യവസായ കേന്ദ്രങ്ങൾ. അതിൽ ബോംബെക്കാണ് കൂടുതൽ പ്രാധാന്യം തിരു-കൊച്ചിയിൽ ഈ വ്യവസായം ആലുവാ, തൃശ്ശൂർ, കൊല്ലം, അളഗപ്പനഗർ എന്നിവിടങ്ങളിൽ നിലവിലിരിക്കുന്നു. ബോംബെക്കു ചുററും പഞ്ഞികൃഷി ധാരാളമുള്ളതുകൊണ്ടും അവിടത്തെ വായുവിനു ഈർപ്പമുള്ളതുമൂലം പഞ്ഞിനൂൽ പൊട്ടിപ്പോകാനിടയില്ലാത്തതിനാലും ആണ് ആ തുറമുഖപട്ടണം പഞ്ഞിവ്യവസായത്തിൻെറ പ്രധാനകേന്ദ്രമായിതീർന്നിട്ടുള്ളതു്.

2. ചണവ്യവസായം

പഞ്ഞിവ്യവസായം കഴിഞ്ഞാൽ ഇൻഡ്യയിൽ അടുത്തസ്ഥാനം ചണവ്യവസായത്തിനാണ്. ഹൂഗ്ലിനദിയുടെ തീരപ്രദേശത്താണ് ധാരാളം ചണം കൃഷി ചെയ്യപ്പെടുന്നതു്. അതിനാൽ കല്ക്കട്ടായിലാണ് ഇൻഡ്യായൂണിയനിലെ ചണവ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നതു്. പൂർവ്വപാകിസ്ഥാനിൽ ചണംകൃഷി ചെയ്യുന്നുണ്ടെങ്കിലും വ്യവസായശാലകൾ സ്ഥിതി ചെയ്യുന്നതു് ഇൻഡ്യാവിഭാഗത്തിലാണ്. ചണംകൊണ്ടു ധാന്യം ശേഖരിക്കുന്നതിനുള്ള ചാക്കുകളും കരിമ്പടങ്ങളും കയറുകളുംപരുക്കൻവസ്ത്രങ്ങളും ഉണ്ടാക്കുന്നു ഇവയിൽ വലിയ അംശം വിദേശങ്ങളിലേക്കു കയററി അയക്കുകയാണ്.

3. പഞ്ചസാരവ്യവസായം

കരിമ്പുകൃഷിയുടെ ജന്മദേശം തന്നെ ഇൻഡ്യയാണ്. അടുത്തകാലങ്ങളിൽ ഈ വ്യവസായത്തിനു്

സക്കാരിൽ നിന്നും വലിയ പ്രോത്സാഹനങ്ങൾ കിട്ടിയിട്ടുണ്ട്. അതിന്റെ ഫലമായി ഉത്തരപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലും പൂർവ്വബംഗാൾ പശ്ചിമപഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലും ധാരാളം പഞ്ചസാരമില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്

4. പട്ടുവ്യവസായം

ഇൻഡ്യയിൽ ബങ്കാൾ, മൈസൂർ, കാഷ്മീർ, മുതലായഭാഗങ്ങളിൽധാരാളംമൾബറിച്ചെടികൾനട്ടുവളത്തി അവയിൽ പട്ടുനൂൽപുഴക്കളെ വളത്തിവരുന്നു. അവയുടെ കൂട്ടിൽനിന്നുമാണു പട്ടുനൂൽ എടുക്കുന്നതു്. ഇൻഡ്യായൂനിയനിൽ 90 പട്ടുനൂൽ വ്യവസായശാലകളുണ്ട്. പൂർവ്വപഞ്ചാബ്, പശ്ചിമബംഗാൾ, ബോംബേ, മൈസൂർ, കാശ്മീർ എന്നീ പ്രദേശങ്ങൾ പട്ടുനൂൽവ്യവസായകേന്ദ്രങ്ങളാണ്.

ഇതുകൂടാതെ, കൃത്രിമപ്പട്ടുവ്യവസായം ഇൻഡ്യയിൽ തുടങ്ങിയിട്ടുണ്ട്. അതിനു വേണ്ട അസംസ്കൃതസാധനങ്ങൾ കട്ടപ്പം കുറഞ്ഞ മരങ്ങളും, പുല്ലും, പഞ്ഞിയും ശുദ്ധജലവുമാണ്. കൂടാതെ യന്ത്രങ്ങളെ തിരിക്കുന്നതിനു വേണ്ടി ചെലവു കുറഞ്ഞ ജലവൈദ്യുതശക്തിയും വേണം. ഈ സൗകര്യങ്ങൾ ഒത്തിണങ്ങിയിട്ടുള്ളതു കൊണ്ടാണ് തിരുവിതാംകൂർ-കൊച്ചിയിൽ പെരിയാർ തീരത്തുള്ള പെരുമ്പാവൂർ എന്ന സ്ഥലത്തു ഒരു കൃത്രിമപ്പട്ടുവ്യവസായശാല ആരംഭിച്ചിട്ടുള്ളതു്.

5. കമ്പിളിവ്യവസായം

വടക്കേ ഇൻഡ്യയിൽ 50 മില്ല്യനോളം ആടുകളെ വളത്തി വരുന്നു. അവയിൽനിന്നു ലഭിക്കുന്ന കമ്പി

ളിന്തൽകൊണ്ട് ഇൻഡ്യാ യൂണിയനിലെ 22 മില്ലുകളിൽ കമ്പിളിവസ്ത്രങ്ങൾ നെയ്തുവരുന്നു. പ്രധാന കേന്ദ്രങ്ങൾ കോൺപൂർ, അമൃതസരസ്സ്, ശ്രീനഗരം, ബാംഗ്ളൂർ എന്നിവയാണു്.

6. ഇരുമ്പുവ്യവസായം

ഇൻഡ്യയിൽ ബീഹാർ, ഒറീസ്സാ, മദ്ധ്യപ്രദേശ്, മൈസൂർ ഈ സ്ഥലങ്ങളിൽനിന്നും ഇരുമ്പും കൽക്കരിയും ഖനനം ചെയ്യുന്നു. അതിനാൽ ഇവിടെ ഇരുമ്പുവ്യവസായം അഭിവൃദ്ധി പ്രാപിച്ചുവരുന്നു. ബീഹാറിൽ ജാംഷെഡ്പുരത്തിലുള്ള ടാററാകമ്പനിവക ഇരുമ്പുരുക്കു വ്യവസായശാല വളരെ പ്രസിദ്ധിയേറിയതാണു്.

7. കടലാസ് വ്യവസായം

ഇൻഡ്യായൂണിയനിൽ ഇപ്പോൾ 15 വമ്പിച്ച കടലാസു വ്യവസായശാലകളുണ്ട്. കൽക്കട്ടാ, ലക്നൗ, ബോംബേ, തിരുവിതാംകൂർ കൊച്ചിയിലെ പുനലൂർ, പൂനാ ഇവയാണ് പ്രധാന കേന്ദ്രങ്ങൾ.

തുകൽവ്യവസായം, കണ്ണാടിവ്യവസായം, കപ്പൽനിമ്മാണം, വിമാനനിമ്മാണം, സിമിൻറുവ്യവസായം, അലുമിനിയം വ്യവസായം, വളംനിമ്മാണം, കോലരക്കു വ്യവസായം, മോട്ടോർവ്യവസായം, തീപ്പെട്ടിവ്യവസായം മുതലായവ ഇൻഡ്യയിലുള്ള മററുയാന്ത്രിക വ്യവസായങ്ങളാണ്. കപ്പൽനിമ്മാണകേന്ദ്രം വിശാഖപട്ടണവും, വിമാനനിർമ്മാണകേന്ദ്രം ബാഗ്ളൂരും; സിമിൻറുവ്യവസായകേന്ദ്രങ്ങൾ ജബൽപൂർ, കോയമ്പത്തൂർ, കറാച്ചി, കോട്ടയം ഇവയും ആകുന്നു.

ഇൻഡ്യയിലെ വ്യവസായങ്ങളിൽ അധികഭാഗവും നഗരങ്ങളിലാണു് നടക്കുന്നതു്. അതിനാൽ നാട്ടുമ്പുറങ്ങളിൽനിന്നും തൊഴിലാളികൾ വ്യവസായനഗരങ്ങളിലേക്കു പോയി വസിച്ചുവരുന്നു. തൊഴിലാളികൾക്കു് വേണ്ടിടത്തോളം ജീവിതസൗകര്യങ്ങൾ ഇല്ലാത്തതു് പരിതാപകരമാണു്. നഗരസഭകളും ഗവമ്മെൻറുകളും ഇവയ്ക്കു പരിഹാരം ഉണ്ടാക്കിവരുന്നുണ്ടു്.

ചോദ്യങ്ങൾ

1. ഇൻഡ്യയിലെ കുടിൽവ്യവസായങ്ങളേവ?
2. പഞ്ഞി, ചണം, കമ്പിളി, ഇരുമ്പു്, കടലാസ് ഇവ ഏതേതു സ്ഥലങ്ങളിൽ വ്യവസായം ചെയ്യുന്നു? അതിനു കാരണം പറയണം.

അദ്ധ്യായം 11

ഗതാഗതമാർഗ്ഗങ്ങളും പട്ടണങ്ങളും

ഒരു രാജ്യത്തിലെ കൃഷിയും വ്യവസായവും വാണിജ്യവും അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ, സൗകര്യമുള്ള ഗതാഗതമാർഗ്ഗങ്ങൾ ധാരാളം വേണം. ഓരോ ദേശത്തിലും ആവശ്യത്തിൽ കൂടുതലുള്ള സാധനങ്ങൾ വിററുപണമാക്കുന്നതിനും, ആവശ്യമുള്ള സാധനങ്ങൾ വെളിക്കുനിന്നു വാങ്ങുന്നതിനും അവ ആവശ്യമാണു്.

ഇക്കാലത്തു നാലുവിധത്തിലുള്ള ഗതാഗതമാർഗ്ഗങ്ങളുണ്ടു്. അവ (1) റോഡുകൾ, (2) റെയിൽപ്പാതകൾ, (3) ജലമാർഗ്ഗം (4) വായുമാർഗ്ഗം, ഇവയാണു്. ഈ നാലിനത്തിലും ഇൻഡ്യാമഹാരാജ്യത്തിനുള്ള സ്ഥാനം നാം പരിശോധിക്കേണ്ടതാണു്.

1. റോഡുകൾ. ഇൻഡ്യായൂണിയനിൽ ഇപ്പോൾ 250,000 മൈൽ നീളത്തിൽ റോഡുകളുണ്ട്. അതിൽ 67000 മൈൽ മാത്രമെ മെററലിട്ട് ഉറപ്പിച്ചിട്ടുള്ളു. കൃഷിക്കാരുടെ വയലുകളും, അവരുടെ വിളവുകൾ വിററഴിക്കുവാനുള്ള വിപണികളും തമ്മിൽ യോജിപ്പിക്കുന്ന റോഡുകൾ ഇനിയും പല സ്ഥലത്തും ഉണ്ടായിട്ടില്ല

ഇൻഡ്യയിലെ പ്രധാന പട്ടണങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന നാലു പ്രധാന റോഡുകളാണ് ഇപ്പോഴുള്ളത്. അവയെ ട്രങ്കുറോഡുകളെന്നു വിളിക്കുന്നു. അവയിൽനിന്നാണ് ഈ രാജ്യത്തുള്ള മററു റോഡുകളെല്ലാം പിരിഞ്ഞു പോകുന്നതു്.

അവയെ 1) കൽക്കട്ടാ—ഡൽഹി
2) കൽക്കട്ടാ—മദ്രാസ്
3) മദ്രാസ്—ബോംബെ
4) ബോംബേ—ഡൽഹി

—ട്രങ്കുറോഡുകൾ എന്നിങ്ങനെ വിളിക്കുന്നു. മെററലിട്ടുറപ്പിച്ചിരിക്കുന്ന ഈ നാലു ട്രങ്കുറോഡുകളുടെ മൊത്തം നീളം 5000 മൈൽ ആണു്.

2. റെയിൽ പാതകൾ

വാണിജ്യത്തിനും ദൂരദേശങ്ങളിലേക്കുള്ള സഞ്ചാരത്തിനും റെയിൽപ്പാതകളാണ് കൂടുതൽ പ്രധാനം. വിഭജനത്തിനു മുമ്പ് 43,000 മൈൽ ദൂരത്തിലുള്ള റെയിൽവേ ഇൻഡ്യയിലുണ്ടായിരുന്നു. ഇപ്പോൾ ഇൻഡ്യായൂണിയൻെറ അതിർത്തിയിൽ 34000 മൈലേ ഉള്ളു. അവ താഴെപ്പറയുന്ന 6 ഗ്രൂപ്പുകളിൽ പെടുന്നു.

1. വടക്കൻ റെയിൽവേ
2. വടക്കുകിഴക്കൻ റെയിൽവേ
3. കിഴക്കൻ റെയിൽവേ
4. പടിഞ്ഞാറൻ റെയിൽവേ
5. മദ്ധ്യറെയിൽവേ
6. ദക്ഷിണ റെയിൽവേ

ഇതിൽ ദക്ഷിണ റെയിൽവേയാണ് തിരുവിതാംകൂർ കൊച്ചിയിൽകൂടി കടന്നുപോകുന്നതു്. എറണാകുളവും കൊല്ലവും യോജിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ ലൈൻ അടുത്ത ഭാവിയിൽ ഉൽഘാടനം ചെയ്യുന്നതാണ്. തന്മൂലം നമ്മുടെ രാജ്യത്തിലെ വാണിജ്യത്തിനും വ്യവസായങ്ങൾക്കും വളരെ അഭിവൃദ്ധിയുണ്ടാകുന്നതാണ്.

3. ജലമാർഗ്ഗങ്ങൾ

ജലമാർഗങ്ങളിൽ പ്രധാനഭാഗം വഹിക്കുന്നതു് ഇൻഡ്യയിലെ വലിയ നദികളായ സിന്ധു, ഗംഗാ, ബ്രഹ്മപുത്ര, മഹാനദി ഇവയാണ്. അവയിൽക്കൂടി വടക്കെ ഇൻഡ്യയിൽ 20,000 മൈൽ ജലവാഹനങ്ങളിൽ സഞ്ചരിക്കാം. തെക്കെ ഇൻഡ്യയിലെ പ്രധാന നദികളിൽക്കൂടിയും മഴക്കാലത്തു ചെറിയ ജലവാഹനങ്ങളിൽ സഞ്ചരിച്ചുവരുന്നു. ഇതു കൂടാതെ സമുദ്രതീരത്തുള്ള തുറമുഖങ്ങളിലേക്കും വിദേശങ്ങളിലേക്കും കപ്പൽമാർഗം സഞ്ചരിക്കുന്നു. ഇൻഡ്യയിലെയും പാക്കിസ്ഥാനിലെയും തുറമുഖങ്ങൾ ഇപ്രകാരം ബന്ധിക്കപ്പെട്ടിരിക്കുന്നു. കറാച്ചി, ബോംബേ, സൂററ്, ഗോവാ, കോഴിക്കോട്, കൊച്ചി, മംഗലാപു



ഈ പടത്തിൽ ഇൻഡ്യയിലെ രാഷ്ട്രീയവിഭാഗങ്ങൾ കാണിച്ചിരിക്കുന്നു. വിവിധ സംസ്ഥാനങ്ങളും അവ വിവിധ മാർഗ്ഗങ്ങളാൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നതും ഇതിൽ കാണാം.

രം, ആലപ്പുഴ, തിരുവനന്തപുരം, തൂത്തുക്കുടി, പോണ്ടിച്ചേരി, മദ്രാസ്, വിശാഖപട്ടണം, കൽക്കട്ടാ എന്നീ ഇൻഡ്യാമഹാരാജ്യത്തിലെ തുറമുഖങ്ങൾ തമ്മിൽ ഇങ്ങനെ ഗതാഗതബന്ധം ഉണ്ട്. ഇൻഡ്യയിൽ ഗതാഗതസൗകര്യമുള്ള തോടുകൾ ചുരുക്കമാണ്. മദ്രാസ് സംസ്ഥാനത്തിലുള്ള ബക്കിങ്ഹാം കനാൽ അതിലൊന്നാണ്. നമ്മുടെ രാജ്യത്തുള്ള കായലുകളും ഗതാഗതത്തിന് പററിയവയാണ്.

4. വായുമാർഗ്ഗങ്ങൾ

വായുമാർഗ്ഗങ്ങൾ മൂലം ഇൻഡ്യാമഹാരാജ്യത്തിലെ പ്രധാന നഗരങ്ങൾ തമ്മിൽതമ്മിലും പല വിദേശ രാജ്യങ്ങളുമായും ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ മാർഗ്ഗങ്ങളിൽ കൂടി ജനങ്ങൾക്ക് അതിവേഗത്തിൽ സഞ്ചരിക്കുന്നതിനും തപാൽ എഴുത്തുകൾ അയയ്ക്കുന്നതിനും സാധിക്കുന്നു. വിലക്കൂടിയതും ഘനം കുറഞ്ഞതുമായ സാധനങ്ങൾ കൊണ്ടുപോകുന്നതിനും അവ ഉപകരിക്കുന്നു. 1953-ാമാണ്ടു മുതൽ ഇൻഡ്യയിലെ വിമാനസർവീസുകളെല്ലാം ഇൻഡ്യാ ഗവണ്മെൻറിൽ നിന്നു നേരിട്ടു നടത്തിവരുന്നു. ഏററവും പ്രധാന വിമാനസങ്കേതങ്ങൾ, ബോംബെ, കല്ക്കട്ടാ, ഡൽഹി ഇവയാണ്. അലഹബാദ്, ലക്നൗ, മദ്രാസ്, നാഗപ്പൂർ, പാട്നാ, വിശാഖപട്ടണം ഇവയാണ് മററു പ്രധാന സങ്കേതങ്ങൾ. തിരു-കൊച്ചിയിൽ തിരുവനന്തപുരത്തും, കൊച്ചിയിലും ഓരോ വിമാനസങ്കേതങ്ങളുണ്ട്. വായുമാർഗ്ഗം വിദേശയാത്ര ചെയ്യുന്നതിന് വിദേശ സർവ്വീസുകളും ഇൻഡ്യയിൽ പ്രവർത്തനം നടത്തിവരുന്നു.

പട്ടണങ്ങൾ

മേൽപ്രസ്താവിച്ച ഗതാഗതമാർഗ്ഗങ്ങൾ മൂലം യോജിപ്പിച്ചിരിക്കുന്ന പട്ടണങ്ങൾ പലയിനത്തിൽ പെട്ടവയാണു്. അവയിൽ തുറമുഖങ്ങൾ പുണ്യസ്ഥലങ്ങൾ, സുഖവാസസ്ഥലങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ തലസ്ഥാനങ്ങൾ, വ്യവസായകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടും.

തുറമുഖങ്ങൾ

ബോംബെ, കല്ക്കട്ടാ, മദ്രാസ്, വിശാഖപട്ടണം കൊച്ചി, മംഗലാപുരം ഇവ ഇൻഡ്യയിലെ പ്രധാന തുറമുഖങ്ങളാണു്. ഇൻഡ്യയുടെ വിദേശവാണിജ്യത്തിൽ 90 ശതമാനവും നടന്നുകൊണ്ടിരിക്കുന്നതു് ആദ്യം പറഞ്ഞ നാലു തുറമുഖങ്ങൾ വഴിയാണു്. അവയിൽ ആദ്യത്തെ മൂന്നും രാഷ്ട്രീയതലസ്ഥാനങ്ങളും, ട്രങ്ക്റോഡുകൾ, റെയിൽവെകൾ, വിമാനസർവ്വീസ് ഇവയുടെ സംഗമസ്ഥാനങ്ങളുമാണു്. വിശാഖപട്ടണം അടുത്തകാലത്തു കൂടുതൽ അഭിവൃദ്ധി പ്രാപിച്ചുവരുന്ന ഒരു കപ്പൽനിർമ്മാണകേന്ദ്രമാകുന്നു. പാശ്ചാത്യരാജ്യങ്ങളോടു ബോംബെയേക്കാൾ അടുത്തു കിടക്കുന്ന ഒരു തുറമുഖമാണു് കൊച്ചി. കേരളക്കരയിലെ കയറു്, കയററുപായ്, തേയില, കുരുമുളകു് മുതലായവ വിദേശങ്ങളിലേക്കു കയററി അയക്കുന്നതു് പ്രധാനമായി കൊച്ചിയിൽ നിന്നുമാണു്.

പുണ്യസ്ഥലങ്ങൾ

ഇൻഡ്യയിൽ ഹിന്തുക്കളുടെയും ബുദ്ധമതക്കാരുടെയും മുസ്ലീമിങ്ങളുടെയും സിക്കുകാരുടെയും ക്രിസ്ത്യാ

നികളുടെയും പുണ്യസ്ഥലങ്ങളുണ്ട്. ഹിന്ദുക്കളുടെ പുണ്യസ്ഥലങ്ങളിൽ പ്രാധാന്യം അർഹിക്കുന്നതു്, കാശി, പുരി, പ്രയാഗ്, രാമേശ്വരം, ഹരിദ്വാരം മധുര, തഞ്ചാവൂർ, ശ്രീരംഗം, ചിതംബരം, കന്യാകുമാരി എന്നിവയാണ്. പാററ്നായ്ക്കടുത്തുള്ള ഗയാ ബുദ്ധമതസ്ഥരുടെയും, പഞ്ചാബിലുള്ള അമൃതസരസ്സ് സിക്കുമതക്കാരുടെയും പുണ്യസ്ഥലമാണ്. അലഹബാദ്, മുസ്ലീമങ്ങളുടെയും, ഗോവായും മൈലാപ്പൂരും ക്രിസ്ത്യാനികളുടെയും പുണ്യസ്ഥലങ്ങളാണ്.

സുഖവാസസ്ഥലങ്ങൾ

ഹിമാചലപ്രദേശത്തിലുള്ള സിംലാ, ബങ്കാളിലുള്ള ഡാർജിലിങ്ങ്, ആസ്സാമിലുള്ള ഷില്ലോങ്ങ്, കാഷ്മീരിലുള്ള ശ്രീനഗരം, ബോംബെയിലുള്ള മഹാബലേശ്വരം, മൈസൂറിലുള്ള ബാംഗ്ളൂർ, മദ്രാസിലുള്ള കന്നൂർ, ഊട്ടി, കൊടൈക്കനാൽ, ഉത്തരപ്രദേശത്തുള്ള നൈനിററാൾ എന്നിവയാണ് പ്രധാന സുഖവാസസ്ഥലങ്ങൾ.

ഇൻഡ്യയിലെ പ്രധാനപ്പെട്ട വ്യവസായവാണിജ്യകേന്ദ്രങ്ങൾ, ബോംബെ, മദ്രാസ്, കല്ക്കട്ടാ, ശ്രീനഗർ, കോൺപൂർ, മൈസൂർ, അമൃതസരസ്സ്, ജംഷഡ്പുരം, ലക്നൗ, പൂനാ, വിശാഖപട്ടണം ഇവയാണ്. പ്രധാനപ്പെട്ട തലസ്ഥാനനഗരങ്ങൾ, മദ്രാസ്, കർണ്ണൂൽ, ബോംബെ, നാഗപുരം, ഭുവനേശ്വരം, കല്ക്കട്ടാ, ഷില്ലോങ്ങ്, പാററ്നാ, ലക്നൗ, ഹൈദ്രബാദ്, മൈസൂർ, തിരുവനന്തപുരം, ഗ്വാളിയർ, ഇൻഡോർ, രാജകോട്ട്, ജയപ്പൂർ, പട്ട്യാല, ശ്രീ

നഗർ, റീവാ, ഡൽഹി, മാൻഡി, ഭോപാൽ, അജ്മീർ, മെക്കാറാ. ഭേജ്, അഗർത്തല, ഇംഫാൽ, പോർട്ട്ബ്ളയർ എന്നിവയാണ്.

ചോദ്യങ്ങൾ

1. ഇന്നു നമ്മുടെ നാട്ടിൽ എത്ര തരം ഗതാഗതമാർഗ്ഗങ്ങൾ ഉണ്ട്? അവയെ വിവരിക്കുക.

2. ഇൻഡ്യയിലെ പ്രധാനപ്പെട്ട സുഖവാസസ്ഥലങ്ങൾ, പുണ്യസ്ഥലങ്ങൾ, വ്യവസായവാണിജ്യകേന്ദ്രങ്ങൾ, ഇറമുഖങ്ങൾ, തലസ്ഥാനങ്ങൾ ഇവയുടെ പേരു പറയുക.

3. ഇന്ത്യയിലെ പ്രധാന റോഡുകൾ ഏവ? അവ ഏതെല്ലാം നഗരങ്ങളെ യോജിപ്പിക്കുന്നു.

അദ്ധ്യായം 12

ഇൻഡ്യയിലെ വാണിജ്യം

ഇൻഡ്യാരാജ്യത്തിൽ വളരെ കാർഷികോൽപ്പന്നങ്ങളും ധാതുവസ്തുങ്ങളും മൃഗോല്പന്നങ്ങളും വ്യവസായസാധനങ്ങളും ഉള്ളതായി നാം ഇതിനകം പഠിച്ചു. അവയിൽ ചിലതെല്ലാം ഈ രാജ്യത്തിലെ ആവശ്യത്തിലധികമുണ്ട്. അതുകൊണ്ട് നാം അവയെ വിദേശങ്ങളിലേക്ക കയററി അയച്ചു പണം വാങ്ങുന്നു. ആ വക സാധനങ്ങളെ കയററുമതി എന്നു പറയുന്നു. എന്നാൽ നമുക്കു വേണ്ട എല്ലാ സാധനങ്ങളും നാം ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. അതിനാൽ അങ്ങനെയുള്ളവയെ നാം വിദേശങ്ങളിൽനിന്നും വിലക്കു വാങ്ങുന്നു. ആ വക സാധനങ്ങളെ ഇറക്കുമതി എന്നു വിളിക്കുന്നു.

ആദ്യമായി നമുക്ക് ഈ രാജ്യത്തിലെ കയററു മതിസാധനങ്ങൾ ഏവയെന്നു പരിശോധിക്കാം.

1. പരുത്തി (പഞ്ഞി)

നമ്മുടെ രാജ്യത്തിൽ ആവശ്യമുള്ളതിൽ കവിഞ്ഞു് ഇവിടെ വിളയുന്ന പരുത്തി നാം അമർത്തിക്കെട്ടി, കപ്പലുകൾ വഴി ഇംഗ്ലണ്ടു, ജപ്പാൻ എന്നീ രാജ്യങ്ങളിലേക്കു അയക്കുന്നു. ബോംബെ തുറമുഖം വഴിയാണ് പഞ്ഞിവസ്ത്രങ്ങളും പരുത്തിയും കയററി അക്കുന്നതു്. പാക്കിസ്ഥാൻ, സിലോൺ, ബർമ്മാ, പേഷ്യാ, ഈസ്റ്റാഫ്രിക്കാ എന്നീ രാജ്യങ്ങളിലേക്കാണു്, ഇവിടെ വ്യവസായം ചെയ്യപ്പെടുന്ന പഞ്ഞിവസ്ത്രങ്ങൾ കയററുമതി ചെയ്യപ്പെടുന്നതു്.

2 തേയില

നമ്മുടെ ആവശ്യം കഴിഞ്ഞു് ബാക്കി വരുന്ന വേറൊരു സാധനമാണു് തേയില, ഇതു് കല്ക്കട്ടാ, കൊച്ചി എന്നീ തുറമുഖങ്ങൾ വഴി അമേരിക്കാ, ആസ്ത്രേലിയാ, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിലേക്ക് അയക്കുന്നു.

3. ചണം

കല്ക്കട്ടായിലും ഹൂഗ്ലിപ്രദേശങ്ങളിലും വ്യവസായംചെയ്യപ്പെടുന്ന ചണച്ചാക്കുകളും കാൻവാസുകളും ഈ നാട്ടിൽനിന്നും തെക്കെ അമേരിക്കാ, വടക്കെ അമേരിക്കാ, ആസ്ത്രേലിയാ, ന്യൂസ്‌ലണ്ടു്, ബൽജിയം ജപ്പാൻ ഈ ദേശങ്ങളിലേക്ക് കയററുമതി ചെയ്യുന്നു.

4. കോലരക്ക്

ഗ്രാമഫോൺ റിക്കാർഡുകൾ, റേഡിയോ സാമാനങ്ങൾ, വൈദ്യുതസാമഗ്രികൾ ഇങ്ങനെ പല സാധനങ്ങളുണ്ടാക്കുവാൻ കോലരക്ക് അത്യാവശ്യമാണ്. ലോകത്തിനു മൊത്തം ആവശ്യമുള്ള കോലരക്കിൽ മുക്കാലെ അരയ്ക്കാലും ലഭിക്കുന്നതു് ഇൻഡ്യയിൽ നിന്നാണ്. ബ്രിട്ടനിലേക്കും അമേരിക്കൻ ഐക്യനാടുകളിലേക്കുമാണ് ഇവ കയററി അയയ്ക്കുന്നതു്.

5. മൃഗചർമ്മങ്ങൾ

നമ്മുടെ കന്നുകാലികൾ, ആടുമാടുകൾ ഇവയുടെ തോലിൽ ഒരു വലിയ ഭാഗം നാം ഇവിടെ വ്യവസായം ചെയ്യുന്നില്ല. അതു ബ്രിട്ടൻ, വടക്കേഅമേരിക്കാ, ജർമ്മനി, ജപ്പാൻ, ഫ്രാൻസ്, ഹോളണ്ട് എന്നീ രാജ്യങ്ങളിലേക്കു കയററി അയയ്ക്കുന്നു.

6. എണ്ണക്കുരുക്കൾ

ഈ രാജ്യത്തിലുണ്ടാകുന്ന നിലക്കടല, ചെറുപരുത്തി, എള്ള്, ആവണക്ക് ഇവയുടെ എണ്ണ, ബ്രിട്ടൻ അമേരിക്കാ, ഫ്രാൻസ്, ജർമ്മനി മുതലായ രാജ്യങ്ങളിലെ വ്യവസായങ്ങൾക്ക് ആവശ്യമാണ്. അവയിൽനിന്നും അവർ സോപ്പ്, മെഴുകുതിരി, ചായങ്ങൾ, അച്ചടിമഷി മുതലായവ ഉണ്ടാക്കുന്നു. ആകയാൽ അവ ഇവിടുത്തെ ഒരു പ്രധാന കയററുമതിയാണ്. ഇവ കൂടാതെ ചുക്ക്, മുളക്, ഏലം, റബ്ബർ, അഭ്രം, മാംഗ്നീസ്, മോണോസൈററ്, ഇൽമിനൈററ് മുതലായവയും ഇവിടുത്തെ കയററുമതിയിൽ ഉൾ

പ്പെടുന്നു. മാംഗനീസ് കയററി അയയ്ക്കുന്ന പ്രധാന തുറമുഖം വിശാഖപട്ടണവും കേരളവിഭവങ്ങൾ കയററുമതിചെയ്യുന്ന തുറമുഖം കൊച്ചിയുമാകുന്നു.

നമ്മുടെ പ്രധാന ഇറക്കുമതിസാധനങ്ങൾ താഴെ പറയുന്നവയാണു്.

1. യന്ത്രസാമഗ്രികൾ

ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതിൽ പിന്നീട് ഇവിടെ ധാരാളം യാന്ത്രികവ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടു്. ഇതിലേക്കാവശ്യമുള്ള യന്ത്രങ്ങൾ നാം വടക്കെ അമേരിക്കയിൽ നിന്നും ജമ്മനിയിൽ നിന്നും, ഫ്രാൻസിൽനിന്നും ബ്രിട്ടനിൽനിന്നും ഇറക്കുമതി ചെയ്യുന്നു. മോട്ടോർകാറുകൾ, സൈക്കിളുകൾ, ഘടികാരങ്ങൾ മുതലായ വിലപിടിച്ച സാധനങ്ങൾ നാം ഇപ്രകാരം ഇറക്കുമതി ചെയ്യുന്നതാണു്.

2. പെട്രോളും മണ്ണെണ്ണയും

ഇൻഡ്യയിൽ ആസ്സാമിലും പഞ്ചാബിലും നിന്നു ലഭിക്കുന്ന എണ്ണ നമ്മുടെ ആവശ്യത്തിനു തികയുന്നില്ല. അതിനാൽ ബമ്മാ, വടക്കേഅമേരിക്കാ, പേഷ്യ എന്നീ സ്ഥലങ്ങളിൽനിന്നും നാം ഈ സാധനങ്ങൾ ഇറക്കുമതിചെയ്യുന്നു.

3. പരുത്തിയും ചണവും

നമുക്കു വേണ്ടിടത്തോളം നല്ലയിനം പഞ്ഞി ഇവിടെനിന്നും ലഭിക്കുന്നില്ല. അതിനാൽ ഈജിപ്റ്റ്, പാ

ക്കിസ്ഥാൻ, ഐക്യനാടുകൾ ഇവിടെ നിന്നും നാം അതു ഇറക്കുമതി ചെയ്യുന്നു. അതുപോലെ തന്നെ നമുക്കാവശ്യമുള്ളിടത്തോളം ചണനാരും ഇന്ത്യയിൽ ഉണ്ടാകുന്നില്ല. അതിനാൽ നാം അതു പൂർവ്വപാക്കിസ്ഥാനിൽ നിന്നും വാങ്ങിക്കുന്നു.

ഒരു രാജ്യം സാമ്പത്തികമായി അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ അതിന്റെ കയററുമതി കൂടുകയും ഇറക്കുമതി കുറയുകയും ചെയ്യേണ്ടതാണു്. ഇൻഡ്യാമഹാരാജ്യത്തിനു ഇന്നും ആ നില വന്നിട്ടില്ല.

ചോദ്യങ്ങൾ

1. ഇൻഡ്യയിൽ യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതു് എവിടെ നിന്നു്?
2. പ്രധാന കയററുമതിച്ചരക്കുകൾ ഏവ?
3. പെട്രോൾ, മണ്ണെണ്ണ ഇവ ഇൻഡ്യയിലുണ്ടാകുന്ന സ്ഥിതിക്കു് അവയെ ഇറക്കുമതി ചെയ്യുവാൻ കാരണമെന്തു്?

അദ്ധ്യായം 13

പ്രകൃതിവിഭാഗങ്ങളും രാഷ്ട്രീയ സംസ്ഥാനങ്ങളും

ഇൻഡ്യാമഹാരാജ്യത്തിനു പ്രകൃതിദത്തമായി അഞ്ചുവിഭാഗങ്ങളുണ്ടു്. അവ:

1. ഹിമാലയപ്രദേശം.
2. സിന്ധുഗംഗാബ്രഹ്മപുത്രാസമതലം.

3. ഡക്കാൺ പീഠഭൂമി.
4. കിഴക്കം പടിഞ്ഞാറുമുള്ള സമതലം.
5. വടക്കപടിഞ്ഞാറെ ഇന്ത്യ ഇവയാകുന്നു.

എന്നാൽ ഈ പ്രകൃതിവിഭാഗങ്ങൾ ഭരണസൗകര്യത്തിനു പററിയതല്ല. അതിനുവേണ്ടി ഈ പ്രകൃതി വിഭാഗങ്ങളെ ചെറിയ ചെറിയ സംസ്ഥാനങ്ങളായി തിരിച്ചിരിക്കുന്നു. അവയിൽ മുസ്ലിമിങ്ങൾ കൂടുതലുള്ള ഏതാനും പ്രദേശങ്ങളെ പാക്കിസ്ഥാനിലേക്ക വേർതിരിക്കുകയും ചെയ്തിട്ടുണ്ട്.

1. ഹിമാലയപ്രദേശം

ഹിമാലയത്തിനു തൊട്ടുകിടക്കുന്ന ഭൂഭാഗങ്ങളെ ബലൂചിസ്ഥാൻ, വടക്കപടിഞ്ഞാറെ അതിർത്തി സംസ്ഥാനങ്ങൾ, ജമ്മുവും കാഷ്മീരം, ഹിമാചൽ പ്രദേശം, ആസ്സാം, എന്നിങ്ങനെ അഞ്ചായി വിഭജിച്ചിരിക്കുന്നു. അവയിൽ ആദ്യം പറഞ്ഞ രണ്ടു സംസ്ഥാനങ്ങളിൽ മുസ്ലീംഭൂരിപക്ഷമുള്ളതുകൊണ്ടു, അവ പാകിസ്ഥാനിൽ ഉൾപ്പെടുന്നു. ജമ്മുവും കാഷ്മീരം മുസ്ളീംഭൂരിപക്ഷമുള്ളതാണെങ്കിലും അവിടത്തെ രാജപ്രമുഖൻ ഇൻഡ്യായൂണിയനിലാണ് ചേൎന്നത്. ഇതു സംബന്ധിച്ച് ഇന്ത്യയിയും പാക്കിസ്ഥാനും തമ്മിൽ ഉള്ള വാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ല. കാശ്മീരിലെ മലകളും മലഞ്ചെരിവുകളും സമതലങ്ങളും നദികളും അരുവികളും കാടുകളും മേടുകളും അത്യന്തം ആനന്ദകരമാണു. അവിടെയുള്ള ജനങ്ങൾ ഗോതമ്പും ഫലവർഗ്ഗങ്ങളും കൃഷിചെയ്യുകയും, ആട്ടിൻപററങ്ങളെ വളൎത്തുകയും കമ്പിളിവസ്ത്രങ്ങൾ

നെയ്യുണ്ടാക്കുകയും, പട്ടുനൂൽ പുഴുക്കളെ വളർത്തുകയും തടികൊണ്ടും ലോഹങ്ങൾകൊണ്ടും ശില്പവേല കൾ ചെയ്ത് ഉപജീവനം കഴിക്കുകയും, ചെയ്യുന്നു. തലസ്ഥാനം ശ്രീനഗരമാണ്. ഹിമാചല പ്രദേശം കിടക്കുന്നത് കാശ്മീരിനു തെക്കായിട്ടാണ്. ഈ പ്രദേശത്തെ വനങ്ങളിൽ നിന്ന്, ഈട്ടം ബലവുമുള്ള തടികളും മററു വനവിഭവങ്ങളും ലഭിക്കുന്നു. ചോളം, ബാർലി, നെല്ല്, ഉരുളൻകിഴങ്ങ്, ഇവ കൃഷിചെയ്യുന്നുണ്ട്. തലസ്ഥാനമായ സിംലാ, വേനൽക്കാലത്തു ഒരു സുഖവാസസ്ഥലമാണ്. ഹിമാലയ പ്രദേശത്തിൻെറ കിഴക്കെ ചരിവു ചേർന്നാണ് ആസ്സാം കിടക്കുന്നത്. ഇതിലെ വനങ്ങൾ തെളിച്ച് വൻതോതിലുള്ള തേയിലത്തോട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ആസ്സാമിൽക്കൂടിയാണ് ബ്രഹ്മപുത്രാനദി ഇന്ത്യയിൽ പ്രവേശിക്കുന്നത്. ഈ നദീതീരത്തിൽ ചണവും എണ്ണക്കുരുക്കളും കൃഷിചെയ്യുന്നു. മണ്ണെണ്ണ ഇവിടത്തെ ഒരു ധാതുദ്രവ്യസമ്പത്താണ്. തലസ്ഥാനം ഷില്ലോംഗ് പട്ടണമാണ്. ഈ പ്രദേശങ്ങൾ കാഴ്ചയ്ക്കു അധികം മനോഹരമാണെങ്കിലും മലംപ്രദേശമാകയാൽ ജനങ്ങൾ അധികം കുടിപാർത്തുവരുന്നില്ല.

2. സിന്ധുഗംഗാബ്രഹ്മപുത്ര സമതലങ്ങൾ

ഈ പ്രകൃതിവിഭാഗത്തിൽ പെട്ടുകിടക്കുന്ന രാഷ്ട്രീയ സംസ്ഥാനങ്ങൾ, സിൻഡ്, പൂർവ്വപഞ്ചാബ്, പശ്ചിമപഞ്ചാബ്, ഡൽഹി, പെപ്സു, ഉത്തരപ്രദേശം, ബീഹാർ, പൂർവ്വബംഗാൾ, പശ്ചിമബംഗാൾ, മണിപ്പൂർ, ത്രിപുരം എന്നിവയാണ്. സിന്ധുനദിയുടെ സമതലത്തിൽ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾ, സിൻഡ്,

പശ്ചിമപഞ്ചാബ്, പൂർവ്വപഞ്ചാബ്, പെപ്സ് ഇവ യാണ്. ഇവയിൽ സിൻഡിലും പശ്ചിമപഞ്ചാബി ലും മുസ്ലീം ഭൂരിപക്ഷമുണ്ട്. അതിനാൽ അവ പാ ക്കിസ്ഥാനിൽ ഉൾപ്പെടുന്നു. പെപ്സു എന്നുള്ള പേര് Patiala East Punjab State Union എന്ന ഇംഗ്ലീഷ് വാക്കുകളുടെ ആദ്യഅക്ഷരങ്ങൾ ചേത്തു ണ്ടാക്കിയിട്ടുള്ളതാണ്. പഴയ നാട്ടുരാജ്യങ്ങളായിരു ന്ന പട്യാലയും പൂർവ്വപഞ്ചാബും സംയോജിപ്പിച്ചുണ്ടാ ക്കിയിട്ടുള്ളതാണ്. ഈ പുതിയ സംസ്ഥാനം. ഇതും പൂർവ്വപഞ്ചാബും ഇൻഡ്യായൂണിയനിൽ ഉൾപെടു ന്നു. സിന്ധുസമതലത്തിൽ ജലസേചനംമൂലം ധാരാ ളം ഗോതമ്പും പരുത്തിയും നെല്ലും കൃഷിചെയ്യുന്നു. കറാച്ചിയാണ് സിൻന്ധുസംസ്ഥാനത്തിൻെറയും പാ ക്കിസ്ഥാൻെറയും തലസ്ഥാനനഗരം. പഞ്ചാബി ലെ പ്രധാനപട്ടണങ്ങൾ, സിക്കുകാരുടെ പുണ്യസ്ഥ ലമായ അമൃതസരസ്സും, ഒരു പ്രധാനവാണിജ്യകേന്ദ്ര മായ ലാഹോറും, ഒരു വ്യവസായകേന്ദ്രമായ ലൂധിയാ നായും ആകുന്നു. പഞ്ചാബിൻെറയും പട്യാലയുടെയും കിഴക്കുമാറിയാണ് ഉത്തരപ്രദേശത്തിൻെറ കിടപ്പ്. ഹിമാലയത്തിൻെറ തെക്കെചരിവിലുള്ള ഗംഗാസമ തലത്തിൽ പകുതിയോളം ഉത്തരപ്രദേശത്തിൽ ഉൾ പെടുന്നു. ഗോതമ്പ്, ചോളം, ബാർലി, കരിമ്പ്, മു തലായ കൃഷികൾ ഇവിടെ നടക്കുന്നു. ആഗ്രാ, കാശി, അലഹബാദ്, ലക്നൌ എന്നിവ പ്രധാനപട്ടണങ്ങ ളാണ്. സ്ഫടികം, ലോഹങ്ങൾ, മാർബിൾ ഇവകൊണ്ടു ള്ള ശില്പവേലകളാണ് പ്രധാനകൈത്തൊഴിൽ. ഉത്തര പ്രദേശത്തിനു തൊട്ടുകിഴക്കായി ബീഹാർ സംസ്ഥാനം

കിടക്കുന്നു. ഇതിന്റെ വടക്കുഭാഗം ഹിമാലയത്തിന്റെ തെക്കെ ചരിവും, തെക്കുഭാഗം അല്പം ഉയരമുള്ള കുന്നുകളും, മദ്ധ്യഭാഗം ഗംഗയുടെ തീരപ്രദേശവുമാണു്. ജലസമൃദ്ധിയുള്ള ഈ സംസ്ഥാനത്തിൽ നെല്ലു്, കരിമ്പു്, ചോളം, ചണം ഇവയുടെ കൃഷിയും, കോലരക്കു്, കൽക്കരി, ഇരുമ്പു്, അഭ്രം, മാംഗനീസു് ഇവയുടെ ഉൽപ്പാദനവും നടക്കുന്നു. തലസ്ഥാനമായ പാററ്നാ ചരിത്രപ്രസിദ്ധമായ ഒരു മനോഹരപട്ടണമാണു്. ബീഹാർ സംസ്ഥാനത്തിനു കിഴക്കും തെക്കുമായിട്ടാണു പൂർവ്വപശ്ചിമബംഗാൾ സംസ്ഥാനങ്ങൾ കിടക്കുന്നതു്. ധാരാളം വളവും ചൂടും മഴയുമുള്ള ഈ സംസ്ഥാനത്തിൽ ജനങ്ങൾ വളരെ തിങ്ങിക്കൂടി താമസിക്കുന്നു. അവിടെ നെല്ലു്, കരിമ്പു്, ചണം, പുകയില മുതലായവ സമൃദ്ധിയായി വിളയുന്നു. കടലാസ്, ചണം, ഇരുമ്പു്, കണ്ണാടി, മൺപാത്രം, ഇവയാണു് പ്രധാന വ്യവസായങ്ങൾ. പൂർവ്വബംഗാളിന്റെ തലസ്ഥാനം ചിററഗോംഗും പശ്ചിമബംഗാളിന്റെ തലസ്ഥാനം കൽക്കട്ടായും ആകുന്നു.

ഇൻഡ്യൻറിപ്പബ്ളിക്കിന്റെ തലസ്ഥാനമായ ഡൽഹി പൂർവപഞ്ചാബിനും ഉത്തരപ്രദേശത്തിനും മദ്ധ്യേ കിടക്കുന്ന ഒരു ചെറിയ സംസ്ഥാനമാണു്. 17 ലക്ഷം ജനങ്ങൾ ഇവിടെ വസിക്കുന്നു. ഇതു വലിയ വ്യവസായകേന്ദ്രവും വാണിജ്യകേന്ദ്രവും ആണു്. കസവുനൂൽ, ദന്തം ഇവ കൊണ്ടുള്ള വിചിത്രവേലകൾ ഇവിടെ നടക്കുന്നു.

3. മാറംവാ ഡക്കാൺ പീഠഭൂമി

മാറംവാ ഡക്കാൺ പീഠഭൂമിയിൽ ചില സംസ്ഥാനങ്ങളുടെ മുഴുവൻ ഭാഗവും വേറെ ചിലവയുടെ അംശങ്ങളും കിടക്കുന്നു. ഭൂരിഭാഗവും ഈ പ്രദേശത്തു കിടക്കുന്ന സംസ്ഥാനങ്ങൾ മദ്ധ്യഭാരത്, ഭോപാൽ, വിന്ധ്യാപ്രദേശ്, ഒറീസ്സാ, ഹൈദ്രബാദ്, ബോംബെ മൈസൂർ, കൂർഗ് ഇവയാണു്. ഈ പ്രദേശത്തു് കാടു പിടിച്ച വലിയ കുന്നുകളും ആഴമേറിയ താഴ്‌വരകളും പുൽമേടുകളും അങ്ങിങ്ങായി കാണാം. വർഷപാതവും ജലസേചനസൗകര്യങ്ങളും കുറവാണു്. തിന, പരുത്തി, പുകയില, എണ്ണക്കുരുക്കൾ, ഇവയാണു് പ്രധാന കൃഷികൾ. ഇരുമ്പു്, സ്വർണ്ണം, മാംഗനീസ് തുടങ്ങിയ ധാതുദ്രവ്യങ്ങൾ മൈസൂരിൽനിന്നും ഖനനം ചെയ്യുന്നു. സിമൻറു്, കടലാസ്, പഞ്ചസാര, തുകൽ സാമാനങ്ങൾ, സിഗററ്റ് ഇവ ഹൈദ്രബാദിൽ വ്യവസായം ചെയ്യുന്നു. ബോംബേസംസ്ഥാനത്തിൽ പരുത്തി, ചോളം, പുകയില, കമ്പു്, നിലക്കടല ഇവ ധാരാളമായി കൃഷിചെയ്യുന്നു. പഞ്ഞിവ്യവസായത്തിൽ ഒന്നാമത്തെ സ്ഥാനം ഈ സംസ്ഥാനത്തിനാണു്. തലസ്ഥാനമായ ബോംബെ തുറമുഖം ഇൻഡ്യയുടെ കവാടം എന്നറിയപ്പെടുന്നു.

വടക്കുപടിഞ്ഞാറെ ഇൻഡ്യയിൽ നാലു പ്രോവിൻസുകൾ ഉണ്ടു്. അവ രാജസ്ഥാൻ, അജ്മീർ, കച്ച്, സൗരാഷ്ട്രം എന്നിവയാണു്. ഇവ സിന്ധുഗംഗാ സമതലത്തിൻെറയും ഡക്കാൺപീഠഭൂമിയുടെയും ഇടയ്ക്കു കിടക്കുന്നു. പല രാജപുത്രരാജ്യങ്ങളെ യോ

ജിപ്പിച്ചാണ്, രാജസ്ഥാൻ എന്നൊരു സംസ്ഥാനം രൂപവല്ക്കരിച്ചിരിക്കുന്നതു്. മഴ കുറവാകയാൽ അതിൽ ജനവാസം കുറവാണ്.

പശ്ചിമതീരത്തിൽ കിടക്കുന്ന ഏക സംസ്ഥാനം തിരുവിതാംകൂർ കൊച്ചിയാണ്. അതു തിരുവിതാംകൂറിനെയും കൊച്ചിയേയും 1949-ൽ സംയോജിപ്പിച്ചതുമൂലം ഉണ്ടായിട്ടുള്ളതാണല്ലോ. ഇവിടെ നെല്ല്, തെങ്ങ്, റബർ, തേയില, കാപ്പി, ചുക്ക്, മുളക്, ഏലം മുതലായവ വിളയുന്നു. തലസ്ഥാനം തിരുവനന്തപുരമാണ്.

പൂർവ്വതീരത്തിൽ മദ്രാസ് സംസ്ഥാനവും ആന്ധ്റാ സംസ്ഥാനവും കിടക്കുന്നു. ആന്ധ്റാ സംസ്ഥാനം 1953-ൽ മാത്രം രൂപവല്ക്കരിക്കപ്പെട്ടതാണ്. പൂർവ്വതീരത്തു കിടക്കുന്ന ഈ സംസ്ഥാനങ്ങളിൽ മഴ കുറവാണെങ്കിലും, ജലസേചനംമൂലം ചോളം, നെല്ല്, കരിമ്പ്, വാഴ, എണ്ണക്കുരുക്കൾ, പുകയില ഇവ വിളയുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ തലസ്ഥാനം മദ്രാസുപട്ടണവും ആന്ധ്റാസംസ്ഥാനത്തിന്റെതു് കർണ്ണൂലും ആകുന്നു. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ പൂർവ്വതീരം തൊട്ടുകിടക്കുന്ന രണ്ടു ദ്വീപുകളാണ്. അവ വലിയ കുററവാളികളെ നാടുകടത്തുന്ന സ്ഥലങ്ങളായിരുന്നു. ഇപ്പോൾ ഒരു ഉപനിവേശസ്ഥാനമായി വരികയാണ്. തലസ്ഥാനം പോർട്ടുബ്ലയർ തുറമുഖമാണ്.

ഇങ്ങനെ ആകെ ഇൻഡ്യാ മഹാരാജ്യത്തിൽ 29—ം പാകിസ്ഥാനിൽ 5—ം സംസ്ഥാനങ്ങളുണ്ട്.

ചോദ്യങ്ങൾ

1. ഇൻഡ്യയിൽ എത്ര പ്രകൃതിവിഭാഗങ്ങളുണ്ടു്? അവയുടെ പേരു പറയുക.
2. അവയിൽ ഓരോന്നിലും ഉൾപ്പെടുന്ന സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനങ്ങളും ഒരു പടത്തിൽ അടയാളപ്പെടുത്തുക.

അദ്ധ്യായം 14

ഇൻഡ്യാ യൂണിയൻ ഭരണം

ഇൻഡ്യായൂണിയൻ ഒരു ജനാധിപത്യറിപ്പബ്ലിക്കാണ്. അതു ലോകത്തിൽ മററൊരു മഹാശക്തിയുടെയും കീഴിലല്ല. ഈ യൂണിയനെ ഭരിച്ചുകൊണ്ടുപോകുന്നതു പ്രസിഡൻറ് എന്ന ഉദ്യോഗസ്ഥനാണ് അദ്ദേഹത്തിൻെറ ആസ്ഥാനം ന്യൂഡൽഹി നഗരമാകുന്നു. പ്രസിഡണ്ടിൻെറ ഭരണകാലാവധി 5 കൊല്ലമാണ്. ഇപ്പോഴത്തെ പ്രസിഡണ്ടു്, ബാബു രാജേന്ദ്രപ്രസാദ് എന്ന മഹാനാണ്. അദ്ദേഹത്തിൻെറ സഹായത്തിനായി ഒരു വൈസ് പ്രസിഡണ്ടും ഉണ്ടു്. ഇപ്പോഴത്തെ വൈസ്പ്രസിഡണ്ടു് ഡോക്ടർ എസ്. രാധാകൃഷ്ണൻ എന്ന വേറൊരു മഹാനാണ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പൊതുവായ ഭരണം നടത്തിക്കൊണ്ടുപോകുന്നതു് ഒരു കേന്ദ്രമന്ത്രിസഭയാണ്. ഇപ്പോഴത്തെ പ്രധാനമന്ത്രി, ശ്രീ. ജവഹർ

ലാൽ നെഹ്റു ആകുന്നു. അദ്ദേഹം മററു മന്ത്രിമാരെ തെരെഞ്ഞെടുത്തു വരുന്നു.

കേന്ദ്രത്തിൽ രണ്ടു നിയമസഭകളുണ്ടു്. അവയിൽ ഒന്നിൻെറ പേരു ജനസഭ എന്നും മറേറതിൻെറ പേരു് "കൗൺസിൽ ഓഫ് സ്റ്റേററ്സ്" എന്നും ആണു്. ജനസഭയിൽ ഇപ്പോൾ 489 അംഗങ്ങളുണ്ടു്. 500-ൽ കവിയാൻ പാടില്ലെന്നാണു് നിയമം. കൗൺസിൽ ഓഫ് സ്റ്റേററിൽ 228 അംഗങ്ങളും ഉണ്ടു്. ഈ രണ്ടു കേന്ദ്രസഭകളും ചേരുന്നതിനെയാണു് യൂണിയൻ പാർല്യമെൻറ് എന്നു വിളിക്കുന്നതു്.

കേന്ദ്രത്തിലെ മന്ത്രിസഭയുടെ ഭരണം, ഇൻഡ്യാ യൂണിയനിൽ പെട്ട എല്ലാ സംസ്ഥാനങ്ങളെയും ഒന്നുപോലെ സംബന്ധിക്കുന്നതാണു്. ഈ യൂണിയനിലെ ഗതാഗതം, നാണയം, വിദേശനയം, രാജ്യരക്ഷ, തപാൽ, കമ്പി ഇവയൊക്കെയാണു് പൊതുഭരണത്തിൽ പെട്ട വകുപ്പുകൾ. വിദ്യാഭ്യാസം, ഭൂനികുതി, നീതിന്യായം, പോലീസ്, കൃഷി, വ്യവസായം, സഹകരണം, എൻജിനീയറിങ്ങ് മുതലായ വകുപ്പുകളുടെ ഭരണം ഓരോ പ്രത്യേകസംസ്ഥാനത്തിലുമുള്ള നിയമസഭകൾക്കും മന്ത്രിസഭകൾക്കും വിട്ടു കൊടുത്തിരിക്കുകയാണു്.

ചോദ്യങ്ങൾ

1. ഇൻഡ്യയുടെ പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, പ്രധാനമന്ത്രി ഇവരുടെ പേരു പറയുക.
2. കേന്ദ്രമന്ത്രിസഭയെ എങ്ങനെ തെരഞ്ഞെടുക്കുന്നു?

അദ്ധ്യായം 15.

സാംസ്ഥാനിക ഭരണം

ഇൻഡ്യാ യൂണിയനിൽ 29 സംസ്ഥാനങ്ങൾ ഉള്ളതായി നാം മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവ ഏതേതു പ്രകൃതിവിഭാഗങ്ങളിൽപ്പെട്ടു കിടക്കുന്നു എന്നു നാം കണ്ടു.

അവയെ ചില പ്രത്യേകകാരണങ്ങളാൽ "എ" "ബി" "സി" "ഡി" എന്നു നാലു ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. അവയിൽ "എ" വിഭാഗത്തിൽ പെട്ട 9 സംസ്ഥാനങ്ങൾ ബ്രിട്ടീഷ്ഭരണകാലത്തു് ഗവർണ്ണർമാർ ഭരണം നടത്തിയിരുന്നവയാണ്. അവയ്ക്കുട്ടത്തുണ്ടായിരുന്ന ചെറുരാജ്യങ്ങളെയും അവയിൽ ലയിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും അവിടത്തെ ഭരണം നടത്തുന്നതു്, ഇൻഡ്യൻ പ്രസിഡൻറ് തെരഞ്ഞെടുത്തയയ്ക്കുന്ന ഭാരതീയ ഗവർണ്ണർമാരാണ്. ഗവർണ്ണരുടെ കീഴിൽ കേന്ദ്രത്തിലെപ്പോലെ ഒരു ജനകീയമന്ത്രിസഭയുണ്ട്. പ്രധാനമന്ത്രി ഒരു സംസ്ഥാനത്തിൽ കൂടുതൽ പ്രാബല്യമുള്ള രാഷ്ട്രീയകക്ഷിയുടെ നേതാവായിരിക്കും. പ്രധാനമന്ത്രിയാണ് തൻെറ സഹമന്ത്രിമാരെ തെരഞ്ഞെടുക്കുന്നതു്. ഓരോ സംസ്ഥാനത്തിലും ഓരോ ജനപ്രതിനിധിസഭയുണ്ടായിരിക്കും. 21 വയസ്സു പൂർത്തിയായ ഓരോ വ്യക്തിക്കും വോട്ടു ചെയ്യുവാൻ അവകാശമുണ്ട്. ഒരു ലക്ഷത്തോളം ജനങ്ങൾക്ക ഒരു പ്രതിനിധി എന്നാണ് കണക്ക്. ചില വലിയ സംസ്ഥാനങ്ങളിൽ ലെജി

സ്ലേറററീവ് കൗൺസിൽ എന്ന പേരിൽ ഒരു സഭയും ഉണ്ടായിരിക്കും. "എ" വിഭാഗത്തിൽ പെട്ട സംസ്ഥാനങ്ങളുടെയും അവയുടെ തലസ്ഥാനങ്ങളുടെയും പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

സംസ്ഥാനങ്ങൾ		തലസ്ഥാനങ്ങൾ
1.	മദ്രാസ്	മദ്രാസ്
2.	ആന്ധ്രാ	കർണൂർ
3.	ബോംബെ	ബോംബെ
4.	മദ്ധ്യപ്രദേശം	നാഗപുരം
5.	ഒറീസാ	ഭുവനേശ്വരം
6.	പശ്ചിമബംഗാൾ	കല്ക്കട്ടാ
7.	ആസ്സാം	ഷില്ലോംഗ്
8.	ബീഹാർ	പാററ്നാ
9.	ഉത്തരപ്രദേശം	ലക്നൗ
10.	പഞ്ചാബ്	ചണ്ഡിഗാർ

"ബി" ഗ്രൂപ്പിൽപെട്ട സംസ്ഥാനങ്ങൾ മുൻപു് നാട്ടുരാജാക്കന്മാർ ഭരിച്ചുവന്നിരുന്നവയാണ്. ഏകദേശം അറനൂററി അമ്പതോളം നാട്ടുരാജ്യങ്ങൾ ഇൻഡ്യയിലുണ്ടായിരുന്നു. അവയിൽ ചെറിയ രാജ്യങ്ങളെ സംയോജിപ്പിക്കുകയും, വലിയ രാജ്യങ്ങളെ അതേപടി സംരക്ഷിക്കുകയും ആണ് ഇപ്പോൾ ചെയ്തിരിക്കുന്നതു്. സംയോജിപ്പിക്കപ്പെട്ട രാജ്യങ്ങളിലെ നാടുവാഴികളിൽ പ്രമുഖനെ "രാജപ്രമുഖൻ" എന്ന സ്ഥാനപ്പേരിൽ പുതിയ സംയുക്തസംസ്ഥാനത്തിലെ ഭരണകർത്താവാക്കിയിരിക്കുന്നു. "ബി" ഗ്രൂപ്പിൽപെട്ട സംസ്ഥാനങ്ങളുടെ പേരും അവയുടെ തലസ്ഥാനങ്ങളും താഴെ കൊടുത്തിരിക്കുന്നു.

സംസ്ഥാനങ്ങൾ	തലസ്ഥാനങ്ങൾ
1. ഹൈദരബാദ്	ഹൈദ്രബാദ്
2. മൈസൂർ	മൈസൂർ
3. തിരു-കൊച്ചി	തിരുവനന്തപുരം
4. മദ്ധ്യഭാരതം	ഗ്വാളിയർ & ഇൻഡോർ
5. സൗരാഷ്ട്രം	രാജക്കോട്ട്
6. രാജസ്ഥാനം	ജയപ്പൂർ
7. പെപ്സു	പട്ട്യാല
8. കാഷ്മീർ	ശ്രീനഗർ

"സി" ഗ്രൂപ്പിൽപ്പെട്ട സംസ്ഥാനങ്ങൾ മുൻപ് ലഫ്ററനൻറ് ഗവർണ്ണർ, ചീഫ് കമ്മീഷണർ എന്നീ പേരിലുള്ള ഉദ്യോഗസ്ഥന്മാർ ഭരിച്ചിരുന്ന പ്രദേശങ്ങളാണ്. അവയെ ഭരിക്കുന്നതു കേന്ദ്രഗവമെൻറിൽ നിന്നും നിയമിച്ചിട്ടുള്ള ചീഫ്കമ്മീഷണർമാരാണ്. അവയ്ക്കു "എ", "ബി" ഗ്രൂപ്പുകാക്കുള്ള പല അവകാശങ്ങളും ഇല്ല. "സി" ഗ്രൂപ്പിൽ പെട്ട സംസ്ഥാനങ്ങളുടെ പേരും അവയുടെ തലസ്ഥാനങ്ങളും താഴെ കൊടുത്തിരിക്കുന്നു.

സംസ്ഥാനങ്ങൾ	തലസ്ഥാനങ്ങൾ
1. വിന്ധ്യാപ്രദേശം	റീവാ
2 ഡൽഹി	ഡൽഹി
3. ഹിമാചൽപ്രദേശം	മാൻഡി
4. ബോപാൽ	ബോപാൽ
5. അജ്മീർ	അജ്മീർ
6. ക്കൂർഗ്	മെക്കാറാ
7. കച്ച്	ഭജ്

8. ത്രിപുരം	അഗർത്തല
9. മണിപുരം	ഇംഫാൽ

"ഡി" ഗ്രൂപ്പിൽപ്പെട്ട ആൻഡമാൻസ്, നിക്കോബാർസ് ദ്വീപുകൾ കേന്ദ്രഗവണ്മെൻറിൻെറ നേരിട്ടുള്ള ഭരണത്തിലാണു്. അതിൻെറ തലസ്ഥാനം പോർട്ട് ബ്ളെയർ എന്ന പട്ടണമാകുന്നു.

ചോദ്യങ്ങൾ

1. എ, ബി, സി. ഡി, എന്നിങ്ങനെ 4 ഗ്രൂപ്പുകളായി തരംതിരിക്കുവാൻ കാരണമെന്തു്?

2. ഓരോ സംസ്ഥാനവും അതിൻെറ തലസ്ഥാനവും ഒരു പടത്തിൽ അടയാളപ്പെടുത്തുക.

മൂന്നാംഭാഗം

ആസ്ത്രേലിയാ

അദ്ധ്യായം 1

പ്രാരംഭം

കിടപ്പ്.

ആസ്ത്രേലിയ ആണു് ഏററവും ചെറിയ ഭൂഖണ്ഡം. ഇതു ദക്ഷിണ പസഫിക്ക് സമുദ്രത്തിൽ കിടക്കുന്ന ഒരു വലിയ ദ്വീപാണു്. ആകയാൽ അതിനെ ദ്വീപ് ഭൂഖണ്ഡം എന്നു വിളിക്കാറുണ്ട്. ഇതു ദക്ഷിണാർദ്ധഗോളത്തിൽ 10-ം 40-ം ഡിഗ്രി അക്ഷാംശങ്ങൾക്കുള്ളിൽ കിടക്കുന്നു. അതിൻെറ ഉത്തരഭാഗം

ഉഷ്ണമേഖലയിലും ദക്ഷിണഭാഗം ദക്ഷിണശാന്തമേഖലയിലും കിടക്കുന്നു. അതിന്റെ ഉള്ളളവ് 30 ലക്ഷം ചതുരശ്രമൈലാണ്.

സമുദ്രതീരം

ആസ്ത്രേലിയായുടെ തീരത്തിൽ കടൽപ്പിളർപ്പുകൾ ചുരുക്കമാണ്. വടക്കേ തീരത്തുകിടക്കുന്ന കാർപ്പന്റേറിയാ ഉൾക്കടലും, തെക്കേതീരത്തുള്ള ഗ്രേറ്റ് ആസ്ത്രേലിയൻ ബൈറ്റും, വലിയ ജലവിഭാഗങ്ങളാകയാൽ അവയെ കടൽപ്പിളർപ്പുകൾ എന്നു വിളിക്കാൻ പാടില്ല. എന്നാൽ കിഴക്കേതീരത്തു വിസ്താരം കുറഞ്ഞ ഒരു സമതലത്തിൽക്കൂടി ഏതാനും ചെറുനദികൾ കടലിലേക്കൊഴുകുന്നുണ്ട്. അവയുടെ മുഖങ്ങളിൽ കപ്പലുകൾക്കു സൗകര്യമായി വന്നടുക്കാവുന്ന തുറമുഖങ്ങളുണ്ട്. തെക്കേ തീരത്തുകിടക്കുന്ന സ്പെൻസർ ഉൾക്കടലും സെൻറുവിൻസൻറു ഉൾക്കടലും രണ്ടു കടൽപ്പിളർപ്പുകളാണെന്നു പറയാം.

ഇതിന്റെ കണ്ടുപിടുത്തം

ആസ്ത്രേലിയാ എന്ന വാക്കിന്റെ അർത്ഥം, "ദക്ഷിണഭൂഖണ്ഡം" എന്നാണ്. ഈ ഭൂഖണ്ഡം ആദ്യമായി കണ്ടുപിടിച്ചതു്, 17-ാം ശതകത്തിൽ ജീവിച്ചിരുന്ന ചില ഡച്ചു നാവികന്മാരായിരുന്നു. 1642-ൽ ടാസ്മൻ എന്ന ഒരു ഡച്ചു നാവികൻ ആസ്ത്രേലിയാഭൂഖണ്ഡത്തിന്റെ തെക്കുഭാഗത്തു കണ്ടുപിടിച്ച ഒരു ദ്വീപിനെയാണ് ഇപ്പോൾ നാം ടാസ്മേനിയാ എന്നു വിളിച്ചുവരുന്നതു്. ഡച്ചുകാർ ഈ ഭൂഖണ്ഡത്തിനു ന്യൂ

ഹോളണ്ട് എന്നപേരുകൊടുത്തു. എങ്കിലും ഇതിൽ കുടിയേറിപ്പാർക്കണമെന്നുള്ള മോഹം അന്ന് അവക്കുണ്ടായിരുന്നില്ല. അക്കാലത്തു ഇന്നത്തേപ്പോലുള്ള ജീവിതമത്സരവും ഇല്ലായിരുന്നു.

അങ്ങനെയിരിക്കെ, ക്യാപ്റ്റൻ കുക്ക് എന്ന പേരായ ഒരു ബ്രിട്ടീഷ് നാവികൻ ആസ്ട്രേലിയായിലും, അടുത്തുകിടക്കുന്ന ന്യൂസിലാണ്ടിലും ചെന്നെത്തുകയും, അതു് ഇംഗ്ലണ്ടിലെ രാജാവിൻെറ പേരിൽ കൈവശപ്പെടുത്തുകയും ചെയ്തു. അതിനുശേഷം അദ്ദേഹവും കൂട്ടയാത്രക്കാരും, ആസ്ട്രേലിയായിലെ മനോഹരമായ പ്രകൃതിവിലാസത്തെയും സുഖകരമായ കാലാവസ്ഥയേയും പററി ഇംഗ്ലണ്ടിൽ പലപ്രചരണവേലകൾ നടത്തി. അതിൻെറ ഫലമായി ബ്രിട്ടീഷുകാരിൽ ആരുംതന്നെ ആസ്ട്രേലിയായിലേക്കു കുടിപുറപ്പെട്ടു പോയില്ലെങ്കിലും, കുററവാളികളെ നാടുകടത്തുന്നതിലേക്ക് ഈ ഭൂഖണ്ഡദ്വീപിനെ അന്നുമുതൽ ബ്രിട്ടീഷ് ഗവമെൻറു ഉപയോഗിച്ചുതുടങ്ങി.

ഈ ദ്വീപിൽ നല്ലയിനം കോലാടുകളെ വളത്തുന്നതിനു വേണ്ട സൗകൎയ്യങ്ങളുണ്ടെന്നു് 1800-ാമാണ്ടിൽ ബ്രിട്ടീഷ് ഗവമെൻറിനു മനസ്സിലാകുകയും, അവർ ആ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതോടുകൂടി പുതുതായി പല ബ്രിട്ടീഷ്കാർ ആസ്ട്രേലിയായിൽചെന്നു താമസമുറപ്പിച്ചു. അങ്ങനെയിരിക്കവെ, ആസ്ട്രേലിയാ, സ്വൎണ്ണം വിളയുന്ന നാടാണെന്നുള്ള ശ്രുതി ഇംഗ്ലണ്ടിൽ വ്യാപിച്ചു. തൽഫലമായി അനേകം ബ്രിട്ടീഷുകാർ തങ്ങൾക്കുള്ള സ്വത്തുക്കളെല്ലാം വിററു്, ആസ്ട്രേലിയായിൽ വന്നെത്തി. കു

ആസ്ട്രേലിയാ ഭൂപ്രകൃതി

റെക്കാലം കഴിഞ്ഞപ്പോഠം ഈ പുതിയ കുടിയേററക്കാർ വലിയ പണക്കാരായിത്തീൎന്നു. ഇങ്ങനെ ലഭിച്ച മൂലധനം ഉപയോഗിച്ച് അവർ, ആട്ടുവളൎത്തൽ, കൃഷി, വ്യവസായം, വാണിജ്യം ഇവ നടത്തുകയും ഖനികഠം കഴിച്ച് സ്വൎണ്ണം, വെള്ളി, കൽക്കരി, മണ്ണെണ്ണ മുതലായവ സംഭരിക്കയും ചെയ്തു. ഇങ്ങനെ ഒരു നൂററാണ്ടിനുള്ളിൽ അനേകം കുടിപാൎപ്പുകേന്ദ്രങ്ങഠം അവർ ആസ്ത്രേലിയായിൽ സ്ഥാപിക്കുകയുണ്ടായി. 1900-ാമാണ്ടിൽ ഈ കുടിപാൎപ്പുകേന്ദ്രങ്ങളെല്ലാം സംയോജിപ്പിച്ച് ഒരു പൊതുഗവണ്മെൻറു രൂപവല്കരിച്ചു.

ആസ്ത്രേലിയായിലെ ജനസംഖ്യ 60 ലക്ഷം മാത്രമാണ്. ബ്രിട്ടീഷ് വൎഗക്കാരുടെ സ്വന്തകേന്ദ്രമാക്കി വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ജനസംഖ്യ കുറവായിരിക്കുന്നതു്. ആസ്ത്രേലിയായുടെ വടക്കെ ഭാഗം ഉഷ്ണമേഖലയിൽ പെട്ട മൺസൂൺ പ്രദേശമാകയാൽ, ബ്രിട്ടീഷ് ജനതയ്ക്കു ആ പ്രദേശം വാസയോഗ്യമല്ല. അവർ ആ പ്രദേശങ്ങളിൽമററാരെയും പ്രവേശിപ്പിക്കുന്നും ഇല്ല. ആകയാൽ ആ സ്ഥലങ്ങഠംക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാകുക അത്ര എളുപ്പമല്ല.

ചോദ്യങ്ങഠം

1. ആസ്ത്രേലിയാ എന്ന പദത്തിൻെറ അൎത്ഥമെന്തു്?
2. അതു കണ്ടുപിടിച്ച യൂറോപ്യന്മാർ ആരെല്ലാം?
3. വേഗത്തിൽ കുടിപാൎപ്പുകാർ വൎദ്ധിക്കുവാൻ കാരണമെന്തു്?

അദ്ധ്യായം 2

ഭൂപ്രകൃതി. ആസ്ത്രേലിയായിൽ മൂന്നു പ്രധാന പ്രകൃതിവിഭാഗങ്ങൾ നാം കാണുന്നുണ്ടു്.

1) കിഴക്കുഭാഗത്തുകിടക്കുന്ന മലകളും കുന്നുകളും
2) മദ്ധ്യഭാഗത്തു കിടക്കുന്ന സമതലം
3) പടിഞ്ഞാറു ഭാഗത്തു കിടക്കുന്ന പീഠപ്രദേശം

1. കിഴക്കൻമലകൾ

ആസ്ത്രേലിയായുടെ കിഴക്കേതീരം സംബന്ധിച്ചു കിടക്കുന്ന മലമ്പ്രദേശങ്ങൾക്കു പല സ്ഥലങ്ങളിൽ പലപേരുകളുണ്ടു്. തെക്കുകിഴക്കു് ആസ്ത്രേലിയൻ ആല്പ്സ് എന്നും, അതിനു തൊട്ടു വടക്കു്, ബ്ളു മൌണ്ടൻസ് എന്നും, അതിനെ വിളിച്ചുവരുന്നു. മലമ്പ്രദേശങ്ങളുടെ കിഴക്കേച്ചെരുവിൽ സമുദ്രതീരത്തോടടുത്തു് വിതികുറഞ്ഞ ഒരു കൃഷിഭൂമിയുണ്ടു്. ആ മലകളുടെ പടിഞ്ഞാറെ ചരിവിൽ ആടുമേച്ചിലിനു പററിയ വിസ്തൃതമായ നല്ല പുൽമേടുകളും ഉണ്ടു്. ടാസ്മേനിയാ എന്ന ദ്വീപു് ഇവയ്ക്കു് തെക്കായി കിടക്കുന്നു.

2. മദ്ധ്യസമതലം

കിഴക്കൻമലകൾക്കു് പടിഞ്ഞാറായി കിടക്കുന്ന മദ്ധ്യസമതലത്തിന്റെ മദ്ധ്യം, സമുദ്രനിരപ്പിൽ നിന്നും താണുകിടക്കുന്നു. അവിടെ മഴ ലഭിക്കുന്നില്ല. ഈ പ്രദേശത്തിന്റെ വടക്കുഭാഗങ്ങളിൽ മഴ ധാരാളം ലഭിക്കുന്നതുകൊണ്ടു് അവിടെ വൻകാടുകളും കൃഷിസ്ഥല

ങ്ങളും ഉണ്ട്. ഈ മദ്ധ്യസമതലത്തിൽക്കൂടി, മുറേ ഡാർലിംഗ് നദിയും അതിൻെറ പോഷകനദികളും ഒഴുകുന്നു. അവയുടെ തീരപ്രദേശം കൃഷിയ്ക്കും കന്നുകാലിവളത്തലിനും പററിയതാണു്.

മുറേ നദി, ആസ്ത്രേലിയായുടെ കിഴക്കേ തീരത്തു കിടക്കുന്ന ആസ്ത്രേലിയൻ ആൽപ്സ് എന്ന പർവ്വതനിരയിൽനിന്നും ഉത്ഭവിച്ചു, അതിൻെറ വടക്കുഭാഗത്തുള്ള മലകളിൽനിന്നും, പുറപ്പെടുന്ന ഡാർലിംഗ് നദിയുമായി യോജിച്ചു തെക്കോട്ടൊഴുകി മദ്ധ്യസമതലങ്ങളെ ഫലവത്താക്കുന്നു.

3. പശ്ചിമപീഠഭൂമി

പശ്ചിമഭാഗത്തു കിടക്കുന്ന പീഠഭൂമിക്കു് വളരെ വിസ്തീർണ്ണതയുണ്ട്. അതിനു സമുദ്രനിരപ്പിൽനിന്നും 1000 മുതൽ 3000 വരെ അടി ഉയരം വരും. ഇതിനു പടിഞ്ഞാററായി സമുദ്രതീരത്തിൽ വളരെ ഇടുങ്ങിയ ഒരു സമതലമുണ്ട്. അതിൻെറ വടക്കും തെക്കും ഭാഗങ്ങളിൽ കൃഷിഭൂമികളും മദ്ധ്യത്തിൽ വിശാലമായ പുൽത്തടങ്ങളും ഉണ്ടു്. ഈ പുൽത്തകിടികളിൽ ആടുമാടുകളെ വളത്തുന്നു. ഈ പശ്ചിമഭൂമിയുടെ വിസ്താരമേറിയ കിഴക്കേ പകുതി കേവലം ഫലശൂന്യമാണു്. അതു മദ്ധ്യസമതലത്തോടു യോജിച്ചുകിടക്കുന്നു.

ആസ്ത്രേലിയായിലെ ആടുമാടു വളത്തൽ

ആസ്ത്രേലിയായിൽ ആടുമാടുകളെ വമ്പിച്ച തോതിൽ വളത്തിവരുന്നു. അവയ്ക്കു തീററികൊടുക്കുന്ന

തിനാവശ്യമായ വിസ്തൃതമായ പുൽമേടുകൾ ആസ്ത്രേലിയായിൽ ഉള്ളതാകുന്നു. അതിനുള്ള കാരണം ആസ്ത്രേലിയായുടെ പകുതി ഭാഗവും പുൽപ്രദേശങ്ങളാകയാൽ അവയിൽകൂടി ആട്ടിടയന്മാർ, കുതിരപ്പുറത്തു കയറി സഞ്ചരിച്ചാണു് ആട്ടിൻപററങ്ങളെ സൂക്ഷിക്കുന്നതു്.

ആട്ടുവളത്തലിനു പററിയ സ്ഥലങ്ങൾ 10 ഇഞ്ചിനും 20 ഇഞ്ചിനും ഇടയ്ക്കുള്ള മഴയും, മിതമായ ഉഷ്ണവും ഉള്ള പ്രദേശങ്ങളാണു്. അങ്ങനെയുള്ള സ്ഥലങ്ങൾ പശ്ചിമപീഠഭൂമിയിലും, കിഴക്കെ മലംപ്രദേശങ്ങളുടെ കിഴക്കേചെരിവിലും, മദ്ധ്യസമതലത്തിലും ധാരാളം ഉണ്ടു്. ഇത്രത്തോളം ആട്ടുവളത്തലിനു യോജിച്ച സ്ഥലങ്ങൾ ഭൂലോകത്തിൽ മറെറങ്ങുമില്ല. ആകയാൽ ഏകദേശം 20 കോടിയിലധികം ആട്ടുകളെ ആസ്ത്രേലിയാക്കാർ വളത്തിവരുന്നു. അവിടെ വളത്തുന്ന ആട്ടുകളുടെ മാംസത്തിനും രോമത്തിനുമുള്ള ഗുണം ലോകപ്രസിദ്ധമാണു്.

ആട്ടുമാട്ടുകൾ നല്ലനല്ല മേച്ചിൽസ്ഥലങ്ങളിൽകൂടി തിന്നു മദിച്ചു് ഓടിനടക്കുന്നതു് അത്യന്തം കൗതുകകരമായ ഒരു കാഴ്ചയാണു്. അവ അല്പകാലത്തിനുള്ളിൽ പെററുപെരുകുന്നതുകൊണ്ടു്, ഈ തൊഴിൽ വളരെ ആദായകരമാകും. ശീതകാലത്തു് അവയുടെ നീണ്ടരോമങ്ങൾ ശരീരരക്ഷയ്ക്കു് അത്യാവശ്യമാണു് എന്നാൽ വേനൽക്കാലം സമീപിക്കുമ്പോൾ ആട്ടിടയന്മാർ അവയെ വലിയ കുളങ്ങളിലിറക്കി അങ്ങോട്ടും ഇങ്ങോട്ടും പായിക്കുന്നു. അങ്ങനെ അവർ ആട്ടുരോമ

ങ്ങളെ ശുദ്ധി ചെയ്ത ശേഷം, പ്രത്യേകയന്ത്രങ്ങളുപ യോഗിച്ച് അവയെ കത്രിച്ചെടുത്തു. വലിയ കെട്ടു കളാക്കിക്കെട്ടി വിദേശങ്ങളിലേക്കയയ്ക്കുന്നു.

വേനല്ക്കാലമാകുമ്പോൾ കുടിക്കാൻ വെള്ളം കിട്ടാതെ ആട്ടിൻപററങ്ങൾ കൂട്ടത്തോടെ ചത്തുപോകുക പതിവാണ്. അങ്ങിനെയുള്ള അവസരങ്ങളിൽ നല്ലതുപോലെ കൊഴുത്ത ആടുകളെ ആട്ടിടയന്മാർ കശാപ്പുചെയ്ത്, മാംസം കപ്പലുകളിൽ ഭദ്രമായി കയററി, മഞ്ഞിൽ പൊതിഞ്ഞ്, ബ്രിട്ടൻ മുതലായ വിദേശരാജ്യങ്ങളിലേക്കു അയച്ചുകൊടുക്കുന്നു. അതുപോലെ തന്നെ ആട്ടിൻതോലുകളും വിദേശങ്ങളിലേക്ക് അവർ കയററി അയച്ച് ധാരാളം പണം സമ്പാദിക്കുന്നു. ഈ വ്യവസായം അധികമായി നടക്കുന്നതു് ന്യൂസൗത്ത് വെയിത്സ് എന്ന സംസ്ഥാനത്തിലാണ്.

ആടുകളുടെ വളർച്ചക്കാവശ്യമുള്ളതിൽ കൂടുതൽ മഴയും ചൂടും ഉള്ള പ്രദേശങ്ങളാണ് കന്നുകാലികളുടെ വളർച്ചക്കാവശ്യമുള്ളതു്. അതിനാൽ കന്നുകാലിവളർത്തലിനു പററിയ സ്ഥലങ്ങൾ കിഴക്കേതീരത്തുള്ള ക്വീൻസ്ലണ്ട് എന്ന കോളനിയിലാണ്. ഇവിടെ ഒന്നരക്കോടിയോളം കന്നുകാലികളെ വളർത്തിവരുന്നു. അവയുടെ മാംസവും മേൽവിവരിച്ച വിധത്തിൽ മഞ്ഞിൽ പൊതിഞ്ഞ് ചീയാതെ യൂറോപ്യൻരാജ്യങ്ങളിലേക്ക് കയററി അയച്ചുവരുന്നു. കന്നുകാലികളുടെ പാലും വെണ്ണയും കേടുവരാതെ ഭദ്രമായി വലിയ വീപ്പകളിൽ അടച്ച്, ബ്രിട്ടൻ മുതലായ വിദേശങ്ങളിലേക്കു കയററുമതി ചെയ്തുവരുന്നു.

ആസ്ത്രേലിയായിലെ ലോഹഖനനം

ആസ്ത്രേലിയായിലെ ധാതുദ്രവ്യസമ്പത്തിൽ, പ്രധാനപ്പെട്ടവ സ്വർണ്ണം, വെള്ളി, ചെമ്പ്, ഈയം, നാകം, കല്ക്കരി, മണ്ണെണ്ണ, രത്നം ഇവയാകുന്നു. ഇവയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു് സ്വർണ്ണമാണു്. 1851-ാമാണ്ടിൽ ഒരിടയച്ചെറുക്കൻ, മദ്ധ്യസമതലപ്രദേശത്തുള്ള ഒരു അരുവിയിൽ കണ്ണും തുറന്നു മുങ്ങിക്കളിക്കവേ, അവൻെറ ദൃഷ്ടി അതിൻെറ അടിത്തട്ടിൽ കിടന്നു മിന്നിത്തിളങ്ങിയ ഒരു സ്വർണ്ണക്കട്ടയിൽ പതിച്ചു. ഈ വാർത്ത യൂറോപ്പിലും അമേരിക്കയിലും കാട്ടുതീ പോലെ പടർന്നുപിടിച്ച അവസരത്തിലാണു്, അനേകം കുടിപാർപ്പുകാർ ആസ്ത്രേലിയായിൽ വന്നു ചേർന്നതു്. കാലാന്തരത്തിൽ ഇങ്ങനെയുള്ള സ്വർണ്ണശേഖരണം നിലച്ചു പോയെങ്കിലും, ഇപ്പോഴും ആസ്ത്രേലിയായിൽ വിലപിടിച്ച ലോഹപദാർത്ഥങ്ങൾ, ഖനനം ചെയ്യപ്പെടുന്നുണ്ടു്.

അങ്ങനെയുള്ള ഖനികൾ ഇപ്പോൾ കാണുന്നതു് വിക്ടോറിയാ സംസ്ഥാനത്തിലുള്ള ബെൻഡിഗോ, ബാർലട്ടു് എന്നീ സ്ഥലങ്ങളിലും പശ്ചിമാസ്ത്രേലിയായിലുള്ള കൂൾഗാർഡി, കാൾഗ്രൂർലി എന്നസ്ഥലങ്ങളിലും ന്യൂസൗത്തുവെയിത്സിലുള്ള ബ്രോക്കൺ ഹിൽ എന്ന സ്ഥലത്തും ആണു്. കൂൾഗാർഡിയും കാൾഗ്രൂർലിയും ആണു് മേൽ പ്രസ്താവിച്ചവയിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു്.

സകലവ്യവസായങ്ങൾക്കും ആവശ്യമായ കല്ക്കരി ധാരാളം കിട്ടുന്നതു് ക്വീൻസ്ലണ്ടു് സംസ്ഥാന

ത്തുള്ള ജിപ്സ്‌വിച്ച് എന്ന സ്ഥലത്തും, ന്യൂ സൗത്തു വെയിത്സിലുള്ള ന്യൂക്കാസിൽ എന്ന സ്ഥലത്തും ആകുന്നു.

ചെമ്പ് സമൃദ്ധിയായി ഖനനംചെയ്യുന്നത്, ഗ്രേറവ് ഡിവൈഡിംഗ്‌റെയിഞ്ചിലാണു്. നാകം കുഴിച്ചെടുക്കുന്നതു പശ്ചിമ ആസ്ത്രേലിയായിൽനിന്നും ആകുന്നു.

ചോദ്യങ്ങൾ

1. ആസ്ത്രേലിയായിൽ ആടുവളത്തൽ കന്നുകാലിവളർത്തൽ ഇവ വർദ്ധിക്കുവാൻ കാരണമെന്തു്?

2. ആസ്ത്രേലിയായിലെ ലോഹവിളവുകൾ ഏതെല്ലാം? അവ എവിടെ നിന്നു ഖനനം ചെയ്യുന്നു.

അദ്ധ്യായം 3

ആസ്ത്രേലിയായിലെ സസ്യവർഗങ്ങളും ജീവജാലങ്ങളും

ആസ്ത്രേലിയാ ഭൂഖണ്ഡത്തിനു ചുററും ആഴമേറിയ പസഫിക്കുസമുദ്രമുള്ളതുകൊണ്ട്, ഇതരദേശങ്ങളിലെ സസ്യവർഗ്ഗങ്ങളും ജീവജാലങ്ങളും അവിടെ കാണപ്പെടുന്നില്ല.

ആസ്ത്രേലിയായുടെ വടക്കേഭാഗത്തുള്ള കാപ്പ്റേൻേറിയാ ഉൾക്കടൽ സമീപിച്ചുള്ള സ്ഥലങ്ങൾ, കേരളതീരം പോലെയുള്ള, ഒരു മൺസൂൺ പ്രദേശമാണു്. അവിടെ പ്രകൃത്യാ വളരുന്നതു് പന, ചൂരൽ, മുള മുതലായവയാണു്. അവിടത്തെ വനങ്ങളിൽ യൂക്കാലി

റ്റ്സ് മരം ധാരാളമായി വളരുന്നു. അവിടെ വളരുന്ന വേറെ മരങ്ങൾക്കു് കാരി, ജാരാ എന്നിങ്ങനെ പേരുണ്ടു്. അവ നമ്മുടെ തേക്കിനോടു് സാമ്യമുള്ളവയാണു്. റയിൽപ്പാളങ്ങൾക്കിടയിൽ അടുക്കുന്നതിനായിട്ടാണു് അവയെ ഉപയോഗിക്കുന്നതു്.

ഈ മൺസൂൺപ്രദേശങ്ങൾ വെട്ടിത്തെളിച്ചാൽ നമ്മുടെ നാട്ടിൽ കൃഷിചെയ്യുന്ന വാഴ, നെല്ലു്, കരിമ്പു്, തെങ്ങു്, റബ്ബർ, തേയില ഇതൊക്കെ കൃഷി ചെയ്യാവുന്നതാണു്. ബ്രിട്ടീഷ്കാരുടെ നയം, ആസ്ട്രേലിയ വെള്ളക്കാർക്കു് —പ്രത്യേകിച്ചു ബ്രിട്ടീഷ്കാർക്കു്— വേണ്ടി സംവരണം ചെയ്യണമെന്നാണു്. ഈ രാജ്യഭാഗങ്ങളിൽ പ്രവേശിച്ചു് ജോലിചെയ്യുന്നതു് വെള്ളക്കാർക്കു് അസൗകര്യമാകയാൽ ഈ ഭാഗങ്ങൾ ഇപ്പോൾ തരിശായി കിടക്കുകയാണു്.

തീരപ്രദേശങ്ങളിൽനിന്നും ഉള്ളിലേക്കു കടക്കുന്ന അവസരത്തിൽ നാം കാണുന്നതു് വെറും പുൽമേടുകൾ മാത്രമാണു്. ഈ പുൽമേടുകൾ ഭൂഖണ്ഡമദ്ധ്യം സമീപിക്കുമ്പോൾ,വെറും മണല്ക്കാടുകളായിത്തീരുന്നു. അതിവിസ്തൃതമായ ഈ പുൽമേടുകളിലാണു് ആടുമാടുകളെ ഇപ്പോൾ വളത്തിവരുന്നതു്. എന്നാൽ പുൽത്തകിടിപ്രദേശങ്ങൾ വെട്ടിത്തെളിച്ചു് അവിടെ ഗോതമ്പു് കൃഷി ആരംഭിച്ചിട്ടുണ്ടു്. ഗോതമ്പു കൃഷിയോടനുബന്ധിച്ചു് ഓട്സ്, ബാർലി എന്നീ ധാന്യങ്ങളും കൃഷി ചെയ്തുവരുന്നു.

ആസ്ട്രേലിയായുടെ കിഴക്കുപടിഞ്ഞാറെ തീരത്തിൽ, ശീതകാലത്തു മഴയും, വേനല്ക്കാലത്തു മിതമാ

യ ചൂട്ടം അനുഭവപ്പെടുന്നു. ഈ പ്രദേശം യൂറോപ്യൻ കുടിപാർപ്പുകാർക്കു വളരെ ആരോഗ്യപ്രദമാണ്. അവിടെയുണ്ടായിരുന്ന ചെറുവനങ്ങളെയെല്ലാം അവർ വെട്ടിത്തെളിച്ച് മുന്തിരി, ഗോതമ്പ്, ഓറഞ്ച്, നാരകം, ആപ്പിൾ ഇവ കൃഷിചെയ്തുവരുന്നു.

ആസ്ത്രേലിയായിൽ പ്രകൃത്യാ വളന്നിരുന്ന ജീവജാലങ്ങളും പ്രത്യേക ഇനത്തിലുള്ളതാണ്. അവിടുത്തെ വനങ്ങളിൽ ആനയോ, പുലിയോ, കടുവായോ, സിംഹമോ ഉണ്ടായിരുന്നില്ല. കാള, പോത്ത്, ആട്, പട്ടി, കുതിര, കഴുത ഇവയെയൊന്നും ആസ്ത്രേലിയാ ദേശക്കാർ അറിഞ്ഞിരുന്നില്ല

അവിടുത്തെ വിശേഷമൃഗങ്ങളിൽ ഒന്നാണ് കംഗാരു. അത് വാലിൽക്കുത്തി ചാടിച്ചാടിയാണു നടക്കുന്നതു്. അതിൻെറ കുഞ്ഞുങ്ങളെ ചെറുപ്പത്തിൽ വളത്തുന്നതു് ശരീരത്തിലുള്ള ഒരു സഞ്ചിയിലാണ്. വേറൊരു വിശേഷജീവിയാണ് പ്ലാററിപ്പസ്. അതിനു താറാവിനെപ്പോലെയുള്ള ചുണ്ടും കാലുകളുമുണ്ട്. മുട്ടയിട്ടു കുഞ്ഞുങ്ങളെ വിരിക്കുകയും ചെയ്യും. പക്ഷേ ശരീരത്തിൽ തൂവലിൻെറ സ്ഥാനത്തു് രോമങ്ങളാണുള്ളതു്. ഇവിടെയുള്ള വേറൊരു വിചിത്രജീവി "എമു" എന്നു പേരുള്ള ഒരുവക പക്ഷിയാണ്. ഇതിന് 6 അടി ഉയരം വരും. പക്ഷേ ചിറകില്ലാത്തതിനാൽ കുതിരയെപ്പോലെ വേഗത്തിൽ ഓടുകയാണ് അതിൻെറ പ്രകൃതം. മറെറാരു വിചിത്ര സൃഷ്ടിയാണ് ഡിങ്ഗോ. അതു് ഒരുവക കാട്ടുപട്ടിയാണ്. അതിന് കുറുക്കൻെറയും ചെന്നായുടെയും ആകൃതിയും പ്രകൃതിയും ഉണ്ട്.

യൂറോപ്യന്മാർ ആസ്ത്രേലിയായിൽ കുടിപാർപ്പു തുടങ്ങിയതു മുതൽ, അവിടെ ധാരാളം കുതിരകളെയും ആട്ടുമാട്ടുകളെയും ഒട്ടകങ്ങളെയും ഇറക്കുമതിചെയ്തിട്ടുണ്ടു്. നല്ലതീററിയും ആരോഗ്യപ്രദമായ കാലാവസ്ഥയും ഉള്ളതുകൊണ്ടു് അവ ധാരാളം പെററുപെരുകിവരുന്നു. യൂറോപ്യന്മാർ അവിടെ കൗതുകത്തിനായി വളർത്താൻകൊണ്ടുപോയ ഒരു മൃഗമാണു് വെള്ളമുയൽ. അതു് അതിഭയങ്കരമായി വർദ്ധിച്ചതുമൂലം ആടിനു തിന്നാനുള്ള പുൽമേടുകൾ അവ തിന്നുതീർത്തുകളയുന്നു. ഈ ശല്യമൊഴിക്കുന്നതിനുള്ള ഏർപ്പാടുകളാണു് ആസ്ത്രേലിയാക്കാർ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നതു്.

ചോദ്യങ്ങൾ

1. ആസ്ത്രേലിയായിലെ ചില പ്രത്യേക മൃഗങ്ങളുടെ പേരു പറയുക.
2. പുതുതായി കൊണ്ടുവന്നിട്ടുള്ള മൃഗങ്ങൾ ഏവ? അവ വേഗത്തിൽ പെരുകുവാൻ കാരണമെന്തു്?

അദ്ധ്യായം 4

ആസ്ത്രേലിയായിലെ രാഷ്ട്രീയ വിഭാഗങ്ങൾ

ആസ്ത്രേലിയാ ബ്രിട്ടീഷുകാരുടെ ഒരുപനിവേശമാണു്. അതു വളർന്നുവന്നിട്ടുള്ളതു്, ബ്രിട്ടീഷ് ഗവൺമെൻറിൻെറ സംരക്ഷണയിലാണു്. അതിനാൽ ആ ബന്ധം വിടാതെതന്നെ, ആ ഭൂഖണ്ഡം ഉൾഭരണകാര്യങ്ങളിൽ സ്വാതന്ത്ര്യം അനുഭവിച്ചുവരുന്നു. അ

ആസ്ത്രേലിയാ രാഷ്ട്രീയ വിഭാഗങ്ങളും പട്ടണങ്ങളും

ത്തു് ബ്രിട്ടീഷ് കോമൺവെൽത്തു് എന്നറിയപ്പെടുന്ന ഒരു വിപുലസംഘടനയിലെ അംഗമാണു്. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ എല്ലാ അംഗങ്ങളും, പാക്കിസ്ഥാനും ഇൻഡ്യായൂണിയനും ഈ സംഘടനയിലെ അംഗങ്ങളാകുന്നു.

ആസ്ട്രേലിയായുടെ പൊതുഭരണം നടത്തുന്ന ഗവണ്ണർജനറൽ, ആ ഭൂഖണ്ഡത്തിൻെറ തെക്കുകിഴക്കു ഭാഗത്തുള്ള കാൻബാറാ എന്ന മനോഹരനഗരത്തിൽ വസിക്കുന്നു. ന്യൂഡൽഹിയിൽ ഇൻഡ്യൻപ്രസിഡണ്ടും കേന്ദ്ര ഗവൺമെണ്ടും വസിക്കുന്നതുപോലെയാണു്, കാൻബാറാനഗരത്തിൽ ആസ്ട്രേലിയൻ ഗവണ്ണർജനറൽ താമസിച്ചു ഭരണം നടത്തുന്നതു്.

ഈ കേന്ദ്രതലസ്ഥാനമുൾപ്പെടെ എട്ടു് സംസ്ഥാനങ്ങൾ ആസ്ട്രേലിയാ ഭൂഖണ്ഡത്തിലുണ്ടു്. അവയുടെ പേരും തലസ്ഥാനവും താഴെ കൊടുത്തിരിക്കുന്നു.

സംസ്ഥാനങ്ങൾ	തലസ്ഥാനങ്ങൾ
1 വിക്ടോറിയാ	മെൽബോൺ
2 ന്യൂസൗത്തുവെയിത്സ്	സിഡ്നി
3 ക്യാൻബാറാ	ക്യാൻബാറാ
4 ക്വീൻസ്‌ലണ്ടു്	ബ്രിസ്ബെയിൻ
5 ഉത്തര ആസ്ട്രേലിയാ	ഡാർവിൻ
6 പശ്ചിമആസ്ട്രേലിയാ	പേത്ത്
7 ദക്ഷിണആസ്ട്രേലിയാ	അഡിലെയിഡ്
8 ടാസ്മാനിയാ	ഹോബർട്ട്

ആസ്ട്രേലിയായുടെ അഭിവൃദ്ധി വാസ്തവത്തിൽ അത്ഭുതാവഹമാണു്. ഇതിൽ ജനാധിവാസം തുടങ്ങി

യിട്ട് ഒരു ന്യൂറാറാണ്ടേ ആയിട്ടുള്ളൂ. 30 ലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണതയുള്ള ഈ ഭൂഖണ്ഡത്തിൽ ഇപ്പോഠം 60 ലക്ഷം ജനങ്ങഠം മാത്രമേ വസിക്കുന്നുള്ളൂ. എങ്കിലും കൃഷിയിലും, ഖനനത്തിലും ആട്ടമാട്ട വളത്തലിലും അതോടനുബന്ധിച്ച വ്യവസായങ്ങളിലും, വാണിജ്യത്തിലും ആസ്ത്രേലിയാ വളരെ പുരോഗമിച്ചിട്ടുണ്ട്. മേലിൽ ധാരാളം അഭിവൃദ്ധിക്കുള്ള സാദ്ധ്യതകളും അവിടെ നാം കാണുന്നുണ്ട്.

ചോദ്യങ്ങഠം

1. ആസ്ത്രേലിയായുടെ ഭരണരീതി വിവരിക്കുക
2. ആ ഭൂഖണ്ഡത്തിൻെറ അഭിവൃദ്ധിക്കു കാരണം പറയുക.

ന്യൂസിലണ്ട്

കിടപ്പ്

ആസ്ത്രേലിയാഭൂഖണ്ഡത്തിൽനിന്നും ഏകദേശം 1200 മൈൽ തെക്കുകിഴക്കായി വടക്കെ ദ്വീപ് എന്നും തെക്കെ ദ്വീപ് എന്നും രണ്ടു ദ്വീപുകഠം കിടക്കുന്നു. അവയ്ക്കു പൊതുവായ പേരു ന്യൂസിലണ്ട് എന്നാണ്. അവയെ തമ്മിൽ വേർതിരിക്കുന്നതു് കുക്ക ജലസന്ധി ആകുന്നു. ക്യാപ്റ്ററൺ കുക്ക് എന്ന ബ്രിട്ടീഷ്നാവികനാണ് ഈ ജലസന്ധി കണ്ടുപിടിച്ചതു്. അക്കാരണത്താലാണ് അതിനു അദ്ദേഹത്തിൻെറ നാമം കൊടുത്തിട്ടുള്ളതു്.

വടക്കേ ദ്വീപ്
ആക്ലൻഡ്
തെക്കേ ദ്വീപ്
വെല്ലിംഗ്ടൺ
ക്രൈസ്ററ ചർച്ച്
ലിററിൻടൺ
ഡ്യൂനെഡിൻ
ഇൻവർകാഗിൽ

കണ്ടുപിടുത്തവും ഉപനിവേശവും

ആസ്ത്രേലിയാ ഭൂഖണ്ഡം കണ്ടുപിടിച്ച ക്യാപ്റ്റൻ കുക്കുതന്നെയാണു് ന്യൂസിലൻഡും കണ്ടുപിടിച്ചതു്. അദ്ദേഹം ഈ ദ്വീപുകളിൽ വന്ന അവസരത്തിൽ ഇവിടെ വസിച്ചിരുന്നതു് മെയോറികൾ എന്നു പേരായ അവയിലെ ആദിമ നിവാസികളായിരുന്നു. നല്ല കറുത്തും കറുത്തിരുണ്ട തലമുടിയും ഉള്ള ഈ വൎഗ്ഗക്കാർ കിഴങ്ങുവൎഗ്ഗങ്ങൾ കൃഷിചെയ്തും, മീൻപിടിച്ചും, വേട്ടയാടിയും ജീവിച്ചുവന്നിരുന്നു. പഞ്ഞിയോ ആട്ടുരോമമോ കൊണ്ടുള്ള വസ്ത്രനിൎമ്മാണം അവൎക്കു വശമില്ലായിരുന്നു. അവർ ഒരുവക നാരുകൊണ്ടു പരുക്കൻ വസ്ത്രങ്ങളുണ്ടാക്കി നഗ്നതമറയ്ക്കുകയും, തൂവലുകൾ, പല്ലുകൾ, മരപ്പട്ടകൾ ഇവയെ അലങ്കാരത്തിനുവേണ്ടി ധരിക്കയും ചെയ്തിരുന്നു. ഇപ്പോൾ അവരുടെ സംഖ്യ മുക്കാൽ ലക്ഷത്തിലധികം വരികയില്ല. ഈ ദ്വീപുകളിലെ യൂറോപ്യൻ ജനസംഖ്യ 15 ലക്ഷം വരും. അവർ മുഴുവനും ബ്രിട്ടനിൽ നിന്നും ഇവിടെ കുടിയേറിപ്പാൎത്തിട്ടുള്ളവരാണു്. അവർ ഈ ന്യൂസിലൻഡ് ദ്വീപുകളെ ബ്രിട്ടീഷ് ദ്വീപുകളുടെ മാതൃകയിൽ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരികയാണു്. അവിടത്തെ ജീവിതരീതിയും, കാഴ്ചകളും, കാലാവസ്ഥയും മിക്കവാറും ബ്രിട്ടനിലെപ്പോലെ തന്നെയാണു്. സൂൎയ്യപ്രകാശവും ഉഷ്ണവും അല്പം കൂടുതലുണ്ടെന്നൊരു വ്യത്യാസമേയുള്ളു. ആകയാൽ ന്യൂസിലണ്ടിനെപ്പറ്റി "ദക്ഷിണദിക്കിലെ പ്രകാശമുള്ള ബ്രിട്ടൻ" (The Brighter Britain of the South) എന്നു പറ

യാറു പതിവുണ്ടു്. ഇപ്പോറം ന്യൂസിലൻഡ്, ബ്രിട്ടീഷ് കോമൺവെൽത്തു രാജ്യങ്ങളിൽപെട്ട ഒരു സ്വതന്ത്രഘടകമാണു്.

ഭൂപ്രകൃതിയും കാലാവസ്ഥയും. ഉത്തരദ്വീപിൻെറയും ദക്ഷിണദ്വീപിൻെറയും മദ്ധ്യപ്രദേശം മലകറം നിറഞ്ഞതും, കിഴക്കും പടിഞ്ഞാറും ഭാഗങ്ങറം സമതലങ്ങളും ആണു്. ഉത്തരദ്വീപിൽ അഗ്നിപർവ്വതങ്ങളുണ്ടു്. ദക്ഷിണദ്വീപിലെ മലകറക്കാണു് കൂടുതൽ ഉയരം. ദക്ഷിണദ്വീപിൻെറ കിഴക്കുവശത്തു വിസ്തൃതമായ കാൻറർബറി സമതലങ്ങളും ഉത്തരദ്വീപിൻെറ കിഴക്കുവശത്തു അത്രതന്നെ വിസ്തൃതമല്ലാത്ത വെല്ലിങ്ങ്ടൺ സമതലവും കിടക്കുന്നു. ഈ ദ്വീപുകളിൽ പടിഞ്ഞാറുഭാഗത്താണു് കൂടുതൽ മഴ വീഴുന്നതു്. കിഴക്കുഭാഗത്തു് അത്രത്തോളം മഴ വീഴുന്നില്ല. മഴ കൂടുതലുള്ള പടിഞ്ഞാറൻ തീരത്തുള്ള പീഠഭൂമികളിലും സമതലങ്ങളിലും കന്നുകാലിവളത്തലും മഴ കുറവുള്ള കിഴക്കേ തീരത്തെ വിസ്താരമേറിയ സമതലങ്ങളിൽ ആട്ടു വളത്തലും വൻതോതിൽ നടന്നുവരുന്നു.

ജനങ്ങളുടെ തൊഴിലുകറം

1. കന്നുകാലിവളത്തൽ

പടിഞ്ഞാറെ തീരപ്രദേശങ്ങളിൽ കന്നുകാലിവളത്തലിനും ക്ഷീരവ്യവസായത്തിനും വളരെ പ്രചാരമുണ്ടു്. അവിടെ നിലവിലിരിക്കുന്ന സഹകരണസംഘങ്ങറം, ക്ഷീരവ്യവസായം നടത്തുന്നതിനു വേണ്ടി വലിയ യന്ത്രശാലകറം സ്ഥാപിച്ചു് വിജയകരമായി

ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കി വിദേശങ്ങളിൽ വിററഴിച്ച് ലാഭമെടുത്തു വരുന്നു. ഇവയുടെ പ്രവൎത്തനങ്ങളിൽ വല്ല ന്യൂനതയും സംഭവിക്കുന്ന പക്ഷം അതു ദേശാഭിവൃദ്ധിക്കു ഹാനികരമാണെന്നു കണ്ടു്, ഗവണ്മെൻറിൽ നിന്നും അവയെ നിഷ്കർഷയോടെ പരിശോധിച്ചു വരുന്നു. ആവശ്യത്തിൽ കൂടുതൽ ഉള്ള പാൽ കൊടുത്തു അവിടെ പന്നിയെ വളൎത്തിയും ആദായമെടുക്കുന്നുണ്ടു്.

2. ആടുവളൎത്തൽ

ദക്ഷിണദ്വീപിൽ കിടക്കുന്ന കാൻറർബറിസമതലം ആടുവളൎത്തലിൻെറ പ്രധാനകേന്ദ്രമാണു്. "ന്യൂസിലണ്ടിൻെറ മുടിചൂടാത്ത രാജാവ്" ആടാണ് എന്നൊരു ചൊല്ലുണ്ടു്. എവിടെ ചെന്നാലും ധാരാളം ആടിനെ വളൎത്തുന്നതേ കാണാനുള്ളു. ഈ ആടുകളെയെല്ലാം കൊന്നു് അജമാംസം മഞ്ഞിൽ പൊതിഞ്ഞും, കപ്പൽകയററിയും വിററഴിച്ച് അവർ ധാരാളം പണം സമ്പാദിച്ചുവരുന്നു.

3. ധാന്യകൃഷികൾ

ന്യൂസിലണ്ടിലെ നിവാസികൾ പുൽമേടുകൾ വെട്ടിത്തെളിച്ച് ഗോതമ്പു്, ഓട്സ്, ചോളം എന്നീ ധാന്യങ്ങൾ കൃഷിചെയ്തുവരുന്നു. തണുപ്പുകൂടുതലുള്ള കിഴക്കൻ പ്രദേശങ്ങളിൽ ഗോതമ്പും, മഴയും ചൂടും കൂടുതലുള്ള തീരങ്ങളിൽ ഓട്സും, ചോളവും ആണ് കൃഷിചെയ്യുന്നതു്. എന്നാൽ ധാന്യവിളവുകളെക്കാൾ കൂടുതൽ ആദായം ലഭിക്കുന്നതു്, ആടുമാടുവളൎത്തലിൽ നിന്നാകയാൽ, അത്യാവശ്യത്തിനുവേണ്ടി മാത്രമെ ധാന്യവൎഗ്ഗങ്ങൾ കൃഷിചെയ്യാറുള്ളു.

2019

ഫലവൎഗ്ഗകൃഷി

ഉത്തരദ്വീപിന്റെ വടക്കുഭാഗത്തു കിടക്കുന്ന ഓക്ക്ലണ്ട് എന്ന അൎദ്ധദ്വീപിൽ ഫലവൎഗ്ഗങ്ങൾ ധാരാളം വിളയുന്നുണ്ട്. ആപ്പിൾ, ഓറഞ്ച്, ചെറുനാരങ്ങാ, പീച്ച്, ആപ്രിക്കോട്ട്, മുന്തിരിങ്ങാ മുതലായ ഫലവൎഗ്ഗങ്ങൾ മനുഷ്യൎക്ക് അത്യന്തം ആരോഗ്യകരമായ ഭക്ഷ്യപദാൎത്ഥങ്ങളാണ്. ആകയാൽ അവ നട്ടു വളൎത്തുക വടക്കേ ദ്വീപിലെ ജനങ്ങളുടെ ആദായകരമായ ഒരു തൊഴിലാണ്. ആവശ്യത്തിൽ കൂടുതലുള്ള ഫലവൎഗ്ഗങ്ങൾ പ്രത്യേകം തയ്യാർ ചെയ്തു തകരപ്പാത്രങ്ങളിൽ അടച്ചു കയററുമതി ചെയ്യുന്നു.

4. തടിവെട്ട്

ഉത്തരദ്വീപിന്റെ വടക്കുഭാഗത്തു കൌറിപൈൻ എന്നു പേരായ ഒരുതരം വൃക്ഷങ്ങൾ വളരുന്നു. അവയിൽനിന്നും എടുക്കുന്ന ഒരുവക പശ വാൎണീഷുണ്ടാക്കുന്നതിനുപകരിക്കുന്നു. ദക്ഷിണദ്വീപിന്റെ പടിഞ്ഞാറുവശത്തു സമൃദ്ധിയായി വളരുന്ന ബീച്ചുവൃക്ഷങ്ങളുടെ തടി ഗൃഹനിൎമ്മാണത്തിനും ഉപകരണങ്ങളുണ്ടാക്കുന്നതിനും ഉപകരിക്കുന്നു.

പട്ടണങ്ങളും വാണിജ്യവും

മേൽ പ്രസ്താവിച്ച കാൎയ്യങ്ങളിൽനിന്നും ന്യൂസിലണ്ടിലെ കയററുമതികൾ എന്തെല്ലാമാണെന്നു നമുക്കൂഹിക്കാം. അവ അജമാംസം, ക്ഷീരോല്പന്നങ്ങൾ, ആട്ടുരോമം, ഫലവൎഗ്ഗങ്ങൾ, തടി എന്നിവയാണു്. അവയെ അതതുല്പന്നങ്ങൾക്ക് സമീപമുള്ള തുറമുഖങ്ങളിൽനിന്നും കയററുമതി ചെയ്യുകയും വേണമല്ലോ

വടക്കെദ്വീപിലെ തുറമുഖങ്ങൾ പോർട്ട്നിക്കൽസൺ (വെല്ലിങ്ങ്ടൺ) ഓക്ക്ലണ്ട് ഇവയും തെക്കെ ദ്വീപിലെ തുറമുഖങ്ങൾ ഡ്യൂനെഡിൻ, ക്രൈസ്റ്റ്ചർച്ച് എന്നിവയും ആകുന്നു.

ന്യൂസിലണ്ടിൽ വൻതോതിലുള്ള വ്യവസായങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല. ആട്ടവളർത്തൽ, കന്നുകാലിവളർത്തൽ എന്നിവയോട് സംബന്ധപ്പെട്ട ചുരുക്കം ചില വ്യവസായങ്ങളെ നടപ്പായിട്ടുള്ളു. അപൂർവ്വമായി സ്വർണ്ണം, കല്ക്കരി, വെള്ളി ഇവ ഖനനം ചെയ്യപ്പെടുന്നുണ്ട്.

മേൽപ്പറഞ്ഞ തുറമുഖങ്ങളിൽ കൂടി അവ പ്രധാനമായി ബ്രിട്ടനിലേക്ക് കയററി അയക്കപ്പെടുന്നു. അതിനു പകരമായി ന്യൂസിലണ്ടിലേക്കു ഇറക്കുമതി ചെയ്യുന്നതു് ജവുളിസാമാനങ്ങൾ, ഇരുമ്പുസാമാനങ്ങൾ, മോട്ടോർ കാർ, യന്ത്രസാമഗ്രികൾ, സ്റ്റേഷനറിസാമാനങ്ങൾ എന്നിവയാണ്.

തലസ്ഥാനം വെല്ലിങ്ങ്ടൻപട്ടണമാകുന്നു.

ചോദ്യങ്ങൾ

1. ന്യൂസിലണ്ടിലെ ഭൂപ്രകൃതി, കാലാവസ്ഥ ഇവയെ വിവരിക്കുക.

2. ഇവിടത്തെ ജനങ്ങളുടെ തൊഴിലുകളെ വിവരിക്കുക.

3. ന്യൂസിലണ്ടിലെ തുറമുഖങ്ങളേവ? അവയിൽ നിന്നും കയററുമതി ചെയ്യുന്ന സാധനങ്ങളേവ?

2019

MUNAVIRUL ISLAM HIGH SCHOOL, ERNAKULAM. Date..........

2019

2019

ISLAM HIGH SCHOOL
Date
ERNAKULAM